لَآاِلٰہَ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

എല്ലാ എതിരാളികളേയും മുന്നിൽവരാൻ നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി–**

**– ശർറസ്സുമൂമി അദാവത്തുസ്സ്വുലഹാഇമ**

വിശുദ്ധഖുർആന്റേയും ഹദീഥുകളുടേയും കഴിഞ്ഞുകടന്ന ഏടുകളുടേയും പ്രവചനങ്ങളനുസരിച്ച് അല്ലാഹു സയ്യിദുനാ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ കൂരിരുട്ടിന്റേയും അവിശ്വാസത്തിന്റേയും വഴികേടിന്റേയും കാലമായിരുന്ന 16-ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ ഇമാം മഹ്ദിയും വാഗ്ദത്ത മസീഹുമായി നിയോഗിച്ചയച്ചു. അവിടത്തെ മഹത്തായ ദൗത്യം വിശുദ്ധഖുർആൻ ഈ വാക്കുകളിൽ വിവരിച്ചിരുന്നു. *ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹി* (61:10) ലോകത്തിലെ സർവമതങ്ങളുടേയുംമേൽ ഇസ്ലാമിനെ വിജയിപ്പിക്കുക എന്നതാണ്. അവിടത്തെ മഹത്തായ ദൗത്യം നബി(സ) തിരുമേനി ഈ വാക്കുകളിലാണ് വിവരിച്ചത്: *ലൗ കാനൽ ഈമാനു യിൻദഥ്ഥുറയ്യാ ലനാ ലഹു രിജാലുൻ മിൻ ഹാഉലാഇ.* (ബുഖാരി കിതാബുത്തഫ്സീർ സൂറ ജുമുഅ) അതായത് ഈമാൻ അഥവാ സത്യവിശ്വാസം ഭൂമിയിൽനിന്ന് ഉയർന്ന് കാർത്തികനക്ഷത്രംവരെ പോയാലും ഇവരിൽനിന്ന് കുറച്ചാളുകൾ അതിനെ ഭൂമിയിൽ താഴ്ത്തിക്കൊണ്ടുവരുന്നതാണ്. ഒരു നിവേദനത്തിൽ റജുലുൻ എന്ന പദവും വന്നിട്ടുണ്ട്. അതായത് ഒരു മഹാനായ മനുഷ്യൻ; മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും അതിനെ ഭൂമിയിൽ കൊണ്ടുവന്ന് സ്ഥാപിക്കുമെന്ന് വിവക്ഷിതം!

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇസ്ലാമികമായ വിശ്വാസാദർശങ്ങൾ അഭിപ്രായഭിന്നതകൾകൊണ്ട് നിറഞ്ഞിരുന്ന കാലത്താണ് ഞാൻ വെളിപ്പെട്ടിട്ടുള്ളത്. ഒരു വിശ്വാസവും അഭിപ്രായഭിന്നതകളിൽനിന്ന് മുക്തമായിരുന്നില്ല. ഞാൻ സത്യവാനാണെന്നതിന് മറ്റെന്തെങ്കിലും തെളിവ് പറയേണ്ട കാര്യമൊന്നും എനിക്കില്ലായിരുന്നു. കാരണം ആവശ്യകത തന്നെ തെളിവാണ്.' (ളരൂരത്തുൽ ഇമാം, റൂഹാനീ ഖസാഇൻ, വാള്യം 13, പേജ് 495)

അവിടന്ന് പറഞ്ഞു: 'അല്ലാഹു ഇക്കാലത്തെ അന്ധകാരനിബിഢവും ലോകം അശ്രദ്ധയിലും അവിശ്വാസത്തിലും അന്യാരാധനയിലും മുങ്ങികിടക്കുന്നതും സത്യവിശ്വാസവും സത്യസന്ധതയും ദൈവഭക്തിയും സന്മാർഗവും മങ്ങിപ്പോകുന്നതും കണ്ട് എന്നെ നിയോഗിച്ചയച്ചു; ലോകത്ത് വൈജ്ഞാനികവും കർമപരവും ധാർമികവും വിശ്വാസപരവുമായ സത്യം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി!' (ആയിനായെ കമാലാത്തെ ഇസ്ലാം, റൂഹാനീഖസാഇൻ, വാള്യം 5, പേജ് 251)

അവിടന്ന് പറഞ്ഞു: 'ഭൂവാസികളായ എല്ലാവർക്കുംവേണ്ടി ഞാൻ അയക്കപ്പെട്ടിരിക്കുന്നു; ഏഷ്യക്കാരായാലും, വേണ്ടില്ല, യൂറോപ്യൻകാർ ആയാലും വേണ്ടില്ല അമേരിക്കക്കാരായാലും വേണ്ടില്ല.' (തിർയാഖുൽ ഖുലൂബ്, റൂഹാനീഖസാഇൻ, വാള്യം 15, പേജ് 515)

അവിടന്ന് പറയുന്നു: 'നിങ്ങൾ സത്യവിശ്വാസമുള്ളവരാണെങ്കിൽ നന്ദി പ്രകടിപ്പിക്കുവിൻ! എന്തെന്നാൽ, നിങ്ങളുടെ ആദരണീയരായ ആ പൂർവപിതാക്കൾ ഏതൊരു നാളിനെ ആകാംക്ഷപൂർവ്വം കാത്തുകാത്തിരുന്നശേഷം അപ്രത്യക്ഷരായോ, എണ്ണമറ്റ ആത്മാക്കൾ ആ സന്തോഷദിനങ്ങളുടെ മധുരസ്മരണകളോടെ ഈ ലോകത്തുനിന്ന് യാത്ര പറഞ്ഞുവോ ആ കാലമിതാ നിങ്ങൾ കണ്ടെത്തിയിരിക്കുന്നു. ഇനി അതിനു വിലമതിക്കുകയോ വിലമതിക്കാതിരിക്കുകയോ ചെയ്യുന്നത് നിങ്ങളുടെ ഇഷ്ടം. എന്നാൽ, ദീനിനെ പുതിയ രൂപത്തിൽ ഹൃദയങ്ങളിൽ പുനഃപ്രതിഷ്ഠിക്കുന്നതിനുവേണ്ടി ഞാനിത് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കും. മനുഷ്യരെ നന്മയിലേക്ക് നയിക്കുവാൻ തക്കസമയത്ത് അയക്കപ്പെട്ടിട്ടുള്ളവൻ ഞാൻ തന്നെയാകുന്നു എന്ന സത്യം പ്രഖ്യാപിക്കുന്നതു നിറുത്തിവെക്കുവാൻ എനിക്കാവുകയില്ല.' (ഫത്ഹെ ഇസ്ലാം, റൂഹാനീഖസാഇൻ, വാള്യം 3, പേജ് 8)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇസ്ലാമിന്റെ വിജയദൗത്യസമ്പൂർത്തീകരണത്തിനുവേണ്ടി ദൈവസന്നിധിയിൽ എത്രത്തോളം ദുആകൾ ചെയ്യുകയും വിലപിക്കുകയും ചെയ്തുവെന്നാൽ, അതിന്റെ ഉദാഹരണം നബി(സ)തിരുമേനിയിലല്ലാതെ മറ്റൊരു നബിയിലും കാണുകയില്ല. അതിനോടൊപ്പം അവിടന്ന് ലേഖനമെഴുതി, പ്രസംഗങ്ങൾ നടത്തി, വാദപ്രതിവാദങ്ങളും സംവാദങ്ങളും നടത്തി, ആയിരക്കണക്കിന് നോട്ടീസുകൾ പ്രസിദ്ധീകരിച്ചു, എൺപതിലധികം ഗ്രന്ഥങ്ങളെഴുതി. അവിടന്ന് തന്റെ ഗ്രന്ഥങ്ങളിലും വിജ്ഞാപനങ്ങളിലും ഇസ്ലാമിന്റേയും ഇസ്ലാംമത സ്ഥാപകരായ മുഹമ്മദ് മുസ്തഫാ(സ)യുടേയും വിശുദ്ധഖുർആന്റെയും തന്റെ സ്വന്തം സത്യസാക്ഷ്യത്തിനുള്ള തെളിവിനായും ഇനാം പ്രഖ്യാപിച്ചുകൊണ്ട് നിരവധി വെല്ലുവിളികൾ നടത്തുകയുണ്ടായി. ഞാൻ ഇവിടെ അവിടത്തെ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളികളെ കുറിച്ചാണ് പ്രതിപാദിക്കുന്നത്.

1864 മുതൽ 1867 വരെ ഹദ്റത്ത് മസീഹ് മൗഊദ്(അ) മനമില്ലാമനസ്സോടെ സിയാൽക്കോട്ടിൽ ജോലി ചെയ്തു. ഇവിടെ നിന്നാണ് അവിടത്തെ പ്രബോധനപരമായ നടപടികൾ തുടക്കം കുറിക്കുന്നത്. മസീഹി പാതിരിമാർ മുസ്ലിം ഉലമാഇനെ പരാജയത്തിനുമേൽ പരാജയം നല്കി. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുമ്പിൽ അവരുടെ ഒരു പണിയും നടന്നില്ല. സിയാൽക്കോട്ടിന്റെ മതാന്തരീക്ഷത്തെ അവിടന്ന് വലയം ചെയ്തുനിന്നു. ഒരു പേരുകേട്ട പാതിരി ബട്ട്ലർ അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു. അവിടത്തെ കാര്യങ്ങൾ കേൾക്കാൻ മിക്കപ്പോഴും അദ്ദേഹത്തിന്റെയടുക്കൽ വരാറുണ്ടായിരുന്നു. ചില പക്ഷപാതികൾ അദ്ദേഹത്തെ തടയാൻ നോക്കി. പക്ഷേ, പാതിരി അവർക്ക് മറുപടി നല്കി. "ഇദ്ദേഹം ഒരു മഹാനായ മനുഷ്യനാണ്. ഇദ്ദേഹത്തിന് തുല്യനായി ആരുമില്ല. നിങ്ങൾ ഇദ്ദേഹത്തെ മനസ്സിലാക്കുന്നില്ല. ഞാൻ ഇദ്ദേഹത്തെ നല്ലവണ്ണം മനസ്സിലാക്കുന്നു." (താരീഖെ അഹ്മദിയ്യത്ത്, വാള്യം 1, പേജ് 93, 2009 ഖാദിയാൻ പതിപ്പ്)

1872-ൽ അവിടന്ന്(അ) തൂലികാ ജിഹാദിന് തുടക്കം കുറിച്ചു. ബാംഗ്ലൂരിൽനിന്ന് പത്ത് ദിവസത്തിൽ ഒരിക്കൽ പ്രസിദ്ധീകരിക്കുന്ന 'മൻശൂറെ മുഹമ്മദി'യിൽ 1872 ആഗസ്ത് 25ന് അദ്ദേഹത്തിന്റെ ആദ്യ ലേഖനം പ്രസിദ്ധീകരിച്ചു.'സകല മതങ്ങളുടേയുംമേൽ ഇസ്ലാമിന്റെ ശ്രേഷ്ഠതയുടേയും ഉന്നതിയുടേയും വിളംബരം' എന്നതായിരുന്നു വിഷയം.

അവിടന്ന് എഴുതി: 'സത്യസന്ധതയാണ് എല്ലാ മതങ്ങളുടേയും അടിസ്ഥാനം. സത്യസന്ധതയ്ക്ക് ഒരു മതം നല്കുന്ന പ്രാധാന്യവും ഊക്കും നോക്കിയാണ് അതിന്റെ യഥാർഥമായ മൂല്യം നിർണയിക്കേണ്ടത്. ഇസ്ലാം സത്യത്തിനു നല്കുന്ന സ്ഥാനവും ബലവും മറ്റൊരു മതവും നല്കുന്നില്ലെന്ന് കാൽനൂറ്റാണ്ടു കാലത്തെ ഗവേഷണങ്ങളിൽനിന്ന് തനിയ്ക്കും ബോധ്യം വന്നിരിക്കുന്നു. സത്യത്തെ കുറിച്ച് ഇസ്ലാംമത ഗ്രന്ഥങ്ങളിൽനിന്ന് താൻ എടുത്തുകാണിക്കുന്നതിലധികമോ അത്രയെങ്കിലുമോ അതിൽ പകുതിയോ മൂന്നിലൊന്നോ ഉൽബോധനങ്ങൾ സ്വമത ഗ്രന്ഥങ്ങളിൽനിന്ന് ഉദ്ധരിച്ചു കാണിക്കുന്ന ഏതൊരു വിമതസ്ഥനും 500 രൂപ ഇനാം നല്കുന്നതായിരിക്കും.'(താരീഖെ അഹ്മദിയ്യത്ത് വാള്യം 1, പേജ് 118)

ആത്മാക്കൾ അനന്തമാണെന്നും പരമേശ്വരനുപോലും അവയുടെ എണ്ണം അറിഞ്ഞുകൂടെന്നും അതുകൊണ്ടാണ് എപ്പോഴും മുക്തി പ്രാപിച്ചുകൊണ്ടിരിക്കുന്നതെന്നും പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുമെന്നും അത്അവസാനിച്ചുപോകുകയില്ലെന്നും സൂചിപ്പിച്ച് ആര്യസമാജ സ്ഥാപകൻ 'വക്കീൽ ഹിന്ദുസ്താൻ' പത്രത്തിലും മറ്റു പത്രങ്ങളിലും തങ്ങളുടെ വിശ്വാസം പ്രസിദ്ധീകരിച്ചു. അതൊരു ദൈവദൂഷണമായി കരുതിയ ഹദ്റത്ത് അഹ്മദ്(അ)അമൃതസറിലെ 'സഫീറെ ഹിന്ദ്' പത്രത്തിൽ ഒരു ലേഖന പരമ്പര മുഖേന അതിനു മറുപടി നല്കി. മേൽതത്ത്വം ശരിയാണെന്ന് പ്രമാണസഹിതം സ്ഥാപിക്കുവാൻ അദ്ദേഹം ആര്യസമാജ പണ്ഡിതന്മാരെ ആഹ്വാനം ചെയ്യുകയും അങ്ങനെ സ്ഥാപിക്കുന്നവർക്ക് 500 രൂപ ഇനാം നല്കുന്നതാണെന്ന് പ്രഖ്യാപിക്കുകയുമുണ്ടായി. ഹദ്റത്ത് അഹ്മദ്(അ) ഉന്നയിച്ച ന്യായയുക്തികളുടെ അഖണ്ഡതനിമിത്തം ആര്യസമാജത്തിന്റെ പഞ്ചാബ് കേന്ദ്ര കമ്മിറ്റി സെക്രട്ടറി ലാല ജീവൻ ദാസ്(ലാഹോർ)ഒരു പ്രസ്താവന പുറപ്പെടുവിക്കാൻ നിർബന്ധിതനായി. അതിൽ അദ്ദേഹം പറഞ്ഞത്, ആത്മാക്കൾ അനന്തമാണെന്ന സിദ്ധാന്തം ആര്യസമാജത്തിന്റെ പാഠങ്ങളിൽപ്പെട്ടതല്ലെന്നായിരുന്നു! ആര്യ സമാജികൾ സ്വാമി ദയാനന്ദനെ അന്ധമായി അനുകൂലിക്കുന്നവരല്ലെന്നും സ്വാമിജി പറഞ്ഞതെല്ലാം യുക്തിവിചാരം കൂടാതെ വിശ്വസിക്കുവാൻ തങ്ങൾ തയ്യാറില്ലെന്നുംകൂടി പണ്ഡിറ്റ് ജീവൻദാസ് വ്യക്തമാക്കി.'(താരീഖെ അഹ്മദിയ്യത്ത് വാള്യം 1 പേജ് 153)

1880 മുതൽ 1884 വരെ ബറാഹീനെ അഹ്മദിയ്യ നാലു വാള്യം ഹദ്റത്ത് അഹ്മദ്(അ) പ്രസിദ്ധീകരിച്ചു. ഇത് ഹദ്റത്ത് അഹ്മദ്(അ)ന്റെ ആദ്യത്തേതും വിശ്വവിഖ്യാതവുമായ ഗ്രന്ഥമാണ്. ക്രിസ്ത്യാനികളും ആര്യസമാജക്കാരും ബ്രഹ്മസമാജക്കരും അങ്ങേയറ്റം സംഘടിതമായി ഇസ്ലാമിനുമേൽ ആക്രമണം നടത്തിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. ഇസ്ലാം അവരുടെ ആക്രമണത്താൽ തികച്ചും ബലഹീനമായിത്തീർന്നിരുന്നു. ബറാഹീനെ അഹ്മദിയ്യ പ്രസിദ്ധീകരിക്കപ്പെട്ട് പൊതുജന മധ്യത്തിൽ വന്നതോടെ മുസ്ലിമീങ്ങളിൽ ജീവൻ വീണു. അവിടന്ന് സകല മതങ്ങൾക്കുമെതിരിൽ ഇസ്ലാമിന്റെ സത്യം സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ഈ ഗ്രന്ഥം എഴുതിയത്. 300 സുദൃഢവും ശക്തവുമായ തെളിവുകൾകൊണ്ട് അതിനെ അലങ്കരിക്കുകയും ചെയ്തു. ആരെങ്കിലും ഇതിലെ തെളിവുകളെ ഖണ്ഡിച്ചു കാണിച്ചാൽ, പകുതി കാണിച്ചാലും വേണ്ടില്ല, അഞ്ചിലൊന്നു തെളിവുകൾ കൊണ്ടുവന്നാലും വേണ്ടില്ല അയാൾക്ക് 10000 രൂപ ഇനാം നല്കുന്നതായിരിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് വെല്ലുവിളിച്ചു.

ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചുവന്നതോടെ മുസ്ലിമീങ്ങൾ സന്തോഷിക്കാൻ തുടങ്ങി.

ശേഷം പേജ് 17 ൽ

ബദ്ർ ആഴ്ചപ്പതിപ്പ് "മസീഹ് മൗഊദ് സ്പെഷ്ൽ പതിപ്പ്"

**വിഷയങ്ങൾ** പേജ് നമ്പർ


| | വിഷയങ്ങൾ | പേജ് നമ്പർ |
|---|---|---|
| ❁ | പത്രാധിപക്കുറിപ്പും വിഷയവിവരങ്ങളും | 1 |
| ❁ | വിശുദ്ധഖുർആന്റെ ഉപദേശനിർദ്ദേശങ്ങൾ | 2 |
| ❁ | ലാഹോർ സർവമത സമ്മേളനത്തിന്റെ ഈമാൻ ദൃഢീകരിക്കുന്ന നേർകാഴ്ച | 3 |
| ❁ | ജൻഗെ മുഖദ്ദസ് (വിശുദ്ധയുദ്ധം) | 8 |
| ❁ | ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം ശത്രുക്കളുടെ നാശത്തിന്റെ വെളിച്ചത്തിൽ | 14 |

**എന്നെ എഴുന്നേല്പിച്ചവനാരോ തന്നെപറ്റി കളവുകൾ കറ്റുകെട്ടി പറയുന്നവന്റെമേൽ ഏതൊരുവൻ ശാപങ്ങൾ ചൊരിയുമോ അവനെ സാക്ഷിനിറുത്തുക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു, അവൻ തന്നെയാണ് എന്നെ വാഗ്ദത്ത മസീഹായി നിയോഗിച്ചയച്ചിട്ടുള്ളത്. എനിക്ക് ഇറങ്ങിക്കൊണ്ടിരിക്കുന്ന വിശുദ്ധങ്ങളായ വെളിപാടുകൾ മൂസാനബിയ്ക്കും ഈസാനബിയ്ക്കും നബി മുഹമ്മദ് മുസ്തഫാ(സ)തിരുമേനിക്കും തന്റെ വചനമിറക്കിയ അതേ അല്ലാഹുവിന്റെ വചനം തന്നെയാണെന്ന് വിശുദ്ധ കഅ്ബയിലെ പരിപവിത്രമായ തിരുസ്ഥാനങ്ങളിൽ നിന്നുകൊണ്ട് അല്ലാഹുവിനെ ആണയിട്ട് പ്രഖ്യാപിക്കുവാൻ എനിക്ക് ഒരു വിരോധവുമില്ല.**

## വിശുദ്ധ ഖുർആന്റെ കല്പന

❁ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○ (الفاتحہ:7،6)

നീ ഞങ്ങളെ നേരായമാർഗത്തിൽ നയിക്കേണമേ; നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. കോപത്തിന് പാത്രമായവരുടേയോ വഴിപിഴച്ചവരുടേയോ മാർഗത്തിലല്ല.(ഫാത്തിഹ:6,7)

❁ وَاِذۡ اَخَذَ اللّٰهُ مِيۡثَاقَ النَّبِيّٖنَ لَمَاۤ اٰتَيۡتُكُمۡ مِّنۡ كِتٰبٍ وَّحِكۡمَةٍ ثُمَّ جَآءَكُمۡ رَسُوۡلٌ مُّصَدِّقٌ لِّمَا مَعَكُمۡ لَتُؤۡمِنُنَّ بِهٖ وَلَتَنۡصُرُنَّهٗ ؕ قَالَ ءَاَقۡرَرۡتُمۡ وَاَخَذۡتُمۡ عَلٰى ذٰلِكُمۡ اِصۡرِىۡ ؕ قَالُوۡۤا اَقۡرَرۡنَا ؕ قَالَ فَاشۡهَدُوۡا وَاَنَا مَعَكُمۡ مِّنَ الشّٰهِدِيۡنَ (آل عمران:82)

അല്ലാഹു പ്രവാചകന്മാരുടെ കരാർ വാങ്ങിയ അവസരം ഓർക്കുക. ഞാൻ നിങ്ങൾക്ക് വല്ല ഗ്രന്ഥവും ജ്ഞാനവും നല്കിയിട്ട് പിന്നെ നിങ്ങളുടെ കൂടെയുള്ളതിനെ(സന്ദേശത്തെ)സത്യപ്പെടുത്തുന്ന ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ്. (എന്നിട്ട് അവൻ ചോദിച്ചു:)നിങ്ങൾ സമ്മതിക്കുകയും എന്റെ കരാറിനെ ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറഞ്ഞു:'ഞങ്ങൾ സമ്മതിച്ചിരിക്കുന്നു.' അല്ലാഹു പറഞ്ഞു, 'നിങ്ങൾ സാക്ഷ്യം വഹിക്കുവിൻ;നിങ്ങളോടൊപ്പം ഞാനും സാക്ഷികളിൽപ്പെട്ടവനാണ്.'(3:82)

❁ وَمَنۡ يُّطِعِ اللّٰهَ وَالرَّسُوۡلَ فَاُولٰٓئِكَ مَعَ الَّذِيۡنَ اَنۡعَمَ اللّٰهُ عَلَيۡهِمۡ مِّنَ النَّبِيّٖنَ وَالصِّدِّيۡقِيۡنَ وَالشُّهَدَآءِ وَالصّٰلِحِيۡنَ ۚ وَحَسُنَ اُولٰٓئِكَ رَفِيۡقًا ؕ (النساء:70)

വല്ലവരും അല്ലാഹുവിനേയും ഈ ദൈവദൂതനേയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സത്യാത്മാക്കൾ, സദ്വൃത്തന്മാർ, രക്തസാക്ഷികൾ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രെ അവർ(4:70)

## നബി(സ)തിരുമേനിയുടെ ഉപദേശം

❁ عَنۡ اَبِىۡ هُرَيۡرَةَ رَضِىَ اللّٰهُ عَنۡهُ عَنِ النَّبِيِّ صَلَّى اللّٰهُ عَلَيۡهِ وَسَلَّمَ قَالَ : لَا تَقُوۡمُ السَّاعَةُ حَتّٰى يَنۡزِلَ عِيۡسَى بۡنُ مَرۡيَمَ حَكَمًا مُقۡسِطًا وَاِمَامًا عَدۡلًا فَيَكۡسِرُ الصَّلِيۡبَ وَيَقۡتُلُ الۡخِنۡزِيۡرَ وَيَضَعُ الۡجِزۡيَةَ وَيَفِيۡضُ الۡمَالَ حَتّٰى لَا يَقۡبَلَهٗ اَحَدٌ۔

(سنن ابن ماجہ کتاب الفتن باب فتنۃ الدجال وخروج عیسی بن مریم وخروج یاجوج وماجوج)

ഹദ്റത്ത് അബൂഹുറയ്(റ)വിവരിക്കുന്നു: നബി(സ)തിരുമേനി പറഞ്ഞു, 'നീതിമാനായ വിധികർത്താവായി ഈസബ്നുമർയം വരാത്തിടത്തോളം ഖിയാമത്തു വരികയില്ല. (അദ്ദേഹം നിയമിതനാകുമ്പോൾ) അദ്ദേഹം കുരിശിനെ മുറിക്കും. പന്നിയെ കൊല്ലും. ജിസ്യ സമ്പ്രദായം നിറുത്തൽ ചെയ്യും. അദ്ദേഹം ധനം വിതരണം ചെയ്യും; പക്ഷേ, ജനങ്ങൾ സ്വീകരിക്കാൻ തയ്യാറാകുകയില്ല. (സുനൻ ഇബ്നുമാജ, കിതാബുൽഫിത്ൻ, ബാബുഫിത്നത്തുദജ്ജാൽ, ഖുറൂജ് ഈസബ്നുമർയം വ ഖുറൂജ് യഅ്ജൂജ് വ മഅ്ജൂജ്)

❁ عَنۡ حُذَيۡفَةَ بۡنِ يَمَانٍ قَالَ: قَالَ رَسُوۡلُ اللّٰهِ صَلَّى اللّٰهُ عَلَيۡهِ وَسَلَّمَ : اِذَا مَضَتۡ اَلۡفٌ وَمِائَتَانِ وَاَرۡبَعُوۡنَ سَنَةً يَبۡعَثُ اللّٰهُ الۡمَهۡدِيَّ۔

(النجم الثاقب،جلد2صفحہ209)

ഹദ്റത്ത് ഹുദയ്ഫ(റ)വിവരിക്കുന്നു: നബി(സ)തിരുമേനി പറഞ്ഞു, "1240 വർഷം കഴിഞ്ഞാൽ അല്ലാഹു മഹ്ദിയെ നിയോഗിക്കുന്നതായിരിക്കും." (അന്നജമുഥ്ഥാഖിബ്, വാല്യം 2, പേജ് 209)

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശനിർദേശങ്ങൾ

"നബി(സ)തിരുമേനിക്കുശേഷം സ്വതന്ത്രമായ ശരീഅത്തോടുകൂടിയ ഒരു നബിക്കും ലോകാവസാനംവരെ വരാനാവില്ല എന്നതാണ് രണ്ടും തമ്മിലുള്ള വ്യത്യാസം. അപ്പോലെതന്നെ നബിയുടെ മധ്യസ്ഥ്യം മുഖേനയല്ലാതെ അയാൾ സ്വർഗത്തിൽ മുഹമ്മദ് എന്നും അഹ്മദ് എന്നും അറിയപ്പെടുമാറ് തന്റെ മുഴവൻ വ്യക്തിത്വവും നബി(സ)തിരുമേനിയിൽ ലയിച്ചട്ടല്ലാതെ(ഫനാഫിർറസൂൽ) ആർക്കുംതന്നെ നബിത്വ പദവി ആർജിക്കാനാവുകയില്ല. ഈ ഉപാദികൾ പൂർത്തിയാക്കിയിട്ടില്ലാത്ത നിലയിൽ നബിത്വംവാദിക്കുന്ന ആൾ കാഫിർ (അവശ്വാസി)ആണ്. ഖാത്തമുന്നബിയ്യീൻ (പ്രവാചകന്മാരുടെ മുദ്ര) എന്ന ശബ്ദത്തിന്റെ അർഥം ആവശ്യപ്പെടുന്നത് നബി(സ)തിരുമേനിയിൽനിന്നുള്ള വ്യത്യാസത്തിന്റെ സകല അടയാളങ്ങളും അപ്രത്യക്ഷമാക്കണമെന്നാണ്. അതിന്റെ നേരിയ ഒരു മറപോലും അവശേഷിച്ചിരിക്കെ (പ്രവാചകൻ)ആണെന്ന് വാദിക്കുന്ന ഏതൊരാളും ഖത്തമുന്നബിയ്യീൻ (പ്രവാചകന്മാരുടെ മുദ്ര)എന്നശബ്ദം സൂചിപ്പിക്കുന്ന ആ സീല് പൊട്ടിക്കുന്ന ആളായി മുദ്രയടിക്കപ്പെടും. എന്നാൽ, പരിപൂർണമായ ഐക്യത്തിന്റെ ഫലമായി തന്റെ മുഴുവൻ ഉൺമയും പ്രവാചകന്റേതിൽ ലയിപ്പിച്ചില്ലാതാക്കുകയും വ്യത്യസ്തയുടെ അതി സൂക്ഷ്മമായ അടയാളംപോലും തുടച്ചുനീക്കുകയും ഒരു കറയറ്റ ദർപണമെന്നോണം നബി(സ)തിരുമേനിയുടെ സകല സൗന്ദര്യങ്ങളും തന്നിൽ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നതാരോ അയാൾ നബി(പ്രവാചകൻ)എന്ന് വിളിക്കപ്പെടും. അയാൾ മുഹമ്മദിന്റെ ഒരു പ്രതിബിംബവും അവിടത്തെ മറ്റൊരു രൂപവും ആയിരിക്കുന്നതിനാൽ പ്രവാചകന്റെ സീൽ പൊട്ടിക്കുമാറില്ല താനും. ആകയാൽ മുഹമ്മദ് എന്നും അഹ്മദ് എന്നും വിളിക്കപ്പെടാൻ അർഹതനേടുന്ന ആളുടെ ഭാഗത്തുനിന്നുള്ള പ്രവാചകവാദം ഖാത്തമുന്നബിയ്യീൻ (പ്രവാചകന്മാരുടെ മുദ്ര)എന്നുള്ള നബി()തിരുമേനിയുടെ പദവിയ്ക്കോ അന്തസിനോ സ്ഥാനത്തിനോ ഒരു വിധത്തിലും പൊരുത്തക്കേടുള്ളതല്ല. എന്തുകൊണ്ടെന്നാൽ സമ്പൂർണമായ ആത്മസംതൃപ്തിയിലൂടെ അയാൾ മുഹമ്മദ് നബി(സ)ന്റെ പ്രതിരൂപവും നിഴലും ആയിത്തീരുകയും അദ്ദേഹത്തന്റെ നാമംപോലും ആർജിക്കുകയും ചെയ്യുന്നു. എന്നാൽ, ഈസാമസീഹിന് പ്രവാചകന്റെ ഈ സീൽ പൊട്ടിക്കാതെ വരാനൊക്കുകയില്ല. കാരണം അദ്ദേഹത്തിന്റെ പ്രവാചകത്വം മറ്റൊരു തരത്തിലുള്ളതത്രെ. എന്നാൽ, നബി(സ)തിരുമേനിയുടെ പ്രതിരൂപവും പ്രതിച്ഛായയും ആണെന്ന അർഥത്തിലും ഒരാൾക്ക് പ്രവാചകത്വപദവി പ്രാപ്യമല്ലെങ്കിൽപ്പിന്നെ *ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം* നീ ഞങ്ങളെ നേർഴിയിലാക്കേണമേ, നീ അനുഗ്രഹിച്ചവരുടെ വഴിയിൽത്തന്നെ എന്ന വാക്യത്തെ വ്യഖ്യാനിക്കുന്നതെങ്ങനെ? പ്രസ്തുത ശബ്ദത്തിന്റെ ഈ അർഥത്തിൽ പ്രവാചകത്വവും (നുബുവ്വത്ത്) ഈ ദിവ്യ ദൗത്യവും(രിസാലത്ത്)വാദിക്കാൻ ഞാനൊരിക്കലും വിമുഖത കാണിച്ചിട്ടില്ലെന്ന് ഓർത്തു കൊള്ളേണ്ടതാണ്. ഈ അർഥത്തിലാണ് വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് ഒരു നബി(പ്രവാചകൻ)യാണെന്ന് സ്വഹീഹ് മുസ്ലിമിൽ പറയപ്പെട്ടിരിക്കുന്നത്. ദൈവത്തിൽനിന്ന് പരോക്ഷജ്ഞാനം പ്രഖ്യാപിക്കുന്നയാൾ പ്രവാചകത്വത്തിന് അവകാശിയല്ലെങ്കിൽ മറ്റെന്തുപേരാണ് അയാൾക്ക് നല്കുക. 'മുഹമ്മദ്'എന്ന പദത്തിന്റെ ഉള്ളടക്കം അത്തരം ഒരാളുടെ ആത്മീയസ്ഥാനത്തെ പൂർണമായും ഉൾക്കൊള്ളുന്നുവെന്നതിന് ഒരു നിഘണ്ടുവും പിന്തുണ നല്കുന്നില്ല. 'തഹദീഥ്'എന്ന അറബി പദം പരോക്ഷകാര്യങ്ങളുടെ രഹസ്യജ്ഞാനം ആർജിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നതിനുള്ള ശബ്ദമായി ഒരു നിഘണ്ടുവിലും വിവരിക്കപ്പെട്ടിട്ടില്ല. എന്നാൽ, നുബുവ്വത്ത് (പ്രവാചകത്വം)എന്നത് അത്തരത്തിൽ പരോക്ഷജ്ഞാനം ലഭിക്കലായി വിവരിക്കുന്നുമുണ്ട്. 'നബി' എന്നപദം അറബിയിലും അബ്റാനിയിലും പൊതുവായിട്ടുള്ളതാണ്.

ശേഷം പേജ് 18 ൽ

# ലാഹോർ സർവമത സമ്മേളനത്തിന്റെ ഈമാൻ ദൃഢീകരിക്കുന്ന നേർകാഴ്ച

**ഹദ്റത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ് ഖാദിയാനിയുടെ തൂലികയിലൂടെ**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിശ്വവിഖ്യാതമായ'ഇസ്‌ലാമീ ഉസ്വൂൽ കി ഫലാസഫി' എന്ന ഉപന്യാസത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ് ഖാദിയാനി റളിയല്ലാഹുഅൻഹു 'സർവമത സമ്മേളനം, ലക്ച്ചർ ഇസ്‌ലാമീ ഉസ്വൂൽ കി ഫലാസഫി'എന്ന ശീർഷകത്തിൽ 1946 ജൂലായ് 20 ന് ഒരു ലേഖനം എഴുതുകയുണ്ടായി. ഈ ലേഖനം അനുവാചകർക്കു വേണ്ടി സീറത്തുൽമഹ്ദി വാള്യം രണ്ടിൽനിന്ന് സമർപിക്കുകയാണ്. ഈ ലേഖനത്തിൽ അദ്ദേഹം ഈ സമ്മേളനത്തിന്റേയും ലക്ച്ചറിന്റേയും താൻ നേരിൽ കണ്ട ഈമാൻ ദൃഢീകരിക്കുന്ന അവസ്ഥ വിവരിച്ചിരിക്കുന്നു(പത്രാധിപർ)

(1) സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രബോധനാവേശവും ദൈവഗ്രന്ഥത്തിന്റെ ഉന്നതിക്കുവേണ്ടിയുള്ള ആഗ്രഹത്തിന്റേയും അഭിലാഷത്തിന്റേയും അവസ്ഥയുടെ വിവരണം മാനുഷികശക്തിക്കതീതമാണ്. *അല്ലാഹു അഅ്‌ലമു ഹയ്ഥുയജ്അലു രിസാലത്തഹു* ഹുദൂറിന്റെ നിലപാടും ജോലിയുംതന്നെ സർവലോകനാഥനായ അല്ലാഹു ഇസ്‌ലാമിനെ മറ്റുള്ള എല്ലാ മതങ്ങളുടേയുംമേൽ വിജയിപ്പിച്ചുകാണിക്കുക തന്നെയാണെന്ന് നിശ്ചയിച്ചിരിക്കുന്നു. ഏതൊരു പ്രത്യേക വ്യക്തികളെയാണോ ഈ സേവനങ്ങൾ ഏല്പിക്കുന്നത് അവരുടെ *ബല്ലിഗ് മാ ഉൻസില ഇലയ്ക്ക മിൻർറബ്ബിക്ക ഫഇൻല്ലം തഫ്അൽ ഫമാബല്ലഗ്ത്ത രിസാലത്തഹൂ* എന്നതിന്റെ ദൈവകല്പന എന്നെന്നും നിലനില്ക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രബോധനനിർവഹണത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്തിട്ടില്ല. ഒരു മടിയും കാണിച്ചിട്ടുമില്ല. രാവെന്നില്ലാതെ പകലെന്നില്ലാതെ എപ്പോഴും ഈയൊരു ചിന്തയിലായിരുന്നു ഉണ്ടായിരുന്നത്. ഒരു പ്രബോധനാവസരവും കൈയിൽനിന്ന് വിട്ടുപോകാൻ അനുവദിച്ചിരുന്നില്ല. എഴുന്നേല്ക്കുമ്പോഴും ഇരിക്കുമ്പോഴും നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും ഒറ്റയ്ക്കിരിക്കുമ്പോഴും കൂട്ടായിരിക്കുമ്പോഴും ചുരുക്കിപ്പറഞ്ഞാൽ എല്ലാ അവസ്ഥയിലും ഇതേ ചിന്തയിലും ഇതേ വിചാരത്തിലും തന്നെയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചരിത്രത്തിന്റെ ഓരോ പേജും പരിശുദ്ധജീവിതത്തിന്റെ ഓരോ നിമിഷവും ഇക്കാര്യത്തിന് സാക്ഷ്യം വഹിക്കുന്നു. ദീർഘമായ വായനയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രചനകളുടെ ആഴത്തിൽചെന്നുള്ള പഠനവും ഒന്നുമില്ലാതെ 1890 ഡിസംബർ 9ന് അവിടന്ന് പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനത്തിന്റെ കേവലം രണ്ടു പേജ് നീതിപൂർവമായ ഉദ്ദേശ്യത്തോടും പക്ഷപാതനിലപാട് കൂടാതെയും നോക്കിയാൽതന്നെ, തീർച്ചയായും ഞാനീ പറഞ്ഞത് സാക്ഷീകരിക്കേണ്ടതായി വരും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസന്ധമായ ഈ ആവേശത്തിന്റേയും ആത്മാർഥമായ നിയ്യത്തിന്റെയും ഫലം തന്നെയായിരുന്നു, അല്ലാഹുവും എല്ലാ രീതിയിലും അദ്ദേഹത്തെ അസാധാരണമായ നിലയിൽ പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്തത്. അദൃശ്യത്തിൽനിന്ന് അതിനുള്ള സാധനസാമഗ്രികൾ ലഭ്യമാക്കിയത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ ഈ കൃപാതിരേകവും ഔദാര്യവും അനുഗ്രഹം എന്ന നിലയിൽ ഇങ്ങനെ പറയുമായിരുന്നു.

"അല്ലാഹുവിന്റെ കൃപയും ഔദാര്യവും എത്രമാത്രമാണ്; അവനിവിടെ നമ്മുടെ മനസ്സിൽ ഒരു ആഗ്രഹം ഉണ്ടാക്കുന്നു. അല്ലെങ്കിൽ എന്തെങ്കിലും ആവശ്യം നേരിടുന്നു. അപ്പോൾ അവിടെ അല്ലാഹു അത് പൂർത്തിയാക്കുന്നതിനുള്ള സാധനസാമഗ്രികളും ലഭ്യമാക്കുന്നു."

(2) 1892ന്റെ രണ്ടാം പകുതിയുടെ കാലഘട്ടം. പെട്ടെന്ന് ഒരു അപരിചിതനായ മനുഷ്യൻ, സാധുമനുഷ്യൻ, കാഷായവസ്ത്രത്തിൽ ശകുൻ ചന്ദർ എന്നു പേരുള്ള ആൾ ഖാദിയാനിൽവന്നു. ക്ഷണത്തിലാണ് നമ്മുടെ മജ്‌ലിസുകളിലെ ഒരു സജീവസാന്നിധ്യമായി കാണാൻ കഴിഞ്ഞത്. ഒന്നോ അരയോ ദിവസം സയ്യിദുനാ ഹദ്റത്ത് ഹക്കീമുൽ ഉമ്മത്ത് മൗലാനാ മൗലവി നൂറുദ്ദീൻ(റ)ന്റെ മജ്‌ലിസിൽ പങ്കെടുത്തു. രണ്ടാമത്തെ ദിവസംതന്നെ അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദർബാറിൽ വൈകുന്നേരവും രാവിലെയുമുള്ള സവാരിയിൽ പങ്കെടുത്ത് ഹുദൂറിന്റെ പ്രത്യേക നിരീക്ഷണത്തിന് പാത്രീഭൂതനായി. കാരണം ആ വ്യക്തി സ്വയമേവ സത്യാന്വേഷിയായും സത്യസന്ധതയുടെ അന്വേഷകനായും പ്രകടിപ്പിച്ച്, തന്റെ ആത്മീയദാഹം ശമിപ്പിക്കുന്നതിനുവേണ്ടി ദൈവികജലാന്വേഷണത്തിൽ ദൂരത്തും അടുത്തും നാടുതോറും എന്നല്ല എല്ലായിടത്തും ചുറ്റിക്കറങ്ങി ഖാദിയാൻ എന്ന പരിശുദ്ധനാട്ടിൽ തന്റെ ലക്ഷ്യവും ഉദ്ദേശ്യവും കരസ്ഥമാക്കുന്നതിനുവേണ്ടി പ്രതീക്ഷയോടെ വന്നതാണ്. എന്തെങ്കിലും നേടിയിട്ടേ പോകൂ എന്ന നിയ്യത്തോടുകൂടി എത്തിയതാണ്. അദ്ദേഹത്തിന്റെ സദുദ്ദേശ്യത്തിന്റെ ഫലം തന്നെയായിരുന്നു, അദ്ദേഹം തികച്ചും അന്യനായിരുന്നിട്ടും വളരെ പെട്ടെന്ന് സ്വന്തക്കാരനായി മാറിയത്. അദ്ദേഹം 'സാധൂ' ആയിരുന്നു എന്നതു മാത്രമല്ല, അദ്ദേഹം തന്റെ കാഷായവസ്ത്രത്തിൽ തന്റെ ദാരിദ്ര്യവും ആവശ്യങ്ങളുമെല്ലാം മറച്ചുവെച്ചിരുന്നു. ധനത്തിന്റേയും ദിർഹമിന്റേയും ആവശ്യമോ, ഖാദിയാനിൽ വിതരണം ചെയ്യുന്നുവെന്ന് കേട്ടിട്ടുള്ള പണത്തിന്റേയോ രൂപയുടേയോ അത്യാഗ്രഹമോ അല്ല അദ്ദേഹത്തെ ഇവിടെ വലിച്ചുകൊണ്ടുവന്നത്. മറിച്ച്, യഥാർഥത്തിൽ അദ്ദേഹം സത്യാന്വേഷിയായിരുന്നു. സത്യത അറിയാൻ വന്നതായിരുന്നു. ഇല്ലെങ്കിൽ അല്ലാഹുവിന്റെ വരിഷ്ഠനായ കാലത്തിന്റെ മസീഹ്- അദ്ദേഹത്തിന്റെ വിവേകബുദ്ധി തികവുറ്റതും മുള്ളുകൾ തിരിച്ചറിയുന്നതുമായിരുന്നു. അദ്ദേഹം അല്ലാഹു പ്രദാനം ചെയ്ത പ്രകാശം കൊണ്ടാണ് നോക്കിയിരുന്നത്- പെട്ടെന്ന് അദ്ദേഹത്തിലേക്ക് ഇണക്കമുള്ള ആളാകുമായിരുന്നില്ല.

(3). ശകുൻചന്ദർ ഒരു വിദ്യാസമ്പന്നനും ബുദ്ധിമാനുമായിരുന്നു. അദ്ദേഹം നല്ലൊരു സർക്കാർ ഉദ്യോഗം വഹിച്ചിരുന്നു. ചില അപകടകരമായ സംഭവങ്ങൾകൊണ്ട് ദുൻയാവ് അനശ്വരമല്ലെന്ന ചിന്ത അദ്ദേഹത്തിന്റെ മനസ്സിലും ബുദ്ധിയിലും വന്നു. അദ്ദേഹത്തിന്റെ ഭാര്യയും കുട്ടികളും എന്നല്ല ബന്ധുമിത്രാദികൾവരെ അദ്ദേഹത്തിൽനിന്നകന്നു. അദ്ദേഹം തനിച്ചായി മാറി. മനസ്സിലും ബുദ്ധിയിലുമുണ്ടാക്കിയ പദ്ധതി ഉള്ളിന്റെ ഉള്ളിൽ വളർന്നുവന്നു. നശ്വരമായ വസ്തുക്കളുടെ സ്വാധീനം അദ്ദേഹത്തിന്റെ ചിന്താഗതികളുടെ ഒഴുക്കിന്റെ ഗതി ഏതോ അനശ്വരവും എന്നെന്നും നിലനില്ക്കുന്നതുമായ അസ്തിത്വത്തെ അന്വേഷിക്കുന്നതിലേക്ക് തിരിച്ചുവിട്ടു. അതിൽ സ്വാധീനിക്കപ്പെട്ടാണ് അദ്ദേഹം ജോലി ഉപേക്ഷിച്ച്, ലോകം ഉപേക്ഷിച്ച്, സത്യം അന്വേഷിക്കണമെന്ന ദൃഢനിശ്ചയത്തിലുറച്ചത്. സന്യാസി ആയിക്കൊണ്ട് എല്ലായിടത്തും ചുറ്റിക്കറങ്ങുന്നതിലും അന്വേഷണത്തിലും മുഴുകി. എത്രനാൾ ചുറ്റിക്കറങ്ങിയെന്നോ എവിടെയെല്ലാം പോയെന്നോ അറിയുകയില്ല. അദ്ദേഹം എന്തൊക്കെയോ കാണുകയും കേൾക്കുകയും ചെയ്തതിനുശേഷം ആരോ അദ്ദേഹത്തിന് നമ്മുടെ യജമാനരുടേയും മാർഗദർശിയുടേയും കാലത്തിന്റെ വഴികാട്ടിയുടേയും മേൽവിലാസം നല്കി. ഖാദിയാൻ പരിചയപ്പെടുത്തി. അതനുസരിച്ച് അദ്ദേഹം സത്യഹൃദയത്തോടും ആത്മാർഥതയോടും വിശ്വാസാദർശത്തോടുംകൂടി എത്തുകയും തന്റെ ഉദ്ദേശ്യലക്ഷ്യം കരസ്ഥമാക്കുന്നതിനുള്ള ശ്രമത്തിൽ വ്യാപൃതനാകുകയും ചെയ്തു. ഹുദൂറിന്റെ സത്സംഗത്തിലിരുന്ന് ആത്മീയപീയൂഷം നുകരാൻ തുടങ്ങി. അങ്ങനെയിരുന്നിരുന്ന് എത്രമാത്രം ആസക്തനായെന്നാൽ അദ്ദേഹത്തിന്റെ സകല സന്തോഷവും തൃപ്തിയും ശാന്തിയും ഹുദൂറിന്റെ സത്സംഗത്തിലും പരിശുദ്ധമായ വചനങ്ങളിലും അലിഞ്ഞുചേർന്നു. ഇക്കാരണത്താൽ അദ്ദേഹം ഇവിടെ താമസിക്കാൻ തല്പരനായി. എന്നാൽ, അല്ലാഹുവിന് അദ്ദേഹം മുഖേന തന്റെ ഒരു അടയാളം വെളിപെടുത്തുവാനും ഈശ്വരശക്തിയുടെ അത്ഭുതകൃത്യം കാണിക്കാനുമുണ്ടായിരുന്നു. ഇതിനുവേണ്ടി അതേ അനുഗ്രഹങ്ങളുടെ ഉടയവൻ എത്രമാത്രം മാറ്റങ്ങളുണ്ടാക്കുകയും ലോകത്തിന്റെ അണുക്കളിൽ പ്രത്യേകമായ നിയന്ത്രണങ്ങൾ ചെലുത്തുകയും ചെയ്തുവെന്നാൽ, ഒരു വ്യക്തിയെ ഖാദിയാനിലെത്തിച്ചു. അദ്ദേഹം ചിലപ്പോൾ ലാല എന്നും പിന്നീട് മിസ്റ്റർ എന്നും ബാവായെന്നും അവസാനം സ്വാമി ശകുൻ ചന്ദർ എന്ന നാമത്തിലും അറിയപ്പെട്ടു.

(4). അതിഥി സൽക്കാരത്തിന്റെ സ്വഭാവശീലം പ്രവാചന്മാരുടേതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഈ സ്വഭാവത്തിൽ തികവ് കരസ്ഥമായിരു

ന്നു. അതിനോടൊപ്പം സൽപെരുമാറ്റത്തിനും നന്മ ചെയ്യുന്നതിനും സൽസ്വഭാവത്തിനുമുള്ള മാതൃകയും അങ്ങയ്ക്ക് സ്വന്തമായിരുന്നു. ഹൃദയങ്ങളെ ഇണക്കുന്നതിലുള്ള സ്വഭാവവൈശിഷ്യം മഹത്തായ സഹതാപത്തിന്റേയും അഭ്യുദയകാംക്ഷയുടേയും വികാരം ഹുദൂറിൽ അതുല്യവും നിരൂപമവുമായിരുന്നു. ഈ എല്ലാ ഉൽകൃഷ്ടസ്വഭാവങ്ങൾക്കും മഹത്ത്വങ്ങൾക്കും പുറമെ സത്യവും സത്യസന്ധതയും അറിവിന്റേയും യുക്തിജ്ഞാനത്തിന്റേയും ഖജനാവുകളും ഹുദൂറിനോടൊപ്പമുണ്ടായിരുന്നു. അത് ഹുദൂറിന്റെ അല്ലാഹുവുമായുള്ള ബന്ധത്തിന്റേയും ദൈവസവിധത്തിൽ സ്വീകാര്യനാണെന്നതിന്റേയും തെളിവായിരുന്നു. ഈ യാഥാർഥ്യങ്ങളോടൊപ്പം തന്നെ അല്ലാഹുവുമായി ഭാഷണം നടത്തുന്നതിന്റെ മാന്യതയും ദുആ സ്വീകാര്യതയുടെ മാതൃകകളും എങ്ങനെയുള്ള അനുഗ്രഹമായിരുന്നുവെന്നാൽ ഏതൊരു സൽപ്രകൃതക്കാരനും പരിശുദ്ധനും ആകർഷിക്കപ്പെടാതിരിക്കാൻ പറ്റുമായിരുന്നില്ല. വാസ്തവത്തിൽ ഇക്കാര്യങ്ങൾകൊണ്ടാണ് അറിവില്ലാത്ത ലോകർ ഇന്ദ്രജാലമെന്നും മാരണമെന്നും പേരിട്ട് ഹുദൂറിൽനിന്ന് ജനങ്ങളെ അകറ്റിനിറുത്താൻ വൃഥാ ശ്രമം തുടങ്ങിയത്. സ്വാമി ശകുൻ ചന്ദറും ഈ അമാനുഷിക സിദ്ധികൾക്കു ഇരയായി. ഏതൊന്നാണോ അദ്ദേഹം ആഗ്രഹിച്ചിരുന്നത് ലോകത്ത് എവിടെയും അദ്ദേഹത്തിന് അത് കിട്ടിയിരുന്നില്ല- അവസാനം അല്ലാഹുവിന്റെ പ്രത്യേകമായ യുക്തിജ്ഞാനത്തിന് വിധേയമായി അദ്ദേഹത്തിന് ഖാദിയാനിൽ അതു കുറച്ചുകിട്ടി. അദ്ദേഹം അന്വേഷിച്ചിരുന്നത് ലോകത്ത് ഒരിടത്തും അദ്ദേഹം കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്തത് അദ്ദേഹം ഇവിടെ കണ്ടു. അദ്ദേഹം സന്തോഷവാനായിരുന്നു. തന്റെ സൗഭാഗ്യത്തിൽ, അതായത് ഏതു കാര്യത്തിനുവേണ്ടിയാണോ അദ്ദേഹം ആഗ്രഹിക്കുകയും അന്വേഷിക്കുകയും ചെയ്തിരുന്നത് അത് അവസാനം അല്ലാഹു നല്കി. എന്നാൽ, നമ്മുടെ യജമാനൻ അതിനെക്കാളേറെ സന്തോഷത്തിലായിരുന്നു. അല്ലാഹുവിന്റെ ആ അനുഗ്രഹത്തിൽ, അവൻ ഹുദൂറിന്റെ ഒരു ഹൃദയാഭിലാഷം പൂർത്തിയാക്കുന്നതിനുവേണ്ടി ശകുൻ ചന്ദർ സാഹിബിനെ സൃഷ്ടിക്കുകയായിരുന്നു.

(5). ഒരു സർവമത സമ്മേളനം നടത്തണമെന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പണ്ടേയുള്ള ആഗ്രഹമായിരുന്നു. അതിൽ തനിക്ക് വിശുദ്ധ ഖുർആന്റെ ശ്രേഷ്ഠതകളും പരിപൂർണതകളും ദിവ്യാത്ഭുതങ്ങളും ഇസ്ലാമിന്റെ സൗന്ദര്യങ്ങളും വിവരിക്കാൻ അവസരം കിട്ടണം. എല്ലാ ഓരോ മതത്തിന്റേയും പ്രതിനിധികൾ സ്വമതങ്ങളുടെ സവിശേഷതകൾ വിവരിക്കണം. ഈ മത്സരരംഗത്ത് ദൈവഗ്രന്ഥം അതിജയിക്കണം. ഇസ്ലാമിന്റെ മേന്മയും നബി(സ)തിരുമേനിയുടെ സത്യസാക്ഷ്യവും പ്രകടമാകണം. അങ്ങനെ ഹുദൂറിന്റെ ഈ ആഗ്രഹം നിറവേറ്റുന്നതിനുവേണ്ടി ഉദാരവാനായ അല്ലാഹു സ്വാമി സാഹിബിനെ ഖാദിയാനിലെത്തിച്ചതാണ്. അദ്ദേഹം ഹുദൂറിന്റെ ഈ പദ്ധതിയെ സത്യാസത്യവിവേചനത്തിനുള്ള യഥാർഥ മാർഗമായും സത്യമായ ഉരകല്ല് എന്ന് വിശ്വാസമർപ്പിച്ച് സമ്മേളനം സംഘടിപ്പിക്കുന്നതിന് തന്റെ സേവനങ്ങൾ സമർപിച്ചു. പിന്നീട് സദാ പരിശ്രമിയായി ആ ജോലിയിൽ മുഴുകി. ഹിന്ദുവായതുകൊണ്ടും കാഷായവസ്ത്രധാരിയായതുകൊണ്ടും അറിവും അനുഭവവും നിമിത്തവും അദ്ദേഹത്തിന് ഹിന്ദുക്കളുടെ എല്ലാ ചിന്താഗതിക്കാരിലും സ്ഥാനം ലഭ്യമായി. അദ്ദേഹത്തിന്റെ പദ്ധതിയിൽ ചിന്തിക്കാൻ തുടങ്ങി. ആ ജോലിക്ക് ഒരു ചലനമുണ്ടായി. കേന്ദ്രനിർദേശങ്ങളും പരിഷ്കരണവും അഭിപ്രായങ്ങളും അദ്ദേഹത്തിനു നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമായി. അതിനെ ലക്ഷ്യസ്ഥാനത്തെത്തിക്കുന്നതിനുവേണ്ടി എല്ലാവിധത്തിലുള്ള സഹായങ്ങളും ആവേശങ്ങളും കൊടുത്തുകൊണ്ടിരുന്നു. ചിലപ്പോൾ അദ്ദേഹം സ്വയം സൂക്ഷ്മമാർഗവുമായി ഖാദിയാനിൽ വരുമ്പോഴും ചിലപ്പോൾ പ്രത്യേക ദൂതന്മാർ മുഖേനയും അദ്ദേഹത്തിന്റെ ആവശ്യങ്ങൾക്കുള്ള ഏർപാട് ചെയ്തുകൊണ്ടിരുന്നു. ഇങ്ങനെ ഓരോന്നുമുണ്ടായി അവസാനം ആവശ്യപ്പെട്ട സമ്മേളനം സംഘടിപ്പിക്കാമെന്നുള്ള മിന്നൽ കാണാൻ തുടങ്ങി. ഹുദൂർ(അ)ന്റെ മാർഗനിർദേശത്തിൽ ഒരു പ്ലാൻ തയ്യാറാക്കപ്പെട്ടു. ജോലി ചെയ്യേണ്ട പ്രവർത്തകരുടേയും ചെലവുകാരുടേയും ഭൂരിഭാഗവും ഏർപാടും സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(റ)ന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് കണ്ട്, ആ പ്ലാനിൽ ജീവന്റെ തുടിപ്പ് പ്രകടമാകാൻ തുടങ്ങി. ഇപ്രകാരം സ്വാമി ശകുൻചന്ദർ സാഹിബ് ഹുദൂറിന്റെ ഈ ദീനീപരമായ ആഗ്രഹം സഫലീകരിക്കുന്നതിൽ അദൃശ്യനായ ഒരു മലാക്കിന്റെ പ്രവൃത്തിയാണ് ചെയ്തത്.

(6). അവസാനം അല്ലാഹു അല്ലാഹു എന്നു പറഞ്ഞുകൊണ്ട് വലിയ പ്രയാസകരമായ മലയിടുക്കുകൾ താണ്ടിയതിനും വെള്ളമോ പുൽച്ചെടികളോ ഇല്ലാത്ത മരുഭൂമികൾ കടന്നതിനും ശേഷം ഈ സമ്മേളനം അതായത് സർവമത സമ്മേളനം സംഘടിപ്പിക്കുന്നതിന്റെ തിയതികളും വിളംബരം ചെയ്തു. 1896 ഡിസംബർ 26 മുതൽ 28 വരെയാണ് നിശ്ചയിക്കപ്പെട്ടത്. ലാഹോറിലെ ടൗൺഹാളിൽ നടക്കുമെന്ന് വിളംബരം ചെയ്യപ്പെട്ടു. നടത്തിപ്പിനുവേണ്ടി അഭ്യസ്തവിദ്യരായ ആളുകളെ ഉൾക്കൊള്ളിച്ച് ഒരു കമ്മിറ്റി രൂപീകരിച്ചു. ഈ വിവരം അറിഞ്ഞപ്പോൾ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ലോകം മുഴുവനുമുള്ള ആധിപത്യം ആർക്കെങ്കിലും കിട്ടിയാലെന്നപോലെയാണ് സന്തോഷിച്ചത്.

അപ്പോൾ ഹുദൂർ ഈ ധർമമഹോത്സവത്തിൽ വായിക്കുന്നതിനുവേണ്ടി ഉപന്യാസമെഴുതാൻ തീരുമാനിച്ചു. എന്നാൽ, ഹുദൂറിന്റെ ആരോഗ്യം അനുചിതമായിത്തീർന്നു. ഇത് ദീർഘമായി തുടരുകയും ചെയ്തു. എന്നാൽ, സമ്മേളനത്തിന്റെ തിയതി അടുത്തുവരികയായിരുന്നു. ഉപന്യാസം മുഴുവിപ്പിക്കാൻ കഴിയുമോ എന്ന ആശങ്ക നിലനിന്നു. ഹുദൂർ(അ) അനാരോഗ്യാവസ്ഥയിൽ ഉപന്യാസം എഴുതാൻ തുടങ്ങി. ആയിടയ്ക്ക് ഹദ്റത്ത് മൗലാനാ മൗലവി അബ്ദുൽകരീം സാഹിബ് മർഹൂം വ മഗ്ഫൂർ(റ) ഏതോ ആവശ്യത്തിനുവേണ്ടി സിയാൽക്കോട്ടിൽ പോകുകയും അവിടെ സുഖമില്ലാതാകുകയും ചെയ്തു. അദ്ദേഹത്തിന്റെ വിവരങ്ങൾ അറിഞ്ഞപ്പോൾ സമ്മേളനത്തിൽ അദ്ദേഹത്തിന് എത്താൻ കഴിയുമോ എന്ന ആശങ്കയുമുണ്ടായി. അങ്ങനെ ദീർഘമായ ചിന്തയ്ക്കും ആലോചനകൾക്കും ശേഷം ഹുദൂറിന്റെ ഉപന്യാസം ഖ്വാജ കമാലുദ്ദീൻ സാഹിബിനെക്കൊണ്ട് വായിപ്പിക്കാം എന്ന തീരുമാനത്തിലെത്തി. അതനുസരിച്ച് ഇങ്ങനെ പദ്ധതി തയ്യാറാക്കി.

(a) ഹുദൂറിന്റെ ഉപന്യാസം അത് ഗുജറാത്ത് ജില്ലയിലെ ബിലാനിവാസി ആദരണീയനായ ഹദ്റത്ത് മുൻശീ ജലാലുദ്ദീൻ സാഹിബായിരുന്നു പകർത്തിയെഴുതിയിരുന്നത്. ഹദ്റത്ത് പീർജി സിറാജുൽ ഹഖ് സാഹിബ് നുഅ്മാനിയെയാണ് ഈ ജോലി ഏല്പിച്ചിരുന്നത്. അതായത് എഴുതേണ്ട രീതിയിൽ ഭംഗിയായി എഴുതുക; ഖ്വാജ സാഹിബിന് വായിക്കാൻ ബുദ്ധിമുട്ടുണ്ടാകാത്തവിധം. എന്നാൽ, ഹുദൂർ(അ) വീണ്ടും രോഗബാധിതനായ കാരണത്താൽ ഉപന്യാസത്തിന്റെ തയ്യാറെടുപ്പിൽ കാലവിളംബം ഉണ്ടായപ്പോൾ ഇവർ രണ്ടുപേരും ചേർന്നാണ് അത് പൂർത്തിയാക്കിയത്.

(b) ഈ ഉപന്യാസത്തിലുള്ള ഖുർആനിക വചനങ്ങളും ഹദീഥുകളും അല്ലെങ്കിൽ അറബിവചനങ്ങളും, പ്രത്യേകം ഭംഗിയായി എഴുതി ഖ്വാജ സാഹിബിനെക്കൊണ്ട് നല്ലവണ്ണം ഹൃദിസ്തമാക്കാൻ നിർദേശം നല്കപ്പെട്ടു; ജൽസയിൽ ഉപന്യാസം വായിക്കുമ്പോൾ ഒരുതരത്തിലുള്ള തെറ്റോ ഉപന്യാസത്തിന്റെ ആസ്വാദനം കുറയുകയോ ചെയ്യാതിരിക്കാനായിരുന്നു ഇത്.

(7). ഹുദൂറിന്റെ ഈ ഉപന്യാസം നല്ല കൈപടയിലെഴുതി പ്രഭാതസവാരിക്കിടയിൽ പദാനുപദം കേൾപ്പിച്ചുകൊണ്ടിരുന്നു. ഏതു ഗ്രന്ഥം എഴുതിയാലും അല്ലെങ്കിൽ ഏതൊരു വിജ്ഞാപനമോ ലേഖനമോ എഴുതിയാലും അതിലെ വിഷയങ്ങൾ മജ്ലിസിൽ ആവർത്തിച്ചു കേൾപ്പിക്കുക എന്നത്


**കലാമുൽ ഇമാം:-**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

ഹുദൂർ(അ)ന്റെ ശീലമായിരുന്നു. എത്രമാത്രമെന്നാൽ സ്ഥിരമായി വരുന്ന ഖാദിമീങ്ങൾക്ക് ആ വിഷയങ്ങൾ മനഃപാഠമാകാറുണ്ടായിരുന്നു. ആ ദിവസങ്ങളിലെ പ്രഭാതസവാരി പൊതുവെ ഖാദിയാനിലെ വടക്കുഭാഗത്ത് ബട്ടർ ഗ്രാമത്തിലേക്കായിരുന്നു. ഇതേ വിഷയം കേൾക്കുക എന്ന ഉദ്ദേശ്യത്തോടെ ഖാദിയാനിലുള്ള സഹോദരങ്ങളും അതിഥികളും എല്ലാവരും താൽപര്യത്തോടുകൂടി സവാരിയിൽ പങ്കെടുത്തിരുന്നു. അവരുടെ എണ്ണം ഏകദേശം 15, 20 അല്ലെങ്കിൽ 25 വരെ ഉണ്ടാകാറുണ്ടായിരുന്നു. ഉപന്യാസത്തിന്റെ ചില ഭാഗങ്ങളുടെ വിശദീകരണവും ഹുദൂർ(അ) നടന്നുകൊണ്ട് നല്കുമായിരുന്നു. ഈ എഴുത്തും പ്രസംഗവും പുതിയ പുതിയ പോയന്റുകളും അത്ഭുതകരമായ ഈശ്വരീയജ്ഞാനങ്ങളും ഈമാൻ വർധക യാഥാർഥ്യങ്ങളും തെളിവുകളും വഹിക്കുന്നതായിരുന്നു. ആ ദിവസങ്ങളിലെ പ്രഭാതസവാരിയിൽ അതിനുവേണ്ടിയാണല്ലോ രോഗവും ക്ഷീണവുമുണ്ടായിട്ടും ഹുദൂർ(അ) ഇറങ്ങിയിരുന്നത്. പിന്നീട് അറിയാൻ കഴിഞ്ഞു, മൗലവി അബൂസയീദ് മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവിയുടെ ചില ചാരന്മാരും ഹുദൂറിന്റെ ഈ ഉപന്യാസം കേട്ട് അയാൾക്ക് റിപ്പോർട്ട് കൊടുക്കാറുണ്ടായിരുന്നുവെന്ന്. ഹുദൂറിന്റെ ഉപന്യാസത്തിലെ ഭൂരിഭാഗം ആയത്തുകളും-അവയെ ഹുദൂർ(അ) അവസരോചിതവും സന്ദർഭോചിതവും മുത്തുകൾപോലെ കോർത്തിണക്കി അവതരിപ്പിച്ചതാണ്- മൗലവി സാഹിബ് തന്റെ ഉപന്യാസത്തിൽ സമാഹരിച്ചു. അവ അവിടെ കൂടിച്ചേർത്തിട്ടുണ്ടെങ്കിലും അവസരോചിതമോ സന്ദർഭോചിതമോ പരസ്പരബന്ധമോ ഇല്ലാത്തതായിരുന്നു.

(8). ജനാബ് ഖ്വാജ കമാലുദ്ദീൻ സാഹിബ് ഉപന്യാസം വായിക്കാറുണ്ടായിരുന്നു. വായിക്കുന്നതിന് പ്രാക്ടീസ് ചെയ്യാറുണ്ടായിരുന്നു. ശ്രോതാക്കൾ കൂടുതൽ കൂടുതൽ ആകർഷിക്കപ്പെടാൻ തന്റെ വായനയുടെ മാർഗത്തിലും അവതരണത്തിലും എന്തെങ്കിലും പുതുമയുണ്ടാക്കാനും ശ്രമിച്ചിരുന്നു. ഖുർആനിക വചനങ്ങൾ, ഹദീഥുകൾ, അറബി പദങ്ങളും വാക്യങ്ങളും മനഃപാഠമാക്കാൻ ശ്രമിച്ചിരുന്നു. ഖ്വാജ സാഹിബിന് ഉർദു വായനയിൽ പ്രത്യേകമായ കഴിവുണ്ടായിരുന്നു. പക്ഷേ, ഖുർആനിക വചനങ്ങൾ പാരായണം ചെയ്യുന്നതിലും, പരിശ്രമം ചെയ്തിട്ടും ഒരുപാട് പോരായ്മകളുണ്ടായി. അത് ഖ്വാജാസാഹിബ് കഠിനാധ്വാനം ചെയ്തിട്ടും ശരിയാക്കാൻ കഴിഞ്ഞില്ല. ഇതിനുപുറമെ അതേ ദിവസങ്ങളിൽതന്നെ അദ്ദേഹത്തിന്റെ സഹചരരായ സുഹൃത്തുക്കളിൽനിന്ന് യഥാർഥത്തിൽ ഖ്വാജസാഹിബിന് ഉപന്യാസം ഉയർന്നതാണെന്നതിലും അതിന്റെ വിവരണത്തിലും സംശയമുണ്ടായിരുന്നുവെന്ന് അറിയാനും കഴിഞ്ഞു. അതിന്റെ സ്വാധീനം അദ്ദേഹത്തിന്റെ വായനയിലുണ്ടാകുക സ്വാഭാവികമായിരുന്നു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) വരെ ഇതെത്തിയതിലും അത്ഭുതമില്ല.

(9). സമ്മേളനത്തിന്റെ കുറച്ചുദിവസം മുമ്പേ അല്ലാഹു ഹുദൂർ(അ)നെ ഇൽഹാമിലൂടെ ഈ ഉപന്യാസത്തെ സംബന്ധിച്ച് സുവാർത്ത നല്കി. 'ഈ ഉപന്യാസം മറ്റെല്ലാ ഉപന്യാസങ്ങളേയും വെല്ലുന്നതായിരിക്കും.' അതിന്റെ സ്വീകാര്യം മനസ്സുകളിൽ ആഴ്ന്നിറങ്ങുന്നതായിരിക്കും. ഇക്കാര്യം സത്യസാക്ഷ്യത്തിന്റെ അടയാളം എന്ന നിലയിലായിരിക്കും. അങ്ങനെ ഹുദൂർ(അ) 1896 ഡിസംബർ 21ന് 'സത്യധർമ ജിജ്ഞാസുക്കൾക്ക് ഒരു മഹത്തായ സുവാർത്ത' എന്ന പേരിൽ ഒരു വിജ്ഞാപനമെഴുതി പകർത്തെഴുത്തുകാർക്ക് നല്കി. എന്നെപ്പോലെ ഒന്നുമല്ലാത്ത ദാസനെ ഓർമിച്ചുകൊണ്ട് ഇങ്ങനെ ബഹുമതിയും നല്കി. പറഞ്ഞു:

"മിയാ അബ്ദുർറഹ്മാൻ! ഈ പരസ്യം അച്ചടിച്ച് നേരിട്ട് ലാഹോറിൽ കൊണ്ടുപോകുക. ഖ്വാജാ സാഹിബിന്(അദ്ദേഹത്തെ ഒരു ദിവസം മുമ്പേ ജൽസയുടെ ഏർപാടുകൾ ചെയ്യുന്നതിന് ലാഹോറിൽ അയച്ചതാണ്) കൊടുത്ത് ഞാൻ പറഞ്ഞതായി പറയുക, 'ഇതു നല്ലവണ്ണം പരസ്യപ്പെടുത്താൻ, ആവശ്യം വന്നാൽ അവിടെനിന്ന് ഇനിയും അച്ചടിപ്പിക്കാനും എനിക്കുവേണ്ടി അദ്ദേഹത്തിനോടു താക്കീത് ചെയ്തുപറയുക. കാരണം അദ്ദേഹം ചില നേരങ്ങളിൽ ഭയന്നുപോകാറുണ്ട്. ആവർത്തിച്ചും ശക്തമായും ഈ സന്ദേശം എത്തിക്കണം; ഭയപ്പെടേണ്ട ഒരു കാര്യവുമില്ല. ജനങ്ങളുടെ എതിർപ്പിന്റെ ചിന്ത ഈ ജോലിയിൽ ഒരിക്കലും തടസമാകരുത്. ആരെങ്കിലും തടഞ്ഞാൽ നിലച്ചുപോകാൻ ഇത് മനുഷ്യന്റെ ജോലിയല്ല. മറിച്ച്, അല്ലാഹുവിന്റെ ജോലിയാണ്. അത് എന്തായാലും പൂർത്തിയാകുകതന്നെ ചെയ്യും."

(10). പോസ്റ്റർ ഏകദേശം അർധരാത്രിയോടെ തയ്യാറായി. ഞാൻ അപ്പോൾത്തന്നെ അതുമെടുത്ത് ബട്ടാലയിലേക്ക് നടന്നു. 1896 ഡിസംബർ 22ന് ഉച്ചയോടെ ലാഹോറിലെത്തി. ജനാബ് ഖ്വാജാ സിഹാബ് അക്കാലത്ത് ലാഹോറിലെ പ്രസിദ്ധ മസ്ജിദായ മസ്ജിദ് വസീറെഖാന്റെ പിൻഭാഗത്തുള്ള ഒരു ഇടുങ്ങിയ ഇടവഴിയിലാണ് താമസിച്ചിരുന്നത്. ഞാൻ അദ്ദേഹത്തെ തേടി അവിടെയെത്തി, കണ്ടുമുട്ടി. പോസ്റ്ററിന്റെ ബണ്ടിലും ഹുദൂറിന്റെ കല്പനയും തുറന്നുകേൾപ്പിച്ചു. എന്നല്ല ആവർത്തിച്ചു കേൾപ്പിച്ചു. ഖ്വാജജാസാഹിബിനോടൊപ്പം മറ്റു രണ്ടു സ്നേഹിതന്മാരും അപ്പോൾ അവിടെ ഉണ്ടായിരുന്നു. അവരുടെ പേര് എനിക്കോർമയില്ല. ഖ്വാജാ സാഹിബ് പോസ്റ്ററിന്റെ കെട്ടഴിച്ചു. അതിലെ വിഷയം വായിച്ചു. അദ്ദേഹത്തിന്റെ മുഖവും സന്തോഷഭരിതവും ഐശ്വര്യപൂർണവും ആകുന്നതിനു പകരം ഖിന്നവും ഉദാസീനവുമായി. എന്നോടു പറഞ്ഞു. "മിയാ, ഞങ്ങളിവിടെ എന്തെല്ലാം ബുദ്ധിമുട്ടുകളാണ് നേരിടുന്നതെന്ന് ഹദ്റത്തിന് എന്തറിയാം. എതിർപ്പ് എത്രമാത്രം ശക്തമാണ്. ഈ അവസ്ഥകളിൽ ഈ പോസ്റ്റർ പരസ്യപ്പെടുത്തിയാൽ വെടിമരുന്നിൽ തീപ്പൊരി വീഴുന്നതുപോലെയായിരിക്കും. ജൽസയുടെ സംഘാടനവും അസാധ്യമായാൽ അത്ഭുതപ്പെടാനില്ല. അവസരത്തിലെ സാന്നിധ്യവും അവസ്ഥകളുടെ കുഴപ്പങ്ങളും കൊണ്ട് അവസാനം നമ്മളിലും എന്തെങ്കിലും ഉത്തരവാദിത്വം വരുമല്ലോ. ശരി, എന്തൊന്നാണോ അല്ലാഹു ചെയ്യിക്കുന്നത് ഇൻശാഅല്ലാഹ് ചെയ്യുന്നതായിരിക്കും."

അവസാനം ചിന്തയ്ക്കും ആലോചനയ്ക്കും അഭിപ്രായങ്ങൾക്കും കീഴ്മേലുള്ള ചർച്ചകൾക്കും ശേഷം രണ്ടാമത്തേയോ മൂന്നാമത്തേയോ രാത്രിയുടെ ഇരുളിൽ ആരും തിരിച്ചറിയാത്ത സ്ഥലങ്ങളിൽ കുറച്ചുപോസ്റ്ററുകൾ ഒട്ടിപ്പിച്ചു. അതു ഉള്ളതും ഇല്ലാത്തതും ഒരുപോലെയായിരുന്നു. തിരിച്ചറിയപ്പെടാത്ത സ്ഥലങ്ങൾക്കു പുറമെ അതു എത്രമാത്രം ഉയരത്തിലാണ് പതിച്ചിരുന്നതെന്നാൽ, ഒന്നാമതായി ആർക്കും അത് കാണാൻ കഴിയുമായിരുന്നില്ല. ഇനി കണ്ടാൽത്തന്നെ വായിക്കാനും കഴിയുമായിരുന്നില്ല.

(11). ഞാൻ കണ്ടു; കേൾക്കുകയും ചെയ്തു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ യഥാർഥ ഉപന്യാസം ഖ്വാജാ സാഹിബ് ഖാദിയാനിൽനിന്ന് ലാഹോറിൽ കൊണ്ടുവന്നിരുന്നു. അവരുടെ വായനയും ഖുർആനിക വചനങ്ങളും അഭ്യാസവും നടത്തിക്കൊണ്ടിരുന്നു. ഖ്വാജാസാഹിബ് ലാഹോറിൽ പോയതിനുശേഷം, ഉപന്യാസത്തിന്റെ ഏതേതെല്ലാം ഭാഗമാണോ തയ്യാറായിക്കൊണ്ടിരുന്നത് അതിന്റെ പകർപ്പ് ലാഹോറിലെത്തിച്ചുകൊണ്ടിരുന്നു. ഈ പരമ്പര 1896 ഡിസംബർ 25 വൈകുന്നേരംവരെ തുടർന്നു. അല്ലെങ്കിൽ ഡിസംബർ 26 രാത്രിവരെ നടന്നിട്ടുണ്ടാകും.

(12). സമ്മേളനം അല്ലാഹുവിന്റെ കൃപയാൽ നടന്നു. വളരെ നല്ല സ്ഥലത്തും മെച്ചപ്പെട്ട സംവിധാനങ്ങളോടംകൂടി നടന്നു. യഥാർഥത്തിൽ കഠിനമായ എതിർപുകളുടെ കൊടുങ്കാറ്റുകളേയും പ്രയാസങ്ങളുടെ കഠിനവും ഭയാനകവുമായ മലയിടുക്കുകൾ താണ്ടിയതിനുശേഷവുമാണ് നടന്നത്. വലിയ വലിയ തടസങ്ങളുണ്ടാക്കി. പലരീതിയിലുള്ള തന്ത്രങ്ങളും സൂക്ഷ്മമായ ചതിപ്രയോഗങ്ങളും ഉണ്ടായി. എന്നാൽ, അവസാനം ഹിന്ദുക്കളുടേയും യഹൂദികളുടേയും അവരുടെ സഹായികളുടേയും സഹകാരികളുടേയും 'ഖയ്ബരിക്കോട്ട' തകർന്നു; ദൈവവചനത്തിൽ ചിത്രീകരിച്ചതുപോലെ.

അല്ലാഹു അക്ബർ ഖരിബത്ത് ഖയ്ബർ അല്ലാഹു ഏറ്റവും വലിയവൻ, ഖയ്ബർ നശിച്ചുപോയി എന്നു പറഞ്ഞതുപോലെതന്നെ. ശത്രുക്കൾ ടൗൺഹാൾ എടുക്കാൻ അനുവദിച്ചില്ല. അല്ലാഹു അതിനെക്കാൾ ഉത്തമമായ ഏർപാട് ചെയ്തു. ഇസ്‌ലാമിയ്യാ ഹൈസ്കൂളിന്റെ ഉള്ളിലുള്ള 'ശോറാൻവാല' കവാടത്തിന്റെ വിശാലവും രണ്ടുനിലയുള്ളതുമായ കെട്ടിടം, വീതിയും വിസ്താരവുമുള്ള അങ്കണം, വലിയ വലിയ മുറികൾ, വലിയ ഹാൾ, ഗ്യാലറികൾ എല്ലാംകൂടെ നോക്കിയാൽ ഒരു വലിയ മഹാകെട്ടിടം- അതൊരു വലിയ സമ്മേളനത്തിന് മതിയായതും ചേർന്നതുമായിരുന്നു. അല്ലാഹു നല്കി. ഡിസംബർ 26 ജൽസയുടെ ആദ്യ ദിനമായിരുന്നു. ഹാജർനില അത്ര എടുത്തുപറയാൻ മാത്രം ഇല്ലായിരുന്നു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ (ആയിരോപി ആയിരം സ്വലാത്തും സലാമും അവിടുത്തെ മേൽ വർഷിക്കട്ടെ) ഉപന്യാസം ഡിസംബർ 27ന് ഒന്നരമണി ഉച്ചയ്ക്കാണ് നിശ്ചയിക്കപ്പെട്ടിരുന്നത്. അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിന്റേയും അത്ഭുതകൃത്യത്തിന്റേയും അവന്റെ പ്രത്യേക കൃപയുടേയും ഫലമെന്നു പറയട്ടെ ഹദ്റത്ത് മൗലാനാ മൗലവി അബ്ദുൽകരീം സാഹിബ്, അതിയായ സ്നേഹത്തിന്റെ സൗരഭ്യമായി സമയത്തിനു മുമ്പേ ലാഹോറിലെത്തി. അദ്ദേഹത്തിന്റെ വര

വോടെ ഞങ്ങൾക്കു പ്രത്യേകമായ ശാന്തിയുടേയും സന്തോഷത്തിന്റേയും സാഹചര്യം അല്ലാഹു ഒരുക്കിത്തന്നു.

(13). അവസ്ഥകൾ ഉചിതമല്ലാത്തതും ശക്തമായ എതിർപ്പും പലരീതിയിലുള്ള ബുദ്ധിമുട്ടുകളും അതുപോലെതന്നെ കാലത്തിന്റെ അയോഗ്യമായ സ്ഥിതിയും കാരണത്താൽ ജൽസ ഭംഗിയായി നടക്കുമോ എന്ന ആശങ്കയുണ്ടായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ പ്രൗഢി, അതായത് ദൈവസൃഷ്ടികൾ കൂട്ടംകൂട്ടമായി മലക്കുകൾ തെളിച്ചുകൊണ്ടുവരുന്നതുപോലെ വന്നുകൊണ്ടിരുന്നു. അവരുടെ ആഹ്വാനത്തിന് എത്രമാത്രം സ്വാധീനമായിരുന്നുവെന്നാൽ സൃഷ്ടികളുടെ മനസ്സ് മാറിപ്പോയി. അവരുടെ മനസ്സുകളിൽ ശത്രുതയും വെറുപ്പും ഉണ്ടാകുന്നതിനു പകരം സ്നേഹവും പ്രേമവും നിറയ്ക്കപ്പെട്ടു. ശത്രുക്കളുടെ എതിർപ്പ് വളമെന്നപോലെ ഫലം ചെയ്തു. തടയാൻ വരുന്നവരുടേയും ഉപദ്രവിക്കാൻ വരുന്നവരുടേയും ബഹളം ജനങ്ങളുടെ ശ്രദ്ധയെ സമ്മേളനത്തിലേക്ക് തിരിച്ചു. ഇതുമുഖേന ആളുകൾ കൂട്ടംകൂട്ടമായി വേഗം നടന്നുനടന്ന് സമ്മേളനനഗരിയിലേക്ക് നീങ്ങി. അങ്ങനെ സംഭവിച്ച് സംഭവിച്ച് അവസാനം അവസ്ഥ എത്രത്തോളമെത്തിയെന്നാൽ, മുറ്റവും അതിന്റെ ചുറ്റുപാടുമുള്ള മുറികളും ഹാളും നിറഞ്ഞുകവിഞ്ഞു. മുകളിലത്തെ ഗ്യാലറികളിൽ അല്പംപോലും സ്ഥലമുണ്ടായിരുന്നില്ല. ആൾക്കൂട്ടം എത്രമാത്രം വലുതായെന്നാൽ സ്ഥലമുണ്ടാക്കുന്നതിന് തിക്കിതിരുകി ഇരിക്കേണ്ടിവന്നു. ഡിസംബറിലെ അവധി ദിവസങ്ങളായതിനാൽ എല്ലായിടത്തും കോൺഫ്രൻസുകളും മീറ്റിംഗുകളും നടക്കുന്നുണ്ടായിരുന്നു.ജനങ്ങളുടെ ജോലിതിരക്കുകളും അവരുടെ ഭൗതികമായ ജോലികളിലെ താൽപര്യവും ഭൗതികമായ നേട്ടം കരസ്ഥമാക്കുന്നതിനുള്ള ശ്രമവും ഉണ്ടായിട്ടും കേവലം മതപരമായ സമ്മേളനത്തിലും കോൺഫ്രൻസുകളിലും ഇത്രയധികം ജനക്കൂട്ടം ചെറിയവരും വലിയവരുമായ കാണികൾക്ക് ഈ ദൃശ്യത്തിൽ സ്വാധീനിക്കപ്പെട്ട് ഇതിൽ പങ്കെടുക്കാനെത്തിയവരുടെ വിജയത്തെ അസാധാരണവും പ്രത്യേകവുമായ അവസ്ഥ അല്ലാഹുവിന്റെ പദ്ധതിയുടേയും നിയന്ത്രണത്തിന്റേയും ഫലമാണെന്ന് പറയാൻ നിർബന്ധിതരായി. ഒരു ഹിന്ദുവിനും സിക്കുകാരനും ആര്യസമാജിക്കാരനും ഇതിനോടു വിയോജിപ്പുണ്ടായിരുന്നില്ല. മുസ്‌ലിമിനും ക്രിസ്ത്യാനിക്കും യഹൂദിക്കും ദേവ്സമാജക്കാരനും വിയോജിപ്പുണ്ടായിരുന്നില്ല. എന്നല്ല എല്ലാ കക്ഷിയിലും വിഭാഗത്തിലും പെട്ടയാളുകൾ ഇന്നത്തെ ഈ അത്ഭുതകരമായ വികാരവും അതുല്യമായ ആകർഷണവും സ്വാധീനിക്കപ്പെട്ട് അവരുടെ മനസ്സ് യഥാർഥത്തിൽ മൃദുലമായിത്തീർന്നിരുന്നു. കാണുന്നതും കേൾക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഈ പരിപാടിയുടെ ചിത്രം വാക്കുകളിൽ പറയാൻ സാധ്യമല്ല. ചുരുക്കിപ്പറഞ്ഞാൽ ആ സമ്മേളനം അതിന്റെ അന്തരീക്ഷം നിമിത്തം തീർച്ചയായും മഹത്തായതും അതുല്യവും നിസംശയം അസാധാരണവുമായിരുന്നു.

1(4). ഉപന്യാസം ആരംഭിക്കാൻ പോകുകയായിരുന്നു. ജനങ്ങൾ അനിയന്ത്രിതമായി ലഹരിയിലാകാൻ തുടങ്ങി. അവരുടെ നാവുകളിൽ നിർവ്യാജമായി സുബ്ഹാനല്ലാഹ് ! സുബ്ഹാനല്ലാഹ്! എന്ന വചനങ്ങൾ ഒഴുകാൻ തുടങ്ങി. മെസ്മരിസത്തിന്റേയും ഹിപ്നോട്ടിസത്തിന്റേയും പ്രാക്ടീസുകൊണ്ട് ഇതു സാധ്യമാകുമെന്ന് കേട്ടിട്ടുണ്ടായിരുന്നു. എന്നാൽ, ആയിരക്കണക്കിന് ആളുകളുടെ ഇത്തരം ഒരുകൂട്ടത്തിൽ- അതിലാണെങ്കിൽ വിവിധ കഴിവുള്ളവരും, വിശ്വാസാദർശക്കാരും ചിന്താഗതിക്കാരുമുണ്ട്- ഈ അവസ്ഥയിലെത്തുകയെന്നത് തീർച്ചയായും അമാനുഷികതയുടേയും ദിവ്യദൃഷ്ടാന്തത്തിന്റേയും സ്വാധീനഫലം തന്നെയായിരുന്നു. ഹദ്റത്ത് മൗലാനാ മൗലവി അബ്ദുൽ കരീം സാഹിബിന് വിശുദ്ധഖുർആനോടു ഒരു പ്രേമമുണ്ടായിരുന്നുവെന്നത് ശരിതന്നെയായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ശബ്ദത്തിലും ആകർഷണത്തിന്റെ മിന്നലാട്ടം സൃഷ്ടിച്ചു. അതുപോലെതന്നെ അദ്ദേഹം ആ ഖുർആനിക വചനങ്ങളുടെയും വിഷയങ്ങളുടേയും പരസ്പര ബന്ധത്തിലും യാഥാർഥ്യങ്ങളിലും ആകർഷിതനായി ഉള്ളുരുകിയും ആവേശത്തോടെയും വിശുദ്ധഖുർആൻ പാരായണം ചെയ്യുമ്പോൾ, അദ്ദേഹത്തിന്റെ ആ അവതരണം അദ്ദേഹത്തിന്റെ മാനസികാവസ്ഥകൾ അഭിരുചിയോടും സന്തോഷത്തോടുംകൂടിചേർന്ന് ശ്രോതാക്കളെ ആകർഷിക്കാതിരിക്കാൻ വിടില്ല. എന്നാൽ, ആ സദസ്സിന്റെ അവസ്ഥ തികച്ചും അനുപമമായിരുന്നു. എങ്ങനെ അത് സമാനമാക്കിയെന്നാൽ, ആദ്യം മുതൽ അവസാനംവരെ വിശുദ്ധഖുർആൻ വചനങ്ങളായാലും അവയുടെ തഫ്സീറും വിശദീകരണവുമായാലും മുഴുവൻ വിഷയവും എത്രത്തോളം സാഹിത്യസമ്പുഷ്ടവും, അർഥഗാംഭീര്യവും ആകർഷണീയവും ഹൃദയഹാരിയുമായിരുന്നുവെന്നാൽ, മൗലാനാ സാഹിബിന്റെ വായനാരീതിയിൽ വ്യത്യാസം വന്നില്ല. ആസ്വാദനാവേശംകൊണ്ട് മങ്ങിപ്പോയതുമില്ല. ഈശ്വരീയജ്ഞാനങ്ങളുടെ ബാഹുല്യതയോടുകൂടി വാക്യങ്ങളുടെ സ്ഫുടതയും ഒഴുക്കും വിഷയത്തിന്റെ സവിശേഷതയും ഉൽകൃഷ്ടതയും ശ്രോതാക്കളെ ഇന്ദ്രജാലമന്നപോലെ സ്വയം മറപ്പിച്ചുകളഞ്ഞു. ഞാൻ കേട്ടതാണ്. ഹിന്ദുവും സിക്കും എന്നല്ല 'കട്ടർ' ആര്യസമാജക്കാരനും ക്രിസ്ത്യാനികൾവരെ നിഷ്കളങ്കമായി സുബ്ഹാനല്ലാഹ് സുബ്ഹാനല്ലാഹ് വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. ആയിരക്കണക്കിന് മനുഷ്യരുടെ ഈ ആൾക്കൂട്ടം നിശ്ചലമായി ഇരിക്കുകയായിരുന്നു; ബിംബം ഇരിക്കുന്നതുപോലെ. അവരുടെ തലകളിൽ പക്ഷികൾ വന്നിരുന്നാൽപോലും അത്ഭുതപ്പെടാനില്ല. ഉപന്യാസത്തിന്റെ ആത്മീയാവസ്ഥ മനസ്സുകളെ വലയം ചെയ്യുകയും അത് വായിക്കുന്നതിന്റെ മുഴക്കംകൊണ്ട് ശ്വാസമെടുക്കുന്ന ശബ്ദംപോലും കേട്ടിരുന്നില്ല. എത്രത്തോളമെന്നാൽ, ദൈവനിശ്ചയമെന്നുപറയട്ടെമൃഗങ്ങൾപോലുംനിശബ്ദരായിരുന്നു. ഉപന്യാസത്തിന്റെ കാന്തികശക്തിയുടെ സ്വാധീനത്തിൽ വെളിയിൽനിന്നുള്ള ഒരു ശബ്ദവും അലോസരപ്പെടുത്തിയില്ല. തുടർച്ചയായി രണ്ടുമണിക്കൂർ ഇതേ അവസ്ഥതന്നെയായിരുന്നു.

വ്യസനകരമെന്നു പറയട്ടെ, ഞാൻ ആ അവസ്ഥ പ്രകടിപ്പിക്കാൻ അശക്തനാണ്. എനിക്കതിനു കഴിയുമായിരുന്നെങ്കിൽ, എന്തൊന്നാണോ ഞാൻ അവിടെ കണ്ടത്, കേട്ടത് അതിന്റെ പത്തിലൊന്നുപോലും വിവരിക്കാൻ സാധിക്കുന്നില്ല. ഇതുമുഖേന ഈ വൈജ്ഞാനികമായ ദിവ്യദൃഷ്ടാന്തത്തിന്റേയും അടയാളത്തിന്റേയും മഹത്ത്വം ലോകത്ത് വെളിപെട്ട് ദൈവസൃഷ്ടികളുടെ ചെവി സത്യം കേൾക്കുകയും മനസ് അത് സ്വീകരിക്കാൻ തയ്യാറാകുകയും ചെയ്തിരുന്നെങ്കിൽ! അതുമുഖേന മുഴുലോകത്തിന്റെയും പാപവും കുറ്റവും അശ്രദ്ധയും അകന്ന് ആയിരക്കണക്കിനു മനുഷ്യർക്ക് സത്യം സ്വീകരിക്കാൻ തൗഫീഖ് കിട്ടിയിരുന്നെങ്കിൽ!

(15). മൂന്നരമണിയായി. സമയം അവസാനിച്ചു. ഇക്കാരണത്താൽ കുറച്ചു നിമിഷത്തേക്ക് ആസ്വാദ്യരതിവും സന്തോഷകരവുമായ അവസ്ഥയിൽ വിളംബമുണ്ടായി. അടുത്ത അരമണിക്കൂർ മൗലവി മുബാറക് അലി സാഹിബ് സിയാൽക്കോട്ടിയുടെ പ്രബന്ധാവതരണത്തിനുള്ളതായിരുന്നു. അദ്ദേഹം വേഗം എഴുന്നേറ്റുനിന്ന്- ഈ വിഷയംതന്നെ തുടർന്നുപോകുക എന്ന പൊതുജനത്തിന്റെ ആവശ്യം മാനിച്ച് തന്റെ സമയംകൂടി നല്കി. അദ്ദേഹം തന്റെ സമയം സ്വന്തം ഇഷ്ടപ്രകാരം- ഈ വിലപിടിച്ച വിഷയത്തിൽ ബലിയർപ്പിക്കുന്നുവെന്ന് വിളംബരം ചെയ്തു. അങ്ങനെ വീണ്ടും ആ ഹൃദയഹാരിയായ വിഷയം അവതരിപ്പിക്കാൻ തുടങ്ങി. പിന്നീട് ആദ്യത്തെ അവസ്ഥ തിരിച്ചുവന്നു. നാലുമണിയായി. എന്നാൽ, ഉപന്യാസം ഇനിയും ബാക്കിയുണ്ടായിരുന്നു. ജനങ്ങളുടെ ദാഹം ശമിക്കുന്നതിനു പകരം കൂടിക്കൊണ്ടിരുന്നു. ശ്രോതാക്കളുടെ നിർബന്ധവും സംഘാടകരുടെ താൽപര്യവും കാരണത്താൽ ഉപന്യാസം വായിച്ചുകൊണ്ടിരുന്നു. അങ്ങനെ അഞ്ചരമണിയായി. രാത്രിയുടെ ഇരുട്ട് തന്റെ കറുത്ത പുതപ്പ് വ്യാപിപ്പിക്കാൻ തുടങ്ങി. നിർബന്ധാവസ്ഥയിൽ ഈ അങ്ങേയറ്റം മാധുര്യവും ഈശ്വരജ്ഞാനഭരിതവും സന്തോഷം പ്രദാനം ചെയ്യുന്നതുമായ


## ഹദീഥുന്നബ്വി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

## ഹദീഥുന്നബ്വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

വിഷയം സമാപിച്ചു. ബാക്കി ഭാഗം ഡിസംബർ 29ന് വായിക്കാൻ മാറ്റിവച്ചു.

ഈ രുചിയും സന്തോഷവും അനുഭവിക്കാത്ത ഒരു മനസ്സുമുണ്ടായിരുന്നില്ല. അതിന്റെ സവിശേഷതയും മികവും ഏറ്റുപറയുകയും അംഗീകരിക്കുകയും ചെയ്യാത്ത ഒരു നാവുമുണ്ടായിരുന്നില്ല. എല്ലാവരും തങ്ങളുടെ അവസ്ഥകൊണ്ടും വാക്കുകൊണ്ടും യഥാർഥത്തിൽ ഈ ഉപന്യാസം മറ്റെല്ലാ ഉപന്യാസങ്ങളേയും കവച്ചുനിന്നു എന്നു അംഗീകരിക്കുകയായിരുന്നു. അതിന്റെ മികവും ചാരുതയുടേയും സവിശേഷതയുടേയും കാരണത്താൽ ആ സമ്മേളനത്തിന്റെ സൗന്ദര്യമായി മാറി. ഇതുമാത്രമല്ല മറിച്ച് ഞാൻ എന്റെ ചെവികൾകൊണ്ട് കേൾക്കുകയും കണ്ണുകൾകൊണ്ട് കാണുകയും ചെയ്തു. നിരവധി ഹിന്ദുക്കളും സിക്കുസാഹിബുമാരും മുസ്‌ലിമീങ്ങളും ആശ്ലേഷിച്ചുകൊണ്ടു പറയുന്നുണ്ടായിരുന്നു, ഇതാണ് വിശുദ്ധഖുർആന്റെ അധ്യാപനമെങ്കിൽ, ഇന്ന് മിർസാ സാഹിബ് വിവരിച്ചതാണ് ഇസ്‌ലാമെങ്കിൽ ഞങ്ങൾ ഇന്നല്ലെങ്കിൽ നാളെ ഇതിനെ സ്വീകരിക്കാൻ നിർബന്ധിതരാകും. മിർസാ സാഹിബ് ഇതേരീതിയിലുള്ള ഒന്നുരണ്ട് ഉപന്യാസം കേൾപിച്ചാൽ ഇസ്‌ലാംതന്നെ ഞങ്ങളുടെയും മതമാകുമെന്നതിൽ ഒരു സംശയവുമില്ല."

(16). ഡിസംബർ 27ലെ സമ്മേളനം സമാപിച്ചു. ജനങ്ങൾ വീട്ടിലേക്കു പോകുകയായിരുന്നു. സമ്മേളനനഗരിയുടെ കവാടത്തിൽ ഞാൻ കണ്ടു, ഹദ്റത്ത് മസീഹ് മൗഊദ്(അ) തയ്യാറാക്കി അച്ചടിപ്പിച്ച് എന്റെ കൈയിൽ തന്നുവിട്ട് അതേ പോസ്റ്ററുകൾ രണ്ടുപേർ നിന്ന് വിതരണംചെയ്യുകയാണ്. ജൽസയുടെ മുമ്പേ വളരെയധികം വിതരണം ചെയ്യണമെന്നാണ് ഹുദൂർ പറഞ്ഞിരുന്നത്. എന്നല്ല ഇതു തീർന്നുപോയാൽ ലാഹോറിൽനിന്ന് വീണ്ടും അച്ചടിപ്പിച്ച് വിതരണം ചെയ്യണമെന്നും താക്കീത് ചെയ്തു പറഞ്ഞിരുന്നു; ദൈവത്തിന്റെ ഈ അടയാളത്തിന്റെ മഹത്ത്വം പ്രകടമാകുകയും അതുമുഖേന സൗഭാഗ്യരായവർ സത്യം സ്വീകരിക്കാൻ തയ്യാറാകുകയും ചെയ്യുന്നതിനുവേണ്ടി! എന്നാൽ, എന്താണുണ്ടായത് ഖ്വാജ കമാലുദ്ദീൻ സാഹിബ് ഭയന്ന കാരണത്താൽ ആദ്യം ലോകം ദൈവിക അടയാളത്തിന്റെ മഹത്ത്വം ദർശിച്ചു; അതിന്റെ വിജയം ഏറ്റുപറയുകയും സ്വീകരിക്കുകയും ചെയ്തു. പിന്നീട് അവർക്ക് വിജ്ഞാപനം എത്തിക്കപ്പെട്ടു; അതാണെങ്കിൽ ഒരുപാട് ദിവസം മുമ്പേ അച്ചടിച്ചുവെച്ചതും നല്ല വണ്ണം പ്രചരിപ്പിക്കുന്നതിന് അയച്ചുകൊടുത്തതുമാണ്. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഖ്വാജ സാഹിബിന്റെ ഈ ദൗർബല്യത്തിന്റേയും വീഴ്ചയുടേയും വിവരം കിട്ടിയപ്പോൾ ഹുദൂർ(അ) ദ്വേഷപ്പെട്ടു. ഒരുപാട് ദിവസംവരെ എപ്പോഴൊക്കെ ഈ ദൈവികാടയാളത്തിന്റെ ചർച്ച നടക്കുകയും അല്ലെങ്കിൽ അതിന്റെ വിജയത്തെക്കുറിച്ച് റിപ്പോർട്ടുകൾ ലഭിക്കുകയും ചെയ്തുകൊണ്ടിരുന്നതിനോടൊപ്പം ഖ്വാജ സാഹിബിന്റെ ഈ ദൗർബല്യത്തിൽ ഖേദപ്രകടനവും കേൾക്കാൻ കഴിഞ്ഞിരുന്നു.

ഉപന്യാസത്തിന്റെ സ്വീകാര്യതയിലും പൊതുജനങ്ങളുടെ നിർബന്ധത്തിലും തേട്ടത്തിലും ആകർഷിതരായി മാനേജിംഗ് കമ്മിറ്റിയുടെ പ്രത്യേക മീറ്റിംഗ് ചേർന്നു. അതിൽ ഹദ്റത്ത് മിർസാ സാഹിബിന്റെ ഉപന്യാസം വായിച്ചു മുഴുമിപ്പിക്കുന്നതിനുവേണ്ടി കമ്മിറ്റി അതിന്റെ പരിപാടിയിൽ ഒരു ദിവസം കൂടി അധികമാക്കി. അതായത് നാലാം ദിവസമായ 29നും ഉൾപ്പെടുത്തുന്ന പ്രമേയം പാസാക്കി.

ഹുദൂർ(അ)ന്റെ ഉപന്യാസത്തിന്റെ അസാധാരണമായ സ്വീകാര്യത അന്യർക്ക് എങ്ങനെ സന്തോഷം നല്കാനാണ്? മൗലവി മുഹമ്മദ് അബ്ദുല്ലഹ് സാഹിബ് തനിക്കും സമയം വർധിപ്പിച്ചുതരണമെന്ന് വാശിപിടിച്ചു. അങ്ങനെ അരമണിക്കൂർ അദ്ദേഹത്തിനും കൂട്ടിക്കൊടുത്തു. എന്നാൽ, രണ്ടാംദിവസം അദ്ദേഹം വന്നതുതന്നെയില്ല. തന്റെ സമയം മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയ്ക്കു കൊടുത്തു. ഇതിന്റെ കാരണം വ്യക്തമാണ്. കള്ളി പുറത്തുചാടി. എന്നാൽ, അല്ലാഹുവിന്റെ തേജോവിലാസം! ഹാജർനില മുമ്പത്തേയുള്ള ദിവസത്തെപോലെ പ്രോത്സാഹനജനകമായിരുന്നില്ല; ജൽസാഗാഹ് നിറയുമെന്നുള്ള പ്രതീക്ഷയിൽ സമയം കടന്നുപോയി. സദസ്സിന് ഇന്നലത്തെ തിളക്കമുണ്ടായിരുന്നില്ല. മൗലവി മുഹമ്മദ് ഹുസയ്നും എഴുന്നേറ്റുനിന്നില്ല. അവസാനം ഒരുപാട് കാത്തുന്നതിനുശേഷവും, ആ ആഗ്രഹം സഫലമാകുന്നത് കാണാൻ കഴിഞ്ഞില്ല. അവസാനം മനമില്ലാമനസ്സോടെ നിർബന്ധിതനായി എഴുന്നേറ്റുനില്ക്കുകയും എന്തൊന്നാണോ എഴുതിയത് വായിക്കുകയും ചെയ്തു. കൂടുതൽ സമയം ചോദിച്ചുവാങ്ങിയിട്ടും സ്വയം സന്തോഷിച്ചില്ല; പൊ തുജനം ശ്ലാഘിച്ചതുമില്ല.

(17). ഡിസംബർ 29 രാവിലെ ഒമ്പതരമണിക്ക് സമ്മേളന പരിപാടിയ്ക്ക് തുടക്കം കുറിക്കാൻ പോകുകയായിരുന്നു. ഡിസംബറിന്റെ അവസാനം. അസഹ്യമായ തണുപ്പ്, നേരമാണെങ്കിൽ അതിരാവിലേയും. ആളുകൾ പ്രാഥമിക കർമങ്ങൾ ചെയ്യുന്നതുപോകട്ടെ, ഇത്രരാവിലെ പൊതുവെ നഗരവാസികൾ ഉണരുന്ന ശീലക്കാരുമല്ല. ഹാജർനില കുറഞ്ഞുപോകുമോ എന്ന ആശങ്കയുണ്ടായി; അങ്ങനെ ഇന്നലത്തെപോലുള്ള ആസ്വാദ്യത കിട്ടാതിരിക്കുമോ! എന്നാൽ, അല്ലാഹുവിന്റെ പ്രവൃത്തി ഒരു അസാധാരണ സ്വാധീനവും കാന്തികാകർഷണവും ഉൾക്കൊള്ളുന്നതാണ്. അതിനെ തടയാൻ ആർക്കും സാധിക്കുകയില്ല. മനുഷ്യൻ അലസതയും മടിയും കാണിക്കുകയാണെങ്കിൽ അവൻ മലക്കുകളെക്കൊണ്ട് പണിയെടുപ്പിക്കുന്നു. അങ്ങനെ അതിരാവിലെ തന്നെ പ്രഭാതം പൊട്ടിവിടർന്നുടനെ, തണുപ്പത്ത് വിറച്ചും കുനിഞ്ഞും ദൈവസൃഷ്ടികൾ കൂട്ടം കൂട്ടമായി, സംഘം സംഘമായി എത്രത്തോളം വേഗത്തിൽ വന്നുവെന്നാൽ 27ലെ ഉച്ചയ്ക്കുശേഷമുള്ള കാഴ്ചയും മങ്ങിപ്പോയി. സമ്മേളനം അങ്ങേയറ്റം ഗാംഭീര്യത്തോടും മഹത്ത്വത്തോടും തുടർന്നു. അങ്ങേയറ്റം വിജയത്തോടെ സമാപിച്ചു. ഇപ്രകാരം ഹുദൂറിന്റെ ഉപന്യാസം സർവലോകത്തിനുംമേൽ *അലാ റഗ്മി ഉനൂഫിൽ അഅ്ദാഇ* അതിന്റെ വിജയം, സവിശേഷത, വിജയത്തിന്റേയും മഹത്ത്വത്തിന്റേയും യാഥാർഥ്യത്തിന്റേയും സ്വാധീനം ചെലുത്തി വൈജ്ഞാനിക ലോകത്തിന് എന്നെന്നും നിലനില്ക്കുന്ന ദൃഷ്ടാന്തമായി ആകാശലോകത്ത് സൂര്യനേയും ചന്ദ്രനേയുംപോലെ വിളങ്ങാൻ തുടങ്ങി. സുഹൃത്തുക്കൾ അവിടെ നില്ക്കട്ടെ, ശത്രുക്കൾക്കുപോലും പ്രശംസിക്കാതിരിക്കാൻ കഴിഞ്ഞില്ല. സ്വന്തക്കാരും അന്യരും പൊതുജനങ്ങളും സംഘാടകരും ചുരുക്കത്തിൽ എല്ലാവരും എല്ലാ വകുപ്പിലും ഇതേ ഉപന്യാസത്തിന്റെ ചർച്ചയും നാവുകളിൽ സത്യവും ഒഴുകുകയും ചെയ്തു. പത്രങ്ങൾ ലേഖനങ്ങൾ എഴുതി ആ സത്യത്തെ ഏറ്റുപറയുകയും അംഗീകരിക്കുകയും ചെയ്തു. സംഘാടക സമിതി തങ്ങളുടേതായി ഈ ഏറ്റുപറച്ചിൽ ബന്ധപ്പെട്ട റിപ്പോർട്ടിൽ രേഖപ്പെടുത്തി യാഥാർഥ്യം വെളിപ്പെടുത്തി. 'ഉദിച്ചുയർന്ന ചന്ദ്രൻ മറഞ്ഞിരിക്കുകയില്ല' എന്ന ചൊല്ല് സത്യമാണ്.

ഇതിനെ നിഷേധിക്കുക എന്നത് വിഡ്ഢിത്തത്തിനുള്ള തെളിവാണ്. ഇപ്രകാരം അല്ലാഹു മുമ്പേതന്നെ തന്റെ പരിശുദ്ധനും സ്വീകാര്യനുമായ ദാസൻ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന എന്തൊന്നാണോ പറഞ്ഞിരുന്നത് അതു പുലരുകതന്നെ ചെയ്തു. അല്ലാഹു പറഞ്ഞത് പൂർത്തിയായി. ഭൗതികലോകത്തിന്റെ ഒരു ശക്തിക്കും ഒരു പദ്ധതിക്കും ഒരു തന്ത്രത്തിനും ഒരു അടവിനും ദൈവവചനം പൂർത്തിയാകുന്നതിന് തടസ്സമാകാൻ സാധിച്ചില്ല.

(18). ധർമമഹോത്സവത്തിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കപ്പെട്ടു. സംഘാടകസമിതി- അതിലെ അംഗങ്ങൾ എല്ലാ മതത്തിലേയും ജാതിയിലേയും മെമ്പർമാരും ഉന്നതവിഭാഗത്തിലുള്ള ഉത്തരവാദപ്പെട്ടവരുമാണ്- വരവുചെലവുകണക്കുകൾ പ്രസിദ്ധീകരിച്ചു. ഈ സമ്മേളനത്തിൽ വായിക്കപ്പെട്ട എല്ലാ ഉപന്യാസങ്ങളും അല്ലെങ്കിൽ അതിനുവേണ്ടി എഴുതപ്പെട്ടതും അതേപടി രേഖപ്പെടുത്തപ്പെട്ടു; ഈ മതപരമായ പോരാട്ടവും രണാങ്കണത്തിൽ വന്ന എല്ലാവരേയും ഒരുപോലെകണ്ട് ചിന്തിക്കുകയും തീരുമാനമെടുക്കുകയും ചെയ്യുന്നതിനും സത്യാസത്യങ്ങൾ തമ്മിൽ വിവേചിച്ചറിയാനുംവേണ്ടി. എന്നാൽ, യാഥാർഥ്യമിതായിരുന്നു. വിശുദ്ധഖുർആന്റെ മഹത്ത്വവും ഇസ്‌ലാമിന്റെ യാഥാർഥ്യവും മുഹമ്മദു റസൂലുല്ലായുടെ സത്യസാക്ഷ്യവും സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവസാമീപ്യം പ്രാപിച്ചയാളും സ്വീകാര്യനായ ദാസനും അവൻ പറയുന്നത് സംസാരിക്കുന്നവനാണെന്നും അറിയുക. ഇതെല്ലാം അദ്ദേഹം അല്ലാഹുവിന്റെ സത്യവാനായ നബിയാണെന്നും റസൂലാണെന്നുമുള്ളതിന് സാക്ഷ്യവും തെളിവും പ്രമാണവുമായി എന്നെന്നും നിലനില്ക്കുന്നതാണ്.ഹുദൂറിന്റെ ഈ ഉപന്യാസമാണ് 'ഇസ്‌ലാമി ഉസ്വൂൽ കി ഫലാസഫി' എന്ന പേരിൽ ഉർദുവിലും 'ടീച്ചിംഗ്സ് ഓഫ് ഇസ്‌ലാം' എന്ന പേരിൽ ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആയിരക്കണക്കിന് ലക്ഷക്കണക്കിന് പ്രതികളാണ് ഇത് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്. അങ്ങനെ ലോകത്തിന്റെ ആത്മീയമായ ആസ്വാദനത്തിനും സന്തോഷത്തിനുമുള്ള സാഹചര്യങ്ങൾക്കും സന്മാർഗത്തിന്റെ വഴികൾ എളുപ്പമാക്കുകയും ചെയ്യുന്നു. ഇതുമാത്രമല്ല മറിച്ച് ലോകത്തിലെ മറ്റു പല ഭാഷകളിലും ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചുവരുന്നു.

19. ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കപ്പെട്ടു. അല്ലാഹുവിന്റെ ദൈവത്വം സാക്ഷിയാണ്. ആയിരക്കണക്കിനാളുകൾ എന്തൊന്നാണോ സമ്മേളനത്തിൽ കണ്ടതും കേട്ടതും അതുതന്നെയാണ് റിപ്പോർട്ടിൽ രേഖപ്പെടുത്തപ്പെട്ടത്. മതങ്ങളുടെ

ശേഷം പേജ് 18 ൽ

# ജൻഗെ മുഖദ്ദസ് (വിശുദ്ധയുദ്ധം)

## ഹദ്റത്ത് മസീഹ് മൗഊദും(അ)ഡപ്യൂട്ടി അബ്ദുല്ലാഹ് ആഥിമും തമ്മിൽ നടന്ന മഹത്തായ വാദപ്രതിവാദം

1893 മെയ് 22 മുതൽ 1893 ജൂൺവരെ അമൃതസറിൽ ക്രിസ്ത്യാനികളുടേയും മുസ്ലി മീങ്ങളുടേയും ഇടയിൽ ഒരു വാദപ്രതിവാദം നടന്നു. ഇസ്‌ലാമിന്റെ ഭാഗത്തുനിന്ന് സയ്യി ദുനാ ഹദ്റത്ത് മസീഹ് മൗഊദും(അ) ക്രിസ്ത്യാനികളുടെ ഭാഗത്തുനിന്ന് ഡപ്യൂട്ടി അബ്ദുല്ലാഹ് ആഥിമുമായിരുന്നു അതിൽ വാദപ്രതിവാദം നടത്തുന്നവർ. ഈ വാദപ്ര തിവാദം 'ജൻഗെ മുഖദ്ദസ്' എന്ന പേരിൽ ദാറുൽഅമാനിലെ ളിയാഉൽ ഇസ്‌ലാം പ്ര സിൽനിന്ന്, ഹാജി ഹാഫിള് ഹക്കീം ഫള്ൽ ദീൻ സാഹിബിന്റെ മേൽനോട്ടത്തിൽ 1904 ഒക്ടോബർ 20ന് പ്രസിദ്ധീകരിക്കുകയുണ്ടായി. അനുവാചകർക്ക് റൂഹാനീ ഖസാഇൻ വാള്യം 6-ൽ ഇതു വായിക്കാവുന്നതാണ്. ഇവിടെ ഹദ്റത്ത് മൗലാനാ ജലാലുദ്ദീൻ സാ ഹിബ് ശംസ്(റ) റൂഹാനീ ഖസാഇന്റെ വാള്യം 6ന്റെ തുടക്കത്തിൽ ഈ ഗ്രന്ഥത്തെ പ രിചയപ്പെടുത്തി എഴുതിയ ഭാഗമാണ് മാന്യവായനക്കാർക്കായി അവതരിപ്പിക്കുന്നത് (എഡിറ്റർ)

'ജൻഗെ മുഖദ്ദസ്' എന്ന ഗ്രന്ഥം അമൃതസറിൽ മുസ്‌ലിമീങ്ങളും ക്രിസ്ത്യാനികളും തമ്മിൽ 1893 മെയ് 22 മുതൽ 1893 ജൂൺ 5 വരെ നടന്ന വാദ പ്രതിവാദത്തിന്റെ സമ്പൂർണ റിപ്പോർട്ടിന്റെ പേ രാണ്.

വാദപ്രതിവാദത്തിനുള്ള കാര്യഹേതുക്കൾ: റൂഹാ നീ ഖസാഇന്റെ വാള്യം ഒന്നിലും മൂന്നിലും നാം പഞ്ചാബിലേയുംഇന്ത്യയിലേയുംക്രൈസ്തവമിഷ ണറിമാരുടെ പ്രവർത്തനങ്ങളെ കുറിച്ച് പറഞ്ഞു കഴിഞ്ഞു. അക്കാലത്ത് ക്രൈസ്തവമതത്തിന്റെ പ്രബോധന പ്രവർത്തനം പരമോച്ചിയിലായിരുന്നു വെന്ന് നാം എഴുതിക്കഴിഞ്ഞിട്ടുള്ളതാണ്. വിവിധ നഗരങ്ങളിലും ഗ്രാമങ്ങളിലും അവരുടെ മിഷൻ സ്ഥാപിതമായിരുന്നു. ഇന്ത്യയിൽ മുസ്‌ലിമീങ്ങളും മറ്റു ജനതകളിലെ ആളുകളും ഒന്നിനു പിറകെ ഒന്നായിക്രിസ്ത്യാനിയായിക്കൊണ്ടിരുന്നു. കുറച്ചു വർഷങ്ങൾക്കുള്ളിൽ ഹിന്ദുസ്താൻ ക്രൈസ്ത വമതത്തിന്റെ മടിത്തട്ടിൽ വരുമെന്ന് സങ്കല്പി ക്കപ്പെട്ടിരുന്നു. അങ്ങനെ 1888-ൽ പഞ്ചാബിലെ ലഫ്റ്റനന്റ് ഗവർണർ ചാൾസ് എയ്ച്ചിസൺ ശിംല എന്ന സ്ഥലത്ത് ക്രിസ്തീയ മിഷണറിമാരുടെ ഒരു മീറ്റിംഗിൽ പ്രസംഗിച്ചുകൊണ്ട് പറഞ്ഞു:

'ഏതൊരു വേഗത്തിലാണോ ഹിന്ദുസ്താനിലെ നി സാരമായ ജനസംഖ്യയിൽ വർധന ഉണ്ടായിക്കൊ ണ്ടിരിക്കുന്നത് അതിനേക്കാൾ നാലഞ്ചിരട്ടി വേഗ ത്തിലാണ് ക്രൈസ്തവമതം ഈ രാജ്യത്ത് വ്യാപി ച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഹിന്ദുസ്താനി ലെ ക്രൈസ്തവരുടെ അംഗസംഖ്യ പത്തുലക്ഷ ത്തിന്നടുത്ത് എത്തിക്കഴിഞ്ഞിരിക്കുന്നു.' (ദി മി ഷൻസ്, രചയിതാവ് റവറെന്റ് റോബർട്ട് ക്ലാർക്ക്)

അടിക്കുറിപ്പ്: റവറെന്റ് റോബർട്ട് ക്ലാർക്ക് തന്റെ ഗ്രന്ഥമായ 'ദ മിഷൻസ് ഓഫ് ഡി.സി.എം.എസ് ഇൻ പഞ്ചാബ് ആന്റ് സിന്ധ്'പ്രസാധകർ സി. എം.എസ്. ലണ്ടൻ, 1904-ൽ ഈ വാദപ്രതിവാ ദത്തെ ദി ഗ്രേറ്റ് കോൺട്രവേർസി അതായത് ഒരു മഹത്തായ വാദപ്രതിവാദമെന്ന് പ്രഖ്യാപിച്ചു. ഈ വാദപ്രതിവാദത്തിന് ജൻഗെ മുഖദ്ദസ് അഥവാ വിശുദ്ധയുദ്ധം എന്നു പേരിട്ടത് ഡോക്ടർ ഹെൻറി മാർട്ടിൻ ക്ലാർക്കായിരുന്നു.

അടിക്കുറിപ്പ്: അബ്ദുല്ലാഹ് ആഥിം ഏകദേ ശം 1838-ൽ അമ്പാല എന്ന സ്ഥലത്ത് ജനിച്ചു. 1853 മാർച്ച് 28ന് അദ്ദേഹം കറാച്ചിയിൽ ജ്ഞാന സ്നാനം ചെയ്തു. ആ അവസരത്തിൽ അദ്ദേഹം തന്റെ പേരിനോടൊപ്പം ആഥിം അതായത് 'പാപി' എന്ന പദം ചേർത്തു. ആദ്യം അമ്പാല, തറൻതാരൻ, ബട്ടാല എന്നിവിടങ്ങളിൽ ഇ.എ.സിയുടെ ഔദ്യോ ഗിക സ്ഥാനത്തിരുന്നു. പിന്നീട് റിട്ടയേർഡായതി നുശേഷം അദ്ദേഹം തന്റെ സേവനങ്ങൾ അമൃ തസർ മിഷനെ ഏല്പിച്ചു. ഇസ്‌ലാമിനെതിരിൽ കുറച്ചു ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്.

അതിനു മുമ്പേ 1851-ൽ ഇന്ത്യയിലെ ക്രിസ്ത്യാനി കൾ വെറും 91092 ആയിരുന്നു. 1881-ൽ അവ രുടെ അംഗസംഖ്യ 417372 ആയിരുന്നു. ഈ വാദപ്രതിവാദം നടന്ന കാലത്ത് ക്രൈസ്തവ മിഷണറിമാരായ യൂറോപ്യൻകാരും ഇന്ത്യക്കാരും പഞ്ചാബിലെ നിരവധി സ്ഥലങ്ങളിൽ ആളുകളെ ക്രൈസ്തവമതത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരി ക്കുകയായിരുന്നു. ദജ്ജാൽ പൂർണമായ ശക്തി യോടെ ഇസ്‌ലാം മതത്തെ നശിപ്പിക്കുന്നതിനു വേണ്ടി സദാ വ്യാപൃതരായിരുന്നു. ഇസ്‌ലാമിന്റെ ഉലമാ മുയലിന്റെ സ്വപ്നത്തിലുമായിരുന്നു. ഏറ്റ വുമാദ്യം ചർച്ച് മിഷണറി സൊസൈറ്റി ഇന്ത്യയിൽ 1799-ൽ പ്രബോധന പ്രവൃത്തിക്ക് തുടക്കം കുറിച്ചു. പക്ഷേ, അക്കാലത്ത് നിരവധി മിഷ ണറി സൊസൈറ്റികൾ പണിയെടുത്തുകൊണ്ടി രുന്നു. അവരുടെ ഹെഡ്കോർട്ടേഴ്സ് ഇംഗ്ലണ്ട്, ജർമനി, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലായി രുന്നു. 1901-ൽ ഈ മിഷണറി സൊസൈറ്റിക ളുടെ എണ്ണം 37 ആയിരുന്നു. മിഷണറിമാരുടെ വലിയൊരു വിഭാഗം ഈ സൊസൈറ്റികളൊന്നു മായും ബന്ധം പുലർത്തിയിരുന്നില്ല. മധേഷ്യയിൽ ക്രൈസ്തവ മിഷണറി പ്രവർത്തനത്തിനായി പഞ്ചാബിനെ ഒരു സ്വാഭാവിക ബേസായി മന സ്സിലാക്കിയിരുന്നു. പഞ്ചാബിലെ പ്രസിദ്ധമായ 13 നഗരങ്ങളിൽ അവരുടെ വലിയ വലിയ മിഷ നുണ്ടായിരുന്നു. അവയിൽ ഒരു മിഷൻ അമൃത സറിലായിരുന്നു. ചർച്ച് മിഷണറി സൊസൈറ്റി 1852ലാണ് ഈ മിഷൻ സ്ഥാപിച്ചത്. അമൃതസർ ജില്ലയിലെ ജണ്ടിയാലയിൽ ക്രൈസ്തവ മിഷന് തറക്കല്ലിട്ടത് 1854-ൽ ആയിരുന്നു. പക്ഷേ, ഡോ ക്ടർ ഹെൻട്രി മാർട്ടിൻ ക്ലാർക്ക് എം.ഡി.സി.എം. (എഡ്വംബ്ര) എം.ആർ.എസ്.സി.എം.എസ് അമൃ തസർ ജില്ലയിലെ മെഡിക്കൽ മിഷണറി ഇൻ ചാർജായിരുന്നപ്പോൾ അദ്ദേഹം 1882-ൽ അമൃ തസർ മെഡിക്കൽ മിഷന്റെ ഒരു ശാഖ ജണ്ടിയാ യിലും തുടങ്ങി. അത് ക്രൈസ്തവ മതത്തിന് വളരാനുള്ള പുതിയ കവാടമായിത്തീർന്നു. ക്രൈസ്തവ ഉപദേശികൾ നിരന്തരം ഉപദേശം നടത്തിക്കൊണ്ടിരുന്നു. ജണ്ടിയാലയിലെ മുസ്‌ലി മീങ്ങളിൽ മിയാ മുഹമ്മദ് ബഖ്ശ് പാൻദ ഒരു മദ്രസാ അധ്യാപകനായിരുന്നു. അദ്ദേഹം നിസ്സാ രമായ വിദ്യാഭ്യാസമായിരുന്നിട്ടും എതിരാളിയെ നേരിടാൻ എഴുന്നേറ്റുനിന്നു. അദ്ദേഹം ചില മറ്റു മുസ്‌ലിം സഹോദരങ്ങളേയും ക്രൈസ്തവരുടെ ഉപദേശപ്രസംഗങ്ങളിൽ ചോദ്യം ചോദിക്കാൻ പ ഠിപ്പിച്ചു. അങ്ങനെ ജണ്ടിയാലയിലെ മുസ്‌ലിമീങ്ങ ളും ക്രൈസ്തവ ഉപദേശികളും തമ്മിൽ സംസാ രങ്ങൾ തുടങ്ങി. അവസാനം ജണ്ടിയാലയിലെ ക്രിസ്ത്യാനികൾ ഡോക്ടർ ക്ലാർക്കിനോടു അവ സ്ഥകളെക്കുറിച്ച് പറഞ്ഞു. അപ്പോൾ അദ്ദേഹം ജണ്ടിയാലയിലെ ക്രിസ്ത്യാനികളുടെ ഭാഗത്തു നിന്ന് മിയാ മുഹമ്മദ് ബഖ്ശ് സാഹിബിനെ സംബോധന ചെയ്ത് ജണ്ടിയാലയിലെ മുസ്‌ലി മീങ്ങളുടെ പേരിൽ ഒരു കത്തെഴുതി. അതിൽ ഡോക്ടർ ക്ലാർക്ക് ജണ്ടിയാലയിലെ ക്രിസ്ത്യാനിക ളുടെ ഭാഗത്തുനിന്നെഴുതി:

"താങ്കൾ തനിച്ചോ അല്ലെങ്കിൽ താങ്കളുടെ മത ക്കാരുമായി ആലോചിച്ചോ ഒരു സമയം നിശ്ചയി ക്കുക. താങ്കൾക്ക് തൃപ്തിയാകുന്ന ഏതെങ്കിലും ആളെ അന്വേഷിക്കുക. ഞങ്ങളും നിശ്ചിത സമ യത്ത് മാന്യമായ മജ്‌ലിസിൽ ഞങ്ങളിലൊരാളെ കൊണ്ടുവരുന്നതാണ്. യോഗവും തീരുമാനവും ഉപര്യുക്ത കാര്യങ്ങളുടെ അടിസ്ഥാനത്തിൽ നല്ല വണ്ണം ഉണ്ടാകണം."

വീണ്ടും എഴുതി: 'മുസ്‌ലിമീങ്ങൾ അത്തരം വാദ പ്രതിവാദത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നില്ലെ ങ്കിൽ ഭാവിയിൽ തങ്ങളുടെ വ്യർഥമായ സംസാര ങ്ങൾ സംസാരരംഗത്ത് കൊണ്ടുവരാതിരിക്കുക. ഉപദേശങ്ങൾ നടക്കുന്ന നേരത്തോ മറ്റു അവസര ങ്ങളിലോ അടിസ്ഥാനരഹിതമായ തെളിവ് നല്കു ന്നതിൽനിന്ന് പിൻവാങ്ങി, മൗനംപാലിക്കുക.' (ഹു ജ്ജത്തുൽ ഇസ്‌ലാം, റൂഹാനീഖസാഇൻ, വാള്യം 6, പേജ് 60)

ഈ കത്ത് മിയാ മുഹമ്മദ് ബഖ്ശ് സാഹിബിന് 1893 ഏപ്രിൽ 11ന് കിട്ടി. അത് അദ്ദേഹം തന്റെ കത്തിനോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അയച്ചുകൊടുത്തു. അദ്ദേഹം തന്റെ കത്തിൽ ഇങ്ങനെ അപേക്ഷിച്ചു:

'ജണ്ടിയാലയിലെ മുസ്‌ലിമീങ്ങൾ ഭൂരിഭാഗവും ദുർബലരും മിസ്കീൻമാരുമാണ്. അതുകൊണ്ട് അങ്ങയോട് അപേക്ഷിക്കുന്നത്, അങ്ങ് അല്ലാഹു വിനുവേണ്ടി ജണ്ടിയാലയിലെ മുസ്‌ലിമീങ്ങളെ സഹായിക്കണമെന്നാണ്. ഇല്ലെങ്കിൽ മുസ്‌ലിമീ ങ്ങളുടെമേൽ കളങ്കം വന്നുഭവിക്കുന്നതായിരി ക്കും.' (ഹുജ്ജത്തുൽ ഇസ്‌ലാം, റൂഹാനീഖ സാഇൻ, വാള്യം 6, പേജ് 59)

ഈ കത്ത് കിട്ടിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊ

ദ്(അ) വളരെ സന്തോഷിച്ചു. മിയാ മുഹമ്മദ് ബഖ്ശ് സാഹിബന് ഉചിതമായ മറുപടി അയച്ചതിനു പുറമെ തന്റെ ഒരു കത്ത് 1893 ഏപ്രിൽ 13ന് നേരിട്ട് ജണ്ടിയാലയിലെ ക്രിസ്ത്യാനികളുടെ പേരിൽ അമൃതസറിലെ ഡോക്ടർ ക്ലാർക്ക് മുഖേന അയച്ചു. അതിൽ അദ്ദേഹം വാദപ്രതിവാദത്തിനു വേണ്ടി മിയാ മുഹമ്മദ് സാഹിബിന് അയച്ച കത്ത് പരാമർശിച്ച് എഴുതി:

'ജണ്ടിയാലയിലെ മുസ്‌ലിമീങ്ങൾക്ക് നമ്മളോടു കൂടുതൽ കടപ്പാടൊന്നുമില്ല. എങ്കിലും ഏതൊരു അവസ്ഥയിൽ കരുണാമയനും ഉദാരനുമായ അല്ലാഹു ഈ വിനയനെ ഇതേ ജോലിക്കുവേണ്ടി അയച്ചിരിക്കുന്ന സ്ഥിതിക്ക് ഇത്തരം അവസരത്തിൽ മൗനംപാലിക്കുന്നത് പാപമായിരിക്കും. അതുകൊണ്ട് ഞാൻ നിങ്ങളെ അറിയിക്കുകയാണ്. ഈ പ്രവൃത്തിക്കുവേണ്ടി ഞാൻതന്നെ സന്നദ്ധനാണ്.' (ഹുജ്ജത്തുൽ ഇസ്‌ലാം, റൂഹാനീഖസാഇൻ, വാള്യം 6, പേജ് 61)

വീണ്ടും എഴുതി: 'ഈ സംവാദം ജീവനുള്ള മതവും ജീവനില്ലാത്ത മതവും എന്ന വിവാദ വിഷയത്തെ സംബന്ധിച്ചായിരിക്കും. ഏതൊരു ആത്മീയലക്ഷണങ്ങളെ സംബന്ധിച്ചാണോ മതവും ഗ്രന്ഥവും വാദിച്ചിട്ടുള്ളത് അത് ഇപ്പോഴും അതിൽ കാണുന്നുണ്ടോ ഇല്ലേ എന്ന് പരിശോധിക്കുന്നതായിരിക്കും.' (ഹുജ്ജത്തുൽ ഇസ്‌ലാം, റൂഹാനീഖസാഇൻ, വാള്യം 6, പേജ് 63,64)

ഇക്കാര്യത്തിനുള്ള തെളിവുകൾ ഇപ്രകാരം അവതരിപ്പിക്കുന്നതായിരിക്കും: മുസ്‌ലിമീങ്ങളിൽനിന്ന് ഏതെങ്കിലും അംഗം ഈ അധ്യാപനവും ലക്ഷണങ്ങളുമനുസരിച്ച്- അത് സമ്പൂർണ മുസ്‌ലിമാകുന്നതിന് വിശുദ്ധഖുർആനിൽ പ്രതിപാദിച്ചിട്ടുള്ളതാണ്- തന്റെ ആത്മാവിനെ സ്ഥാപിക്കുക. ഇനി സ്ഥാപിക്കാൻ കഴിഞ്ഞില്ലെങ്കിൽ കള്ളം പറയുന്നയാളാണ്; മുസൽമാനല്ല. അപ്രകാരംതന്നെ ക്രൈസ്തവ സാഹിബുമാരിൽനിന്ന് ഒരാൾ ഇഞ്ചീൽശരീഫിലുള്ള അധ്യാപനവും ലക്ഷണങ്ങളുമനുസരിച്ച് തന്റെ ആത്മാവിനെ സ്ഥാപിച്ചുകാണിക്കുക. അയാൾക്ക് അത് സ്ഥാപിക്കാൻ കഴിയുന്നില്ലെങ്കിൽ അയാൾ കള്ളം പറയുന്നയാളാണ്; സത്യക്രിസ്ത്യാനിയല്ല." (ഹുജ്ജത്തുൽ ഇസ്‌ലാം, റൂഹാനീ ഖസാഇൻ, വാള്യം 6, പേജ് 62)

ഇതിന്റെ മറുപടിയിൽ 1893 ഏപ്രിൽ 18ന് ജണ്ടിയാലയിലെ ക്രൈസ്തവരുടെ പക്ഷത്തുനിന്ന് ഡോക്ടർ ക്ലാർക്ക് എഴുതി: 'ഞങ്ങളുടെ വാദം താങ്കളോടല്ല. ജണ്ടിയാലയിലെ മുഹമ്മദികളോടാണ്. ഞങ്ങൾ അങ്ങയുടെ ക്ഷണം സ്വീകരിക്കുന്നതിൽ ബലഹീനരാണ്. അവരിലേക്കാണ് ഞാൻ കത്തയച്ചിട്ടുള്ളത്. ഇപ്പോഴും മറുപടി പ്രതീക്ഷിച്ചിരിക്കുകയാണ്. ഇനി അവർ താങ്കളെ അംഗീകരിച്ച് ഈ വിശുദ്ധയുദ്ധത്തിന് തങ്ങളുടെ ഭാഗത്തുനിന്ന് അവതരിപ്പിക്കുകയാണെങ്കിൽ ഞങ്ങൾക്ക് ഒരു ഒഴികഴിവുമില്ല. എന്നല്ല നല്ല സന്തോഷവുമാണ്." (ഹുജ്ജത്തുൽ ഇസ്‌ലാം, റൂഹാനീ ഖസാഇൻ, വാള്യം 6, പേജ് 64)

1893- ന് ഈ കത്തിന് മറുപടി നല്കിക്കൊണ്ട് പാതിരിസാഹിബിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതി: 'ഞാനെന്റെ കുറച്ച് സ്നേഹിതന്മാരെ ദൂതന്മാർ എന്ന നിലയിൽ തിരഞ്ഞെടുത്ത് താങ്കളുടെ അടുത്തേക്ക് അയക്കുകയാണ്. താങ്കൾ ഈ വിശുദ്ധയുദ്ധത്തിന് തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു. താങ്കൾ ജണ്ടിയാലയിലെ ചില മുസ്‌ലിമീങ്ങളുടെ പേരിൽ എഴുതിയ ആദ്യത്തെ കത്ത് എനിക്ക് കിട്ടി. ഞങ്ങളെ നേരിടാൻ ആരെങ്കിലുമുണ്ടോ എന്ന വാക്യങ്ങൾ വായിച്ചപ്പോൾ എന്റെ ആത്മാവ് ആ നേരത്ത് വിളിച്ചോതി ഞാനുണ്ട് എന്ന്; ഈയാളുടെ കൈയാൽ അല്ലാഹു മുസ്‌ലിമീങ്ങൾക്ക് വിജയം നല്കും. സത്യം വെളിപ്പെടുത്തുന്നതായിരിക്കും. എനിക്ക് കിട്ടിയ ആ സത്യവും ഞങ്ങളിൽ ഉദിച്ച ആ സൂര്യനും ഇപ്പോൾ മറഞ്ഞിരിക്കാൻ ആഗ്രഹിക്കുന്നില്ല. ഇപ്പോൾ അത് ശക്തമായ ജ്വാലകളോടുകൂടി പുറത്തുവരുന്നത് ഞാൻ കാണുന്നു. അത് മനസ്സുകളിൽ തന്റെ കൈയിടും. തന്നിലേക്ക് വലിച്ചുകൊണ്ടുവരും."

വീണ്ടും പറഞ്ഞു: 'ജണ്ടിയാലയിൽ പ്രസിദ്ധരും പേരുകേട്ടതുമായ പണ്ഡിതനില്ലെന്ന് താങ്കൾക്കറിയാം. പാവം പൊതുജനങ്ങളെ വലയിൽ കുടുക്കി ചുറ്റിക്കറക്കുക എന്നത് താങ്കൾക്ക് ചേർന്നതല്ല. ഈ വിനീതന്റെ അവസ്ഥ താങ്കളിൽ മറഞ്ഞതല്ല. ഞാൻ നിങ്ങളെ നേരിടുന്നതിനുവേണ്ടി 10 വർഷമായി മൈതാനത്തു നില്ക്കുകയാണ്. ജണ്ടിയാലയിൽ മൈതാനത്തിലെ പടയാളിയായി സങ്കല്പിക്കുന്ന ആരും എനിക്ക് സപ്പോർട്ടായിട്ടില്ല." (ഹുജ്ജത്തുൽ ഇസ്‌ലാം, റൂഹാനീഖസാഇൻ, വാള്യം 6, പേജ് 65)

അവിടന്ന് ഇതും വ്യക്തമാക്കി: "ഈ സംവാദം ഭൂമിയിൽ മാത്രം പരിമിതമായിരിക്കരുത്. പ്രത്യുത ആകാശവും അതിനോടൊപ്പം ചേരണം. ആത്മീയ ജീവിതവും ദൈവികമായ സ്വീകാര്യതയും തെളിമയാർന്ന മനസ്സാക്ഷിയും ഏതു മതത്തിലാണ് എന്ന കാര്യത്തിൽ മാത്രമായിരിക്കണം പോരാട്ടം. എന്റെ എതിർ കക്ഷി അവരവരുടെ ഗ്രന്ഥത്തിന്റെ അഭിപ്രായങ്ങൾ അവരവരുടെ യഥാർഥ തത്ത്വത്തിൽ സ്ഥാപിക്കേണ്ടതാണ്." (ഹുജ്ജത്തുൽ ഇസ്‌ലാം, റൂഹാനീഖസാഇൻ, വാള്യം 6, പേജ് 66)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൂതന്മാരുടെ സംഘം ഈ കത്തുമായി അമൃതസറിലെത്തി. ഡോക്ടർ മാർട്ടിൻ ക്ലാർക്കുമായി അവർ സംസാരിച്ചു. വാദപ്രതിവാദത്തിന്റെ നിബന്ധനകൾ അംഗീകരിക്കപ്പെട്ടു. 1893 ഏപ്രിൽ 24ന് ഡോക്ടർ ക്ലാർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെഴുതി:

മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്ന് ജനാബ്, എന്നെ നേരിടാൻ ക്ഷണിച്ചിരിക്കുകയാണ്. അത് ഞാൻ സന്തോഷത്തോടെ സ്വീകരിക്കുന്നു. താങ്കളുടെ മാധ്യസ്ഥർ താങ്കളുടെ ഭാഗത്തുനിന്ന് സംവാദത്തിന്റെ ആവശ്യമായ നിബന്ധനകൾ തീരുമാനിച്ചിരിക്കുന്നു. താങ്കൾ ഈ നിബന്ധനകൾ അംഗീകരിക്കുന്നുണ്ടോ എന്ന് അറിയിക്കുക.' (ഹുജ്ജത്തുൽ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാള്യം 6, പേജ് 66- 67)

ഹദ്റത്ത് മസീഹ് മൗഊദ്(അ) 1893 ഏപ്രിൽ 25ന് പാതിരി ഡോക്ടർ ക്ലാർക്കിന് മറുപടി എഴുതി:

"താങ്കളും എന്റെ സ്നേഹിതന്മാരും ഒപ്പുവെച്ചു കഴിഞ്ഞിട്ടുള്ള ആ എല്ലാ നിബന്ധനകളും ഞാൻ സമ്മതിക്കുന്നു." (ഹുജ്ജത്തുൽ ഇസ്‌ലാം, റൂഹാനീഖസാഇൻ, വാള്യം 6, പേജ് 69)

അംഗീകാരം നല്കിക്കൊണ്ട് അവിടന്ന് ഇതും എഴുതി: 'ഈ വാദപ്രതിവാദത്തെ ഇരുമതങ്ങളിലും തീരുമാനം ഉണ്ടാക്കുന്നതാക്കാൻ 6 ദിവസത്തെ വാദപ്രതിവാദത്തിനുശേഷം ഏഴാം ദിവസം ഒരു ആത്മീയ മത്സരം മുബാഹല രൂപത്തിൽ നടത്തുകയും ഇരുവിഭാഗങ്ങളും മുബാഹലയിൽ ഇങ്ങനെ ദുആ ഇരക്കുകയും വേണം: ഉദാഹരണത്തിന് ക്രൈസ്തവകക്ഷി ഇങ്ങനെ പറയുക: ആ ഈസാ മസീഹ് നാസ്വിരി തന്നെയാണ് യഥാർഥ ദൈവമെന്നും ഖുർആൻ മനുഷ്യന്റെ കെട്ടുകെട്ടാണെന്നും, ദൈവഗ്രന്ഥമല്ലെന്നും ഞാൻ വിശ്വസിക്കുന്നു. ഇക്കാര്യത്തിൽ ഞാൻ സത്യവാനല്ലെങ്കിൽ എന്നിൽ ഒരു വർഷത്തിനുള്ളിൽ എന്റെ അപമാനം വെളിപ്പെടുന്ന ശിക്ഷ ഇറക്കിയാലും. ഇപ്രകാരംതന്നെ ഈ വിനീതൻ ഇങ്ങനെ ദുആ ചെയ്യുന്നതായിരിക്കും. സമ്പൂർണനും ആദരണീയനുമായ ദൈവമേ! യഥാർഥത്തിൽ നസ്റേത്തുകാരനായ ഈസാ മസീഹ് നിന്റെ ദാസനും നിന്റെ ദൂതനുമാണെന്ന് എനിക്കറിയാം. ഒരിക്കലും ദൈവമല്ല. വിശുദ്ധ ഖുർആൻ നിന്റെ ഗ്രന്ഥവും മുഹമ്മദു മുസ്തഫാ(സ) നിന്റെ പ്രിയപ്പെട്ടവനും തിരഞ്ഞെടുക്കപ്പെട്ട ദൂതനുമാണ്. ഇക്കാര്യത്തിൽ ഞാൻ സത്യവാനല്ലെങ്കിൽ ഒരു വർഷത്തിനുള്ളിൽ എനിക്ക് എന്റെ അപമാനം വെളിപ്പെടുന്ന ശിക്ഷ ഇറക്കിയാലും. അല്ലാഹുവേ! എന്റെ അപമാനത്തിന് ഒരു വർഷത്തിനുള്ളിൽ നിന്നിൽനിന്ന് എന്നെ സഹായിച്ചുകൊണ്ട് എങ്ങനെയുള്ള ദൃഷ്ടാന്തം മതിയായതാണെന്നാൽ അതിനെതിരിൽ എല്ലാ എതിരാളികളും നിസ്സഹായരായിത്തീരണം.' (ഹുജ്ജത്തുൽ ഇസ്‌ലാം, റൂഹാനീ ഖസാഇൻ, വാള്യം 6, പേജ് 70)

**ദൈവികാടയാളം കാണിക്കുന്നതിന് ക്ഷണം**

അതിനുശേഷം അവിടന്ന്(അ) വിജ്ഞാപനമെഴുതി. അതിന്റെ തലക്കെട്ടായിരുന്നു 'ഡോക്ടർ പാതിരി ക്ലാർക്കിന്റെ ജൻഗെ മുഖദ്ദസും അതിനെ നേരിടുന്നതിനുള്ള വിജ്ഞാപനവും.' ഇതിൽ ഹ്രസ്വമായ നിലയിൽ വാദപ്രതിവാദത്തിന് അംഗീകരിക്കപ്പെട്ട നിബന്ധനകൾ സ്മരിച്ചതിനു പുറമെ വാദപ്രതിവാദത്തിനുശേഷം മുബാഹല നടത്താനും ദൃഷ്ടാന്തം കാണിക്കാനും ക്ഷണിച്ചു.

മുബാഹലയെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു: "ഇരുകക്ഷികളും തങ്ങളുടെ മതത്തിന്റെ സത്യം തെളിയിക്കുന്നതിന് അല്ലാഹുവിനോട് ദൈവികാടയാളം തേടിയാൽ മതിയാകും. ആ അടയാളങ്ങൾ വെളിപ്പെടുത്തുന്നതിന് ഒരു വർഷത്തെ കാലാവധി വെക്കാം. പിന്നീട് ഏത് കക്ഷിക്ക് അനുകൂലമായാണോ എന്തെങ്കിലും ദൈവികാടയാളം വെളിപ്പെടുന്നത് അത് മാനുഷികമായ ശക്തിക്കതീതമായിരിക്കണം. അതിനെ നേരിടാൻ എതിർകക്ഷിക്ക് സാധിക്കുകയുമരുത്. അപ്പോൾ പരാജയപ്പെട്ട കക്ഷി വിജയിച്ച കക്ഷിയുടെ മതം സ്വീകരിക്കുക; അതിനെ അല്ലാഹു തന്റെ ദൈവികാടയാളത്തിനോടൊപ്പം വിജയിപ്പിച്ചതാണല്ലോ. മതം സ്വീകരിക്കുന്നത് നിഷേധിക്കുകയാണെങ്കിൽ തങ്ങളുടെ പകുതി സ്വത്ത് ആ സത്യമതത്തിന് സഹായമെന്ന നിലയ്ക്ക് വിജയിച്ച കക്ഷിക്ക് നല്കുന്നതാണ്." (ഹുജ്ജത്തുൽ ഇസ്‌ലാം, റൂഹാനീഖസാഇൻ, വാള്യം 6, പേജ് 48)

വീണ്ടും പറഞ്ഞു:

"ഒരു വർഷത്തിനുള്ളിൽ ഇരുകക്ഷികളുടെ ഭാഗത്തുനിന്നും ഒരു അടയാളവും വെളിപ്പെട്ടില്ലെങ്കിൽ അല്ലെങ്കിൽ ഇരുകക്ഷികളിൽനിന്നും വെളിപ്പെടുകയാണെങ്കിൽ ഇതെഴുതുന്ന ഞാൻ ആ അവസ്ഥയിലും എന്നെ സ്വയം പരാജിതനായി

മനസ്സിലാക്കുന്നതായിരിക്കും. വിവരിച്ചുകഴിഞ്ഞിട്ടുള്ള ശിക്ഷയ്ക്ക് അർഹനുമായിരിക്കും. കാരണം ഞാൻ അല്ലാഹുവിൽനിന്ന് നിയോഗിക്കപ്പെട്ടവനാണ്. വിജയം പ്രാപിക്കുമെന്ന സുവാർത്ത കിട്ടിക്കഴിഞ്ഞിട്ടുള്ളയാളുമാണ്. അതിനാൽ ഏതെങ്കിലും ക്രൈസ്തവ സാഹിബ് എനിക്കെതിരിൽ ദൈവികാടയാളം കാണിക്കുകയോ, എനിക്ക് ഒരു വർഷത്തിനുള്ളിൽ കാണിക്കാതിരിക്കാൻ സാധിക്കാതെ വരികയോ ചെയ്താൽ ഞാൻ അസത്യത്തിലാണെന്ന കാര്യം പരസ്യമായി...... എന്റെ സത്യത്തിന്, എന്നിൽനിന്ന് മുബാഹലയ്ക്കുശേഷം ഒരു വർഷത്തിനുള്ളിൽ നിർബന്ധമായ അടയാളം വെളിപ്പെടേണ്ടത് അനിവാര്യമാകുന്നു. ഇനി അടയാളം വെളിപ്പെട്ടില്ലെങ്കിൽ ഞാൻ അല്ലാഹുവിൽനിന്നുള്ളവനല്ല. ആ ശിക്ഷ മാത്രമല്ല പ്രത്യുത വധശിക്ഷയ്ക്കും അർഹനാണ്." (ഹുജ്ജത്തുൽ ഇസ്‌ലാം, റൂഹാനീഖസാഇൻ, വാള്യം 6, പേജ് 49)

അവിടന്ന് അടയാളം കാണിക്കുന്നതിനേയും മുബാഹല നടത്തുന്നതിനേയും സംബന്ധിച്ച് വാദപ്രതിവാദത്തിനിടയിൽ ആവർത്തിച്ച് എതിർകക്ഷിയുടെ ശ്രദ്ധ ക്ഷണിച്ചു. പക്ഷേ, അവരിലാരുംതന്നെ ഈ ആത്മീയപോരാട്ടത്തിന് താൽപര്യം കാണിച്ചില്ല. അബ്ദുല്ലാഹ് ആഥിം തന്റെ ഒരു കത്തിൽ വ്യക്തമായും എഴുതി:

'പുരാതന അധ്യാപനങ്ങൾക്കുവേണ്ടി നവീനമായ ദിവ്യദൃഷ്ടാന്തത്തിന്റെ എന്തെങ്കിലും ആവശ്യമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അതുകൊണ്ട് ഞാൻ ദിവ്യദൃഷ്ടാന്തം വെളിപ്പെടുന്നതിന് എന്തെങ്കിലും ആഗ്രഹമോ എന്തെങ്കിലും കഴിവോ ഞങ്ങളുടെ ഉള്ളിൽ കാണുന്നില്ല. ഇനി താങ്കൾ ഏതെങ്കിലും ദൃഷ്ടാന്തം കാണിക്കുന്നതിന് തൽപരനാണെങ്കിൽ ഞങ്ങൾ അത് കാണുന്നതിന് കണ്ണുകൾ അടയ്ക്കുകയില്ല. അങ്ങയുടെ ദൃഷ്ടാന്തംകൊണ്ട് എത്രത്തോളം ഞങ്ങളുടെ തെറ്റ് ശരിയാക്കാൻ കഴിയുമോ അത് ഞങ്ങളുടെ നിർബന്ധകടമയായി മനസ്സിലാക്കുന്നതായിരിക്കും." (ഹുജ്ജത്തുൽ ഇസ്‌ലാം റൂഹാനീഖസാഇൻ, വാള്യം 6, പേജ് 52)

ദൃഷ്ടാന്തം കണ്ടതിനുശേഷം കാലവിളംബമില്ലാതെ മുസ്‌ലിം ആകണമെന്ന നിബന്ധന ഹുദൂർ(അ) വെച്ചപ്പോൾ മിസ്റ്റർ അബ്ദുല്ലാഹ് ആഥിം 1893 മെയ് 9ന് എഴുതിയ തന്റെ കത്തിൽ ഈ വാക്കുകളിൽ അതു സമ്മതിച്ചു:

"താങ്കളോ, മറ്റേതെങ്കിലും സാഹിബോ ഏതുവിധത്തിലാണെങ്കിലും അതായത് ഈ മുന്നറിയിപ്പ് കിട്ടിയിട്ടുള്ള ദൃഷ്ടാന്തം അല്ലെങ്കിൽ ഖണ്ഡിതമായ തെളിവ് ബുദ്ധിപരമായ ഖുർആനിക അധ്യാപനങ്ങളെ, സംഭാവ്യവും ദൈവിക സവിശേഷഗുണമനുസരിച്ചുള്ളതാണെന്ന് സ്ഥാപിക്കുകയാണെങ്കിൽ ഞാൻ മുസ്‌ലിമാകുമെന്ന് ഏറ്റു പറഞ്ഞുകൊള്ളുന്നു.' (സച്ചായി ക ഇള്ഹാർ, റൂഹാനീഖസാഇൻ, വാള്യം 6, പേജ് 80)

വാദപ്രതിവാദത്തിന്റെ നിബന്ധനകൾ അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ജണ്ടിയാലയിലെ മുസ്‌ലിമീങ്ങളും തങ്ങളുടെ തൃപ്തി പ്രകടിപ്പിച്ചു. പക്ഷേ, പാതിരി ആഥിമിനും മറ്റു പാതിരിമാർക്കും ഡോക്ടർ ക്ലാർക്കിന്റെ ഹദ്റത്ത് മസീഹ് മൗഊദ്(അ) യുമായുള്ള വാദപ്രതിവാദം അംഗീകരിക്കുന്നത് ഇഷ്ടകരമായില്ല. അങ്ങനെ ശേയ്ഖ് നൂർ അഹ്മദ് സാഹിബ്* അമൃതസറിലെ രിയാള്ഹിന്ദ് പ്രസിന്റെ ഉടമ, തന്റെ മാസിക നൂറെ അഹ്മദിന്റെ പേജ് 22ൽ എഴുതുന്നു: 'അദ്ദേഹവും മിസ്തിരി ഖുത്ബുദ്ദീൻ സാഹിബും പാതിരി ഇമാമുദ്ദീൻ സാഹിബിന്റെ അടുത്തു ഇതന്വേഷിക്കുന്നതിനുവേണ്ടി എത്തി:

ജ:ശെയ്ഖ് നൂർ അഹ്മദ് സാഹിബിനേയും ഹദ്റത്ത് മസീഹ് മൗഊദ്(അ) നിബന്ധന എഴുതി തീർച്ചപ്പെടുത്തുന്നതിനുവേണ്ടി അമൃതസറിലേക്ക് ചർച്ചയ്ക്കുപോയ ദൂതന്മാരിൽപ്പെടുത്തിയിരുന്നു. ശെയ്ഖ് സാഹിബ് തന്നെയാണ് ഡോക്ടർ ക്ലാർക്കുമായി ആലോചിച്ച് സമയം നിശ്ചയിച്ച് ദൂതാംഗങ്ങളെ സ്റ്റേഷനിൽനിന്ന് തന്റെ കൂടെ ഡോക്ടർ ക്ലാർക്കിന്റെ ബംഗ്ലാവിൽ എത്തിച്ചതും. ഹദ്റത്ത് മസീഹ് മൗഊദ്(അ) വാദപ്രതിവാദത്തിനുവേണ്ടി അമൃതസറിൽ പോയപ്പോഴും ആദ്യം അദ്ദേഹത്തിന്റെ വീട്ടിൽത്തന്നെയാണ് വിശ്രമിച്ചത്. പിന്നീട് ഹാജി മഹ്മൂദ് സാഹിബിന്റെ അപേക്ഷ അനുസരിച്ച്-അദ്ദേഹം അമൃതസറിലെ റഈസായ പരേതനായ ഖാൻ മുഹമ്മദ് ശാഹ് സാഹിബിന്റെ മരുമകനായിരുന്നു-അദ്ദേഹത്തിന്റെ വീട്ടിലേക്കു പോയി. ശെയ്ഖ് നൂർ അഹ്മദ് സാഹിബിൽനിന്ന് അനുവാദം വാങ്ങാൻ ഹുദൂർ പറഞ്ഞു. ശെയ്ഖ് സാഹിബ്, ഹാജി മഹ്മൂദ് സാഹിബിന് അനുവാദം കൊടുത്തപ്പോൾ ഹുദൂർ അദ്ദേഹത്തിന്റെ വീട്ടിൽ പോയി. അമൃതസറിൽ ശെയ്ഖ് നൂർ മുഹമ്മദ് സാഹിബ് തന്നെയാണ് ഈ വാദപ്രതിവാദത്തിന്റെ എല്ലാ കാര്യങ്ങളും നടത്തിയിരുന്നത്.

'ഏത് പാതിരിയാണ് ക്രൈസ്തവഭാഗത്തുനിന്ന് വാദപ്രതിവാദത്തിന് ഹാജരാകുക? ഹദ്റത്ത് മിർസാ സാഹിബുമായി എഴുത്തുകുത്തുകൾ തുടങ്ങിവെച്ചിരിക്കുന്നതാരാണ്? താങ്കൾതന്നെ ഈ വാദപ്രതിവാദങ്ങളിൽ സംവാദകൻ എന്ന നിലയിൽ ഹാജറാകുമോ? അപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ അത്തരം വാദപ്രതിവാദങ്ങളെ വ്യർഥമായിട്ടാണ് മനസ്സിലാക്കുന്നത്. പിന്നെന്തിന് ഞാനങ്ങനെ ചെയ്യണം? അപ്പോൾ ഞാൻ അദ്ദേഹത്തിനെ ജണ്ടിയാലിയിലെ സംഭവം കേൾപ്പിച്ചു. അപ്പോൾ പറഞ്ഞു: 'ഹെൻട്രി മാർട്ടിൻ ക്ലാർക്ക് ചെറിയ ബാലനായിരിക്കും.'

അദ്ദേഹത്തെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രതിനിധികളുമായി നിബന്ധനകൾ എഴുതി തയ്യാറാക്കുന്നതിനുവേണ്ടി ഹുദൂർ അമൃതസറിൽ അയച്ചതാണ് അവരെ- റെയിൽവെ സ്റ്റേഷനിൽ നിന്നുതന്നെ ഡോക്ടർ ക്ലാർക്കിന്റെ ബംഗ്ലാവിൽ എത്തി. അപ്പോൾ ഡോക്ടർ ക്ലാർക്ക് സാഹിബ് തന്റെ സേവകരോട് വരാന്തയിൽ കസേരകൾ ഇടാൻ കല്പിച്ചു. എന്നിട്ട് രണ്ടാമത്തെ വാതിലിലൂടെ അബ്ദുല്ലാഹ് ആഥിമിന്റെ ബംഗ്ലാവിലെത്തി. അത് അടുത്തുതന്നെയായിരുന്നു. ആ നേരത്തിനുള്ളിൽ മിയാ മുഹമ്മദ് ബഖ്ശ് സാഹിബ് പാൻദയും ജണ്ടിയാലയിൽനിന്ന് എത്തിക്കഴിഞ്ഞിരുന്നു. ഡോക്ടർ ക്ലാർക്ക് ആഥിം സാഹിബിനോടു പോയി പറഞ്ഞു:

"ഖാദിയാനിൽനിന്ന് കുറച്ചാളുകൾ വാദപ്രതിവാദ യോഗത്തിന്റെ നിബന്ധനകളും തിയതി തുടങ്ങിയവയും നിശ്ചയിക്കുന്നതിന് വന്നിട്ടുണ്ട്. താങ്കൾ പോയി തിയതിയും നിബന്ധനകൾ തുടങ്ങിയവയും തയ്യാറാക്കുക. ആഥിം സാഹിബ് ചെവികളിൽ കൈവെച്ചുകൊണ്ട് പറഞ്ഞു: ഡോക്ടർ സാഹിബ്! മറ്റു മൗലവിമാർ നൂറുപേരാണെങ്കിലും ഒരു കുഴപ്പവും ഉണ്ടാകുമായിരുന്നില്ല. താങ്കൾ കടന്നൽകൂട്ടിലാണ് കൈയിട്ടിരിക്കുന്നത്. മിർസാ ഖാദിയാനിയെ നേരിടുകയെന്നതും അയാളെ കീഴടക്കുക എന്നതും എളുപ്പമല്ല. കഠിനമായ ബുദ്ധിമുട്ടുള്ള കാര്യമാണത്. താങ്കൾ തന്നെയാണ് ഈ കുഴപ്പമുണ്ടാക്കിയത്. തങ്കൾ തന്നെ ഈ ജോലി ചെയ്തുകൊള്ളുക. ഞാൻ ഒരിക്കലും പോകുകയില്ല. ഇതിൽ പങ്കെടുക്കുകയുമില്ല.' ഡോക്ടർ സാഹിബ് പറഞ്ഞു: 'ക്രൈസ്തവ ജനതയുടെ ഫൈൽവാനാണ് താങ്കൾ. താങ്കൾക്കു മാത്രമെ ഈ ജോലി ഭംഗിയായി നിറവേറ്റാൻ കഴിയുകയുള്ളൂ. താങ്കളെ വിശ്വസിച്ചാണ് ഞാൻ ഈ പ്രവൃത്തി തുടങ്ങിയത്. താങ്കൾ ഇതു നിഷേധിക്കുകയാണോ? താങ്കൾക്കു തീർച്ചയായും പങ്കെടുക്കേണ്ടിവരും.' അവസാനം മുക്കാൽമണിക്കൂർ സംസാരത്തിനുശേഷം ഡോക്ടർ സാഹിബ് ആഥിം സാഹിബിനെ കൂടെക്കൊണ്ടുവന്നു. ഈ സംസാരത്തെ കുറിച്ച് അബ്ദുല്ലാഹ് ആഥിം സാഹിബിന്റെ മുസ്‌ലിം പാചകക്കാരനിൽനിന്ന് പിന്നീടാണ് ഇതൊക്കെ അറിയാൻ കഴിഞ്ഞത്. അവരിരുവരും വന്ന് കസേരയിൽ ഇരുന്നപ്പോൾ ആഥിം സാഹിബിന്റെ നാവിൽനിന്ന് അനിയന്ത്രിതമായി ഈ വാക്കുകൾ പുറത്തുവന്നു. "ഹായ് മെ മർഗയാ" അയ്യോ ഞാൻ ചത്തുപോയി. അതിനുശേഷം നിബന്ധനകൾ അംഗീകരിക്കപ്പെട്ടു. (രിസാല നൂർ അഹ്മദ്, പേജ് 24)

പാതിരി ആഥിം സാഹിബിനോടു അമൃതസറിലേയും ബട്ടാലയിലേയും മൗലവിമാർ അദ്ദേഹത്തിന്റെ ബംഗ്ലാവിൽപോയി, താങ്കൾ മറ്റു മുസ്‌ലിമീങ്ങളുമായി എന്തുകൊണ്ട് വാദപ്രതിവാദം നടത്തുന്നില്ല. മിർസാ സാഹിബുമായി എന്തിനാണ് വാദ

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്ബ ജുമുഅ 29 – 5 – 2015)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്ബ 27 – 1 – 2017)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

പ്രതിവാദം നടത്താൻ സമ്മതം പ്രകടിപ്പിച്ചത്. എല്ലാ മുസ്‌ലിമീങ്ങളും അയാൾ കാഫിറാണെന്നാണ് പറയുന്നത്- എന്നു പറഞ്ഞപ്പോൾ ആ അവസരത്തെ മുതലെടുത്ത് ഡോക്ടർ ക്ലാർക്കിനോടു ആഥിം പറഞ്ഞു:

"ഞാൻ ആദ്യമേതന്നെ പറഞ്ഞതായിരുന്നു. മിർസാ സാഹിബുമായി വാദപ്രതിവാദം നടത്തുക എളുപ്പമല്ലെന്ന്. ഇപ്പോൾ നല്ലൊരു അവസരം കൈവന്നിരിക്കുകയാണ്. മിർസാ സാഹിബിന് മറുപടി കൊടുക്കുക. മൗലവിമാരുമായി വാദപ്രതിവാദം നടത്തിയാൽ ഒരു പ്രശ്നവുമില്ലെന്ന്." (രിസാലെ നൂർ അഹ്മദ്, പേജ് 24)

ഇതുകേട്ട് ഡോക്ടർ ക്ലാർക്ക് 1893 മെയ് 12ന് ഒരു വിജ്ഞാപനം എഴുതി. അത് അനുബന്ധമെന്ന നിലയിൽ 'നൂർ അഫ്ശാനിൽ' 1893 മെയ് 12ന് പ്രസിദ്ധീകരിച്ചു. ആ വിജ്ഞാപനം പ്രസിദ്ധീകരിച്ചതുകൊണ്ട് അദ്ദേഹത്തിന്റെ ഉദ്ദേശ്യം ഹദ്റത്ത് മസീഹ് മൗഊദുമായി വാദപ്രതിവാദം ഉണ്ടാകരുതെന്ന് മാത്രമായിരുന്നു. ഈ ഉദ്ദേശ്യത്തോടൊപ്പം ജണ്ടിയാലയിലെ മുസ്‌ലിമീങ്ങളെ മസീഹ് മൗഊദിനെ തെറ്റുധരിപ്പിക്കുന്നതിനുവേണ്ടി മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടേയും മറ്റു ഉലമായുടേയും കുഫ്ർ ഫത്‌വയെ കുറിച്ച് പറഞ്ഞു. അത് ഇശാഅത്തുസ്സുന്നയിൽ പ്രസിദ്ധീകരിച്ചതായിരുന്നു. ഇശാഅത്തുസുന്നയുടെ വരിക്കാരാകുന്നതിനെ കുറിച്ചും വിളംബരം ചെയ്തു.

"ഇശാഅത്തുസ്സുന്ന അന്നബ്‌വിയ്യ എന്ന ഗ്രന്ഥം മൗലവി അബൂ സയീദ് മുഹമ്മദ് ഹുസയ്നിൽനിന്ന് വാങ്ങി നോക്കാവുന്നതാണ്. വില എട്ട് അണയാണ്. ലാഹോറിൽനിന്ന് ലഭ്യമാണ്.

ഈ വിജ്ഞാപനത്തിൽ ഡോക്ടർ ക്ലാർക്ക് ജണ്ടിയാലയിലെ മുസ്‌ലിമീങ്ങളെ സംബോധന ചെയ്ത് പറഞ്ഞു:

"ഒന്നാമതായി ഒരു മുഹമ്മദി വ്യക്തിയാണെന്നു പോലും സങ്കല്പിക്കാൻ പ്രയാസമുള്ള ഒരാളുമായി വാദപ്രതിവാദം നടത്താനാണ് നിങ്ങൾ പറയുന്നത്. നിങ്ങൾ ഏതു ചിന്താഗതികളിലാണ് അകപ്പെട്ടുകൊണ്ടിരിക്കുന്നത്. മിർസാ ഗുലാം അഹ്മദ് സാഹിബിനെ കുറിച്ച് പഞ്ചാബിലേയും ഹിന്ദുസ്താനിലേയും ഉലമാ പ്രസിദ്ധീകരിച്ചത് കാണുന്നില്ലേ.'

അതുപോലെതന്നെ എഴുതി: 'നിങ്ങൾ വല്ലാത്തൊരു അശ്രദ്ധയിൽ വീണുകിടക്കുകയാണ്. ഇതുവരെ ആ ഗ്രന്ഥം (അതായത് ഇശാഅത്തുസ്സുന്ന)നിങ്ങൾ നോക്കിയില്ല. ഏതൊരാളുടെ ജനാസ നമസ്കാരംപോലും അനുവദനീയമല്ലാത്ത ആളെയാണോ നിങ്ങൾ ഇമാമായി നിശ്ചയിച്ചിട്ടുള്ളത്? ശാബാഷ് ! നിങ്ങളുടേയും ജണ്ടിയാലയിലെ മുസ്‌ലിമീങ്ങളുടേയും ധൈര്യത്തിന് ! വാഹ് സാഹിബ് വാഹ് ! നിങ്ങളുടെ ഈ ശുഭപ്രതീക്ഷ! (സച്ചായി കാ ഇള്ഹാർ, റൂഹാനീഖസാഇൻ, വാള്യം 6, പേജ് 73)

എന്നാൽ, ജണ്ടിയാലയിലെ മുസ്‌ലിമീങ്ങളിൽ ഈ വിജ്ഞാപനവും ഒരു ഇളക്കവും വരുത്തിയില്ല. മിയാ മുഹമ്മദ് ബഖ്ശ് സാഹിബ് പാതിരി സാഹിബുമാർക്ക് ശക്തമായ വായടപ്പൻ മറുപടി നല്കി. അദ്ദേഹം എഴുതി:

"ഒരു മതവും അഭിപ്രായഭിന്നതയിൽനിന്ന് കാലിയല്ല. ക്രിസ്ത്യാനികളും അതിൽനിന്ന് ഒഴിവല്ല. ഇസ്‌ലാമിനെ സഹായിച്ചുകൊണ്ടിരിക്കുന്ന ഒരു മുസ്‌ലിമിനെ കാഫിറെന്ന് മനസ്സിലാക്കുന്ന അത്തരം മൗലവിമാരെ സ്വയം കുഴപ്പക്കാരെന്ന് മനസ്സിലാക്കുന്നു.' (സച്ചായി കാ ഇള്ഹാർ, റൂഹാനീഖസാഇൻ, വാള്യം 6, പേജ് 73-74)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പാതിരിമാരോടു വ്യക്തമായും പറഞ്ഞു: 'നിങ്ങളുടെ എഴുത്തുകളും വാഗ്ദാനങ്ങളും നിങ്ങൾ അംഗീകരിച്ച നിബന്ധനകളും ഞങ്ങളുടെ കൈയിലുണ്ട്. അതുകൊണ്ട് ഇനി നിങ്ങൾക്ക് ഒന്നുകിൽ വാദപ്രതിവാദം നടത്തേണ്ടിവരും അല്ലെങ്കിൽ പരാജയം അംഗീകരിക്കേണ്ടിവരും. നിങ്ങൾ മറ്റു മൗലവിമാരുമായി വാദപ്രതിവാദം നടത്താനാഗ്രഹിക്കുന്നെങ്കിൽ, അതിനുമുമ്പേ അംഗീകരിക്കപ്പെട്ട വാദപ്രതിവാദങ്ങളിൽ നിങ്ങളുടെ പരാജയം പത്രങ്ങളിൽ വിളംബരം ചെയ്യുക.'

അവസാനം പാതിരിമാർക്ക് എങ്ങോട്ടും ഓടിപ്പോകാൻ വഴി കാണാതായപ്പോൾ മനസ്സില്ലാമനസ്സോടെ വാദപ്രതിവാദത്തിന്റെ കയ്പുള്ള പാനപാത്രം കുടിക്കേണ്ടിവന്നു. വാദപ്രതിവാദം ഡോക്ടർ ക്ലാർക്കിന്റെ ബംഗ്ലാവിൽ ഇരുകക്ഷികളും അംഗീകരിച്ച നിബന്ധനകളനുസരിച്ച് 1893 മെയ് 23ന് തുടങ്ങി 1893 ജൂൺ 5ന് സമാപിച്ചു.

ഈ ജൻഗെ മുഖദ്ദസ് കുരിശിനെ ഉടയ്ക്കുന്നവരും കുരിശിനെ അംഗീകരിച്ചവരും തമ്മിലാണ് നടന്നത്. ഇതിൽ മൈതാനം ഇസ്‌ലാമിന്റെ ഫൈൽവാന്റെ കൈയിലായിരുന്നു. കുരിശിനെ ഉടയ്ക്കൽ ഏതുരീതിയിലാണ് നടന്നതെന്നാൽ, പിന്നീട് കുരിശ് കൂട്ടിച്ചേർക്കാൻ പറ്റാത്തനിലയിലായി. മുസ്‌ലിമീങ്ങൾ സന്തോഷിച്ചു. കുരിശിന്റെ പിൻഗാമികളുടെ അലമുറയിട്ടുള്ള കരച്ചിലിന് വിരാമമായി.

### മസീഹ് മൗഊദിന്റെ ആത്മീയായുധം

വാഗ്ദത്ത മസീഹ് അഥവാ മസീഹ് മൗഊദ് തന്റെ ആയുധംകൊണ്ടുള്ള (കുന്തം) ഒരൊറ്റ ആക്രമണത്താൽ ദജ്ജാലിനെ വധിക്കുമെന്ന് ഹദീഥുകളിൽ വന്നിരിക്കുന്നു. അവൻ അതായത് ദജ്ജാൽ ലുദ്ദിന്റെ കവാടത്തിൽ വധിക്കപ്പെടുന്നതായിരിക്കുമെന്ന് മറ്റൊരു ഹദീഥിലും വന്നിരിക്കുന്നു. 'ലുദ്'അറബിഭാഷയിൽ 'അലദ'യുടെ ബഹുവചനരൂപമാണ്. അതായത് സമരത്തിലും വാദപ്രതിവാദത്തിലും ജയിച്ചുവരുന്നവർ. മസീഹ് മൗഊദും അവിടത്തെ സുഹൃത്തുക്കളും ദജ്ജാലിനെ വാദപ്രതിവാദങ്ങളുടെ കവാടങ്ങളിൽവെച്ച് വധിക്കുന്നതായിരിക്കും എന്ന സൂചനയും ഇതിൽനിന്ന് ലഭിക്കുന്നുണ്ട്. അങ്ങനെ ഈ പ്രവചനം അതിന്റെ പൂർണപ്രൗഢിയോടുകൂടി പുലർന്നു.

കുരിശിനെ ഉടയ്ക്കുന്നവനായ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാദപ്രതിവാദത്തിന്റെ തുടക്കത്തിൽ ത്തന്നെ വെട്ടിയ വെട്ടേറ്റ് അവിടത്തെ വിരോധിയായ പാതിരി അബ്ദുല്ലാഹ് ആഥിമും അയാളുടെ സഹായികളും അവസാനശ്വാസംവരെ പകുതി മരിച്ചവരെപോലെ പിച്ചുംപേയും പറഞ്ഞുകൊണ്ടിരുന്നു. യഥാർഥ മറുപടി അവരെക്കൊണ്ട് സാധിക്കുമായിരുന്നില്ല; സാധിച്ചതുമില്ല. അവിടത്തെ ആ വിജയകരമായ ആക്രമണം ഇതായിരുന്നു.

"വ്യക്തമാക്കട്ടെ, ഈ വാദപ്രതിവാദത്തിൽ അങ്ങേയറ്റം നിർബന്ധമായ കാര്യം നമ്മളിൽനിന്ന് എന്തെങ്കിലും ചോദ്യമുണ്ടാകുകയോ അല്ലെങ്കിൽ ഡെപ്യൂട്ടി അബ്ദുല്ലാഹ് ആഥിമിൽനിന്ന് എന്തെങ്കിലും മറുപടി ഉണ്ടാകുകയോ ആണെങ്കിൽ അതു സ്വന്തമായ നിലയിലാകരുത്. പ്രത്യുത അവരുടെ വെളിപാട് ഗ്രന്ഥം ഉദ്ധരിച്ചുകൊണ്ടായിരിക്കണം. അത് എതിർകക്ഷി തെളിവായി അംഗീകരിക്കുന്നതുമായിരിക്കണം. അപ്രകാരംതന്നെ സമർപ്പിക്കപ്പെടുന്ന എല്ലാ ഓരോ തെളിവും എല്ലാ ഓരോ വാദവും ഇതിന്റെ അടിസ്ഥാനത്തിൽ തന്നെയായിരിക്കണം. ചുരുക്കിപ്പറഞ്ഞാൽ ഒരു കക്ഷിയും തങ്ങളുടെ ദൈവഗ്രന്ഥത്തിന്റെ പുറത്തുപോകാൻ പാടില്ല; അതിന്റെ വിവരണം തെളിവാകാവുന്നതാണ്."(ജൻഗെ മുഖദ്ദസ്, റൂഹാനീ ഖസാഇൻ, വാള്യം 6, പേജ് 89)

മുഴുവൻ വാദപ്രതിവാദവും ആരംഭം മുതൽ അവസാനംവരെ വായിച്ചാൽ ക്രൈസ്തവ സംവാദക്കാരന് അവസാനനിമിഷംവരെ ഈ നിലവാരത്തിലേക്ക് പൂർണമായും ഇറങ്ങാൻ സാധിച്ചില്ലെന്ന് വ്യക്തമാകും. എന്നല്ല, അദ്ദേഹത്തിന് വാദത്തിലും തെളിവിലും വ്യത്യാസമുണ്ടാക്കാനും സാധിച്ചില്ലെന്നതാണ് അത്ഭുതകരം! പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധഖുർആനിൽ നിന്ന് ഏതൊരു വാദമാണോ അവതരിപ്പിച്ചത് അതിനെ ശക്തിപ്പെടുത്തുന്നതിന് ബുദ്ധിപരമായ തെളിവുകളും വിശുദ്ധഖുർആനിൽനിന്നുതന്നെ നല്കി.

### പാതിരിമാരുടെ വെട്ട്

ഹദ്റത്ത് മസീഹ് മൗഊദ്(അ) വാദപ്രതിവാദം നടക്കുന്നതിന്നിടയിൽ ആവർത്തിച്ചാവർത്തിച്ച് ജീവനുള്ള മതത്തെ തിരിച്ചറിയുന്നതിനുള്ള നിലവാരം പറഞ്ഞത്, നവമായ ദൃഷ്ടാന്തം കാണിക്കുകയാണെന്നാണ്. വാദക്കാരായ കക്ഷി വെളിപാടുഗ്രന്ഥമെന്ന് മനസ്സിലാക്കുന്ന ഗ്രന്ഥത്തിൽ മുസ്‌ലിമിനെ പറ്റി വിവരിച്ചിട്ടുള്ള ലക്ഷണങ്ങളെ സ്വന്തം സ്വത്വത്തിൽ സ്ഥാപിച്ചു കാണിക്കുക; അങ്ങനെയായാൽ അയാൾ തികഞ്ഞ മുസൽമാനോ ക്രിസ്ത്യാനിയോ ആകാം. സ്വയം അങ്ങേയറ്റം ശക്തിയോടെ വിശുദ്ധഖുർആനിൽ ഈമാനിനെ കുറിച്ച് വിവരിച്ചിട്ടുള്ള അടയാളങ്ങൾ ഞാനെന്റെ സ്വത്വത്തിൽ സ്ഥാപിച്ചുകാണിക്കുന്നതാണെന്ന് വാദിച്ചു. ഒരു വർഷത്തിനുള്ളിൽ അല്ലാഹു ആഗ്രഹിക്കുന്നവിധം എതിർകക്ഷിക്ക് ഒരിക്കലും കാണിക്കാൻ കഴിയാത്ത ദൃഷ്ടാന്തം കാണിക്കുന്നതായിരിക്കും.

പാതിരി അബ്ദുല്ലാഹ് ആഥിം ഈ ക്ഷണം സ്വീകരിക്കാനും കൂട്ടാക്കിയില്ല. പക്ഷേ, ഒരുപാട് ദിവസത്തെ ചിന്തയ്ക്കും ആലോചനയ്ക്കും ശേഷം വളരെ സമർഥമായി മെനഞ്ഞെടുത്ത ഒരു പദ്ധതിയനുസരിച്ച് എങ്ങനെയുള്ള വെട്ടാണ് അയാൾ നടത്തിയതെന്നാൽ, ആ വെട്ടേറ്റ് എതിർകക്ഷി തീർച്ചയായും പരാജിതരായി മനസ്സിലാക്കപ്പെടുന്നതായിരിക്കുമെന്ന് അദ്ദേഹത്തിന് ദൃഢവിശ്വാസമുണ്ടായിരുന്നു. തങ്ങൾക്ക് അനുകൂലമായി വിജയകാഹളം മുഴങ്ങുന്നതായിരിക്കും. ഇതായിരുന്നു ആ വെട്ട്, 1893 മെയ് 26ന് വാദപ്രതിവാദ ദിവസം പാതിരി അബ്ദുല്ലാഹ് ആഥിം ഇങ്ങനെയൊരു വിവരണം എഴുതിപ്പിച്ചു:

'മസീഹിന്റെ അനുയായികളായ ഞങ്ങൾ പണ്ടെയുള്ള അധ്യാപനങ്ങൾക്ക് പുതിയ ദൃഷ്ടാന്തത്തിന്റെ ആവശ്യമുള്ളതായി കാണുന്നില്ല. അതിനുള്ള കഴിവ് ഞങ്ങളിൽ കാണുന്നുമില്ല. അടയാളം കാണിക്കുമെന്നുള്ള വാദം ഞങ്ങൾക്കൊട്ടു ഇല്ലതാനും. പക്ഷേ, ജനാബിന് ഇതിന്റെ ധാരാ

ളം അഹങ്കാരമുണ്ട്. കാണുന്ന ദിവ്യദൃഷ്ടാന്തത്തെ ഞങ്ങളും നിഷേധിക്കുകയില്ല. അതിനാൽ ഞങ്ങൾ ഈ മൂന്നുപേരെ അവതരിപ്പിക്കുകയാണ്. അവരിൽ ഒരാൾ അന്ധനാണ്. ഒരാൾ ഞൊണ്ടനാണ്. ഒരാൾ ഊമയാണ്. ഇവരിൽ ആരെയെങ്കിലും സുഖപ്പെടുത്താമെങ്കിൽ സുഖപ്പെടുത്തികാണിക്കുക. ഈ ദിവ്യാത്ഭുതംകൊണ്ട് ഞങ്ങളിൽ നിർബന്ധമാകുന്നതെന്തും ഞങ്ങൾ നിറവേറ്റുന്നതായിരിക്കും. താങ്കൾ പറഞ്ഞതനുസരിച്ച് ഞങ്ങൾ സർവശക്തനായ ദൈവത്തിൽ വിശ്വസിക്കുന്നവരായിരിക്കും. പക്ഷേ, യഥാർഥത്തിൽ സർവശക്തനാണെങ്കിൽ അവന് സുഖപ്പെടുത്താനും കഴിയും. പിന്നീടതിൽ താമസംവരുത്തേണ്ട ആവശ്യമെന്താണ്? താങ്കൾ പറഞ്ഞതനുസരിച്ച് തീർച്ചയായും താങ്കളോടൊപ്പം ദൈവമുണ്ടാകും. താങ്കൾ ദൈവസൃഷ്ടികളോട് കരുണ കാണിച്ചാലും. എത്രയും വേഗം കാണിച്ചാലും. ഇന്ന് ഇങ്ങനെയൊരു കാര്യം ഉണ്ടാകുമെന്ന് താങ്കൾ അറിഞ്ഞിട്ടുണ്ടാകും. ഏതൊരു ദൈവമാണോ ഈ പോരാട്ടരംഗത്ത് 'നിനക്കാണ് വിജയമെന്ന്' പറഞ്ഞത്, ആ ദൈവം അവർ ദുരിതബാധിതരെ അവതരിപ്പിക്കുമെന്നും പറഞ്ഞിട്ടുണ്ടാകുമല്ലോ. അതുകൊണ്ട് എല്ലാ ക്രിസ്തീയ സാഹിബുമാരുടേയും മുഹമ്മദീ സാഹിബുമാരുടേയും മുമ്പിൽ ഈ നേരത്ത് താങ്കളുടെ വാദം പൂർത്തിയാക്കിയാലും." (ജൻഗെ മുഖദ്ദസ്, റൂഹാനീഖസായിൻ, വാല്യം 6, പേജ് 150 - 151)

എതിർകക്ഷിയുടെ ഈ ഒരു വെട്ട് കുരിശിനെ ഉടയ്ക്കുന്നവനെതിരിൽ നിരവധി അനുകൂലികളുടെയും പ്രതികൂലികളുടെയും മുമ്പിൽ തികച്ചും എങ്ങനെയായിപോയെന്നാൽ, ഹദ്റത്ത് മൂസാ(അ)നെതിരിൽ ഇന്ദ്രജാലക്കാർ തങ്ങളുടെ വടികളും കയറും- അത് കാണികൾക്ക് ഓടുന്ന പാമ്പായി തോന്നിയിരുന്നു- എറിഞ്ഞ് തങ്ങൾ വിജയിച്ചുവെന്ന് വിളംബരം ചെയ്തിരുന്നു. അതുകൊണ്ട് ഹദ്റത്ത് മൂസായുടെ മനസ്സിലും പേടിയുണ്ടാകും; അവരുടെ ഐന്ദ്രജാലക പ്രവർത്തനം കണ്ട് ദൈവസൃഷ്ടികൾക്ക് സത്യം സംശയകരമാകുമോ എന്ന ഭയം. അപ്പോൾ അല്ലാഹു മൂസായോടു തന്റെ വടി ഇടാൻ നിർദ്ദേശിച്ചു. നീ തന്നെയാണ് വിജയിക്കുന്നവനെന്ന സുവാർത്തയും നല്കി. പക്ഷേ, ഇവിടെ വാദപ്രതിവാദം കേട്ടുകൊണ്ടിരുന്നവരുടെ മനസ്സുകളിൽ പരിഭ്രമമുണ്ടായിട്ടുണ്ടെങ്കിൽ അതിൽ അത്ഭുതമില്ല. ഈ ആക്രമണത്തിന് എന്തു മറുപടി നല്കാനാണെന്ന് അവർ വിചാരിച്ചിട്ടുണ്ടെങ്കിൽ അതിലും തെറ്റില്ല. ക്രിസ്ത്യാനികൾ മനസ്സിൽ അങ്ങേയറ്റം സന്തോഷിക്കുന്നുണ്ടായിരുന്നു. തങ്ങൾക്ക് വിജയം സുനിശ്ചിതമാക്കിയിട്ടുള്ള ആക്രമണമാണ് നടത്തിയിട്ടുള്ളതെന്ന് അവർ ധരിച്ചു. പക്ഷേ, അല്ലാഹുവിന്റെ സിംഹം- അദ്ദേഹമാണെങ്കിൽ ആദ്യമേതന്നെ ജീവിച്ചിരിക്കുന്നവനും സർവശക്തനുമായ അല്ലാഹുവിൽനിന്ന് വിജയത്തിന്റെ സുവാർത്ത പ്രാപിച്ചുകഴിഞ്ഞിരുന്നതാണ്- ശാന്തിയോടെ ഇരിക്കുകയായിരുന്നു. അങ്ങയുടെ മുഖത്ത് പരിഭ്രമത്തിന്റെ ഒരു അടയാളവും കണ്ടില്ല. എന്നല്ല അസ്വസ്ഥതയോടെ തന്റെ സമയം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. പാതിരിമാരുടെ കളവിനെ ഹബാഅൻ മൻഥൂറാ (ചിതറപ്പെട്ട ധൂളികൾ - 25:24) ആക്കി കാണിക്കാൻ പാതിരി ആഥിം തന്റെ വിവരണം എഴുതിപ്പിച്ചുകഴിയുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിവരണം എഴുതിപ്പിക്കുന്നതിന്റെ സമയം വരികയും ചെയ്തപ്പോൾ അവിടന്ന് അങ്ങേയറ്റം ഭീഷണമായ രീതിയിൽ തന്റെ വിവരണം എഴുതിക്കാൻ തുടങ്ങി. അവിടന്ന് പറഞ്ഞു: നിങ്ങൾ സത്യക്രിസ്ത്യാനികളാണെങ്കിൽ പറയുക:

നിങ്ങളുടെ മതത്തിൽ ഹദ്റത്ത് ഈസാ(അ) മോക്ഷപ്രാപ്തരായവരുടെ അതായത് യഥാർഥ വിശ്വാസികളുടെ അടയാളങ്ങൾ എഴുതിയിട്ടുണ്ട്. അത് നിങ്ങളിൽ എവിടെയാണുള്ളത്. ഉദാഹരണത്തിന് മർക്കൊസ് 16:17 - ൽ എഴുതിയിരിക്കുന്നു: "വിശ്വസിക്കുന്നവരുടെ കൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും. അവർ രോഗികളുടെമേൽ കൈവെച്ചാൽ അവർക്ക് സൗഖ്യം വരും."

മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഇനി ഞാൻ വിനയത്തോടെ അപേക്ഷിക്കുകയാണ്. ഈ വാക്കുകളിൽ എന്തെങ്കിലും കടുപ്പവും കയ്പുമുണ്ടെങ്കിൽ ഞാനതിന് മാപ്പുചോദിക്കുന്നു. ഈ മൂന്ന് രോഗികളെ നിങ്ങൾ അവതരിപ്പിച്ചിരിക്കുകയാണ്. ഈ അടയാളം പ്രത്യേകിച്ചും ക്രിസ്ത്യാനികൾക്ക് ഹദ്റത്ത് ഈസാ(അ) കരാറാക്കി കഴിഞ്ഞിട്ടുള്ളതാണ്.' അദ്ദേഹം പറഞ്ഞു: നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ, അതിനുള്ള അടയാളം രോഗിയുടെമേൽ കൈവെച്ചാൽ അവർക്ക് സൗഖ്യം വരുമെന്നാണ്. അപമര്യാദയാണെങ്കിൽ മാപ്പ്. നിങ്ങൾ സത്യവിശ്വാസികളാണെന്ന് വാദിക്കുന്നുവെങ്കിൽ ഈ നേരത്ത് നിങ്ങൾതന്നെ കൊണ്ടുവന്നിട്ടുള്ള ഈ മൂന്ന് രോഗികളുണ്ട്. നിങ്ങൾ ഇവരുടെ മേൽ കൈവെക്കുക. അവർ സൗഖ്യം പ്രാപിച്ചാൽ നിസംശയം നാം സ്വീകരിക്കുന്നതായിരിക്കും; നിങ്ങൾ സത്യവിശ്വാസികളും മോക്ഷം പ്രാപിച്ചവരുമാണെന്ന് സമ്മതിക്കുകയും ചെയ്യും. ഇല്ലെങ്കിൽ സ്വീകരിക്കാൻ ഒരു മാർഗവുമില്ല.' ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനേയും പറഞ്ഞു: 'നിങ്ങളിൽ കടുകുമണി തൂക്കം ഈമാനുണ്ടെങ്കിൽ നിങ്ങൾ മലയോടു മാറിനില്ക്കാൻ പറഞ്ഞാൽ അതു മാറിനില്ക്കുന്നതായിരിക്കും. എന്നാൽ, ഞാൻ ഇപ്പോൾ മലയെ മാറ്റണമെന്നൊന്നും പറയാനാഗ്രഹിക്കുന്നില്ല. കാരണം അത് നമ്മുടെ ഇവിടെനിന്ന് വളരെ ദൂരത്താണുള്ളത്. പക്ഷേ, ഇതൊരു നല്ല പരിപാടിയായിത്തീർന്നിരിക്കുകയാണ്. രോഗിയെ താങ്കൾതന്നെ കൊണ്ടുവന്നിരിക്കുന്നു. ഇനി താങ്കൾ ഇവരുടെമേൽ കൈവെക്കുക. സൗഖ്യമാക്കി കാണിക്കുക. ഇല്ലെങ്കിൽ കടുകുമണിത്തൂക്കം ഈമാനും കൈയിൽനിന്ന് പൊയ്പ്പോകും."

വീണ്ടും പറഞ്ഞു:'എന്നാൽ, നിങ്ങൾ വ്യക്തമായും മനസ്സിലാക്കുക. ഈ ആക്ഷേപം ഞങ്ങൾക്ക് ഏല്ക്കുകയില്ല. കാരണം പ്രതാപവാനായ അല്ലാഹു വിശുദ്ധഖുർആനിൽ ഞങ്ങളുടെ തിരിച്ചറിയൽ അടയാളമായി ഇതു പറഞ്ഞിട്ടില്ല. പ്രത്യേകിച്ചും ഇതു നിങ്ങളുടെ അടയാളമാണ്. താങ്കൾ രോഗികളുടെമേൽ കൈവെക്കുകയാണെങ്കിൽ അവർ സൗഖ്യം പ്രാപിക്കുന്നതായിരിക്കും. അതേ! താൻ തന്റെ സംപ്രീതിയും തൃപ്തിയുമനുസരിച്ച് നിങ്ങളുടെ ദുആകൾ സ്വീകരിക്കുന്നതായിരിക്കുമെന്നും പറഞ്ഞിട്ടുണ്ട്. കുറഞ്ഞപക്ഷം ഏതെങ്കിലും ഒരു ദുആ സ്വീകാരാർഹമല്ലെങ്കിൽ, ദൈവോദ്ദേശ്യത്തിന് വിരുദ്ധമാണെങ്കിൽ അതിനെക്കുറിച്ച് അറിയിക്കുന്നതാണ്. എന്നാൽ, നിനക്ക് അധികാരം നല്കുമെന്നോ അതുമുഖേന നിന്റെ ഇഷ്ടംപോലെ ചെയ്യാമെന്നോ ഒരിടത്തും പറഞ്ഞിട്ടില്ല. എന്നാൽ, ഹദ്റത്ത് മസീഹിന്റെ ഈ കല്പന മനസ്സിലാക്കിത്തരുന്നത് അദ്ദേഹം രോഗികൾ തുടങ്ങിയവർക്ക് സൗഖ്യം നല്കാൻ തന്റെ അനുയായികൾക്ക് അധികാരം നല്കിയിരിക്കുന്നുവെന്നാണ്. മത്തായി 10:1 ൽ എഴുതിയിരിക്കുന്നു: 'അനന്തരം അവൻ തന്റെ പന്ത്രണ്ടു ശിഷ്യന്മാരേയും അടുക്കൽ വിളിച്ചു, അശുദ്ധാത്മാക്കളെ പുറത്താക്കുവാനും സകലവിധ ദീനവും വ്യാധിയും പൊറുപ്പിപ്പാനും അവർക്ക് അധികാരം കൊടുത്തു.' ഇപ്പോൾ നിങ്ങളുടെ നിർബന്ധകടമയായി തീർന്നിരിക്കുന്നു, നിങ്ങളുടെ വിശ്വസ്തതയ്ക്കുള്ള അടയാളമായി താങ്കൾ ഈ രോഗികളെ സുഖപ്പെടുത്തി കാണിക്കുക. അല്ലെങ്കിൽ ഒരു കടുകുമണിത്തൂക്കം വിശ്വാസംപോലും നിങ്ങളിലില്ലെന്ന് സമ്മതിക്കുക. ഇപ്പോഴും ഹദ്റത്ത് മസീഹ് ജീവിച്ചിരിക്കുന്നുവെന്നും എല്ലാത്തിനേയും നിലനിറുത്തുന്നവനും സർവശക്തനും ആവശ്യങ്ങൾ അറിയുന്നവനുമായി നിങ്ങളോടൊപ്പമുണ്ടെന്നുമുള്ളത് നിങ്ങളുടെ വിശ്വാസമാണ്; ആഗ്രഹിക്കുന്നതെന്തും അവനേ തരാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഈ മൂന്ന് രോഗികളേയും താങ്കളുടെ കൈ വെക്കുന്നതിലൂടെ സൗഖ്യമുള്ളതാക്കാൻ താങ്കൾ മസീഹിനോടു അപേക്ഷിക്കുക. വിശ്വാസി ആണെന്നതിന്റെ അടയാളം നിങ്ങളിൽ അവശേഷിച്ചിട്ടുണ്ടെന്ന് തെളിയിക്കുക. ഇല്ലെങ്കിൽ ഒരുഭാഗത്ത് സത്യവാന്മാരോട് ക്രിസ്ത്യാനി എന്ന നിലയിൽ വാദപ്രതിവാദം നടത്തുകയും സത്യക്രിസ്ത്യാനിയുടെ അടയാളം ചോദിക്കുമ്പോൾ തങ്ങളിൽ കഴിവില്ലെന്ന് പറയുകയും ചെയ്യുന്നത് ഉചിതമല്ല. ഈ


**അല്ലാഹുവിന്റെ കലാം**

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

**കലാമുൽ ഇമാം:-**

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

വിവരണംകൊണ്ട് താങ്കൾ താങ്കളുടെമേൽ പരാജയം സമ്മതിക്കുകയാണ് ചെയ്യുന്നത്. താങ്കളുടെ മതം ഇപ്പോൾ ജീവനുള്ള മതമല്ല. പക്ഷേ, ഞങ്ങൾ ഏതുരീതിയിൽ അല്ലാഹു ഞങ്ങൾ സത്യവിശ്വാസികളാണെന്നതിന് അടയാളം നല്കിയോ അതനുസരിച്ച് അടയാളം കാണിക്കാൻ തയ്യാറാണ്. അടയാളം കാണിക്കാൻ കഴിയുന്നില്ലെങ്കിൽ ഏതു ശിക്ഷ വേണമെങ്കിലും നല്കിക്കൊള്ളുക. എങ്ങനെ വേണമെങ്കിലും ഞങ്ങളുടെ കഴുത്തിൽ കഠാര കയറ്റിക്കൊള്ളുക.' (ജൻഗെ മുഖദ്ദസ്, റൂഹാനീ ഖസാഇൻ, വാള്യം 6, പേജ് 153-155)

അവിടന്ന് ഇങ്ങനേയും പറഞ്ഞു: 'ഹദ്റത്ത് മസീഹിനു തന്നെയും പ്രതാപകരമായ ദൃഷ്ടാന്തം കാണിക്കാൻ കഴിഞ്ഞില്ല. മർക്കോസ് 8:11, 12ൽ എഴുതിയിരിക്കുന്നു: 'അനന്തരം പരീശന്മാർ വന്നു. അവനെ പരീക്ഷിച്ചുകൊണ്ട് ആകാശത്തുനിന്ന് ഒരു അടയാളം അന്വേഷിച്ചു. അവനുമായി തർക്കിച്ചുതുടങ്ങി. അവൻ ആത്മാവിൽ ഞരങ്ങി. ഈ തലമുറ അടയാളം അന്വേഷിക്കുന്നതു എന്ത്? ഈ തലമുറക്ക് അടയാളം ലഭിക്കുകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.' പിന്നെ ഇതിനെക്കാൾ അത്ഭുതപ്പെടുന്ന മറ്റൊരു സ്ഥലം കാണുക. മസീഹ് കുരിശിൽ വലിക്കപ്പെട്ടപ്പോൾ യഹൂദികൾ പറഞ്ഞു, അവൻ മറ്റുള്ളവരെ രക്ഷിച്ചു, സ്വന്തം രക്ഷിക്കാൻ കഴിഞ്ഞതുമില്ല. ഇസ്റായേലിന്റെ രാജാവാണെങ്കിൽ ഇപ്പോൾ കുരിശിൽനിന്ന് ഇറങ്ങിവരട്ടെ, എന്നാൽ, ഞങ്ങൾ അവനിൽ വിശ്വസിക്കാം. പക്ഷേ, ഹദ്റത്ത് മസീഹിന് ഇറങ്ങിവരാൻ കഴിഞ്ഞില്ല.' (ജൻഗെ മുഖദ്ദസ്, റൂഹാനീഖസാഇൻ, വാള്യം 6, പേജ് 155-156)

വീണ്ടും പറഞ്ഞു: 'വാദപ്രതിവാദത്തിന്റെ നിബന്ധനകൾ പ്രകാരം "എന്റെ സംബോധകൻ ഇതു സംബന്ധമായി അടയാളങ്ങൾ അനുസരിച്ച് സത്യവാനായ വിശ്വാസിയാണെന്നതിനുള്ള അടയാളങ്ങൾ തന്നിൽ സ്ഥാപിച്ചുകാണിക്കേണ്ടതാണ്. അപ്പോൾ ഞാൻ സത്യവാനായ വിശ്വാസിയാണെന്നതിനുള്ള അടയാളങ്ങൾ വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിൽ എന്നിൽ സ്ഥാപിച്ചുകാണിക്കുന്നതായിരിക്കും. എന്നാൽ, ഇവിടെ ഓർക്കേണ്ട കാര്യം വിശുദ്ധഖുർആൻ അവർക്ക് അധികാരം നല്കുന്നില്ല. പ്രത്യുത അത്തരം വാക്യങ്ങൾകൊണ്ട് നമ്മുടെ ശരീരം വിറയ്ക്കുകയാണ്. അവൻ എങ്ങനെയുള്ള അടയാളം കാണിക്കുമെന്ന് നമുക്ക് പറയാൻ സാധിക്കുകയില്ല. ഗോഡ് തന്നെയാണ് ദൈവം. അവനല്ലാതെ മറ്റൊരു ദൈവവുമില്ല. അതേ! ഇതു നമ്മുടെ ഭാഗത്തുനിന്നുള്ള ഇക്കാര്യത്തെ സംബന്ധിച്ച പ്രതിജ്ഞ ഉറച്ചതാണ്, പ്രതാപവാനായ അല്ലാഹു എന്നിൽ വെളിപ്പെടുത്തിയതുപോലെ, തീർച്ചയായും പോരാട്ടനേരത്ത് ഞാൻ വിജയം പ്രാപിക്കും. എന്നാൽ, ഏതുരീതിയിലാണ് അല്ലാഹു അടയാളം കാണിക്കുക എന്ന് അറിയുകയില്ല. യഥാർഥ കാര്യം എന്നു പറയുന്നത് മനുഷ്യശക്തിയ്ക്ക് അതീതമായിട്ടുള്ളതായിരിക്കണം ദൃഷ്ടാന്തം എന്നതാണ്.' (ജൻഗെമുഖദ്ദസ്, റൂഹാനീ ഖസാഇൻ, വാള്യം 6, പേജ് 157)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഈ മറുപടി എഴുതിപ്പിക്കുകയായിരുന്നു. ഈ അവസരത്തിൽ പാതിരിമാർ കൊണ്ടുവന്ന രോഗികളെ അവർ മജ്‌ലിസിൽനിന്ന് എങ്ങനെ അപ്രത്യക്ഷമാക്കിയെന്നാൽ, ഭൂമി അവരെ വിഴുങ്ങിക്കളഞ്ഞതുപോലെതോന്നി. പാതിരിമാരുടെ ഇത്ര ഐന്ദ്രജാലക നടപടി തികച്ചും വ്യർഥവും നിഷ്ഫലവുമായി. അത് എന്നെന്നേക്കുമായി അവരുടെ നെറ്റിത്തടത്തിൽ കളങ്കക്കുറിയായി മാറി. അല്ലാഹുവിന്റെ ഫൈൽവാൻ കുരിശുടയ്ക്കുവന് സുവ്യക്തമായ വിജയത്തിനു നിമിത്തവുമായി.

**അടയാളം**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അല്ലാഹുവിനോടു അടയാളം കാണിക്കാൻ ആവശ്യപ്പെട്ടുള്ള വിഷമത്തോടും ഗതിമുട്ടലോടുംകൂടി ചെയ്ത ദുആകൾ അവസാനം സ്വീകാരാവസ്ഥയിലെത്തി. അല്ലാഹു ശത്രുകക്ഷിയെ സംബന്ധിച്ച് അദ്ദേഹത്തിന് അടയാളം നല്കുമെന്ന് അറിയിച്ചു. അത് ഈ വാള്യത്തിന്റെ പേജ് 291, 292ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ചുരുക്കത്തിൽ ദജ്ജാലിസംഘവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം തമ്മിൽ നടന്ന ഈ വിശുദ്ധയുദ്ധം കുരിശുമതത്തെ തുണ്ടംതുണ്ടമാക്കുകയും തെളിവുകളുടേയും പ്രമാണങ്ങളുടേയും അടിസ്ഥാനത്തിൽ ദജ്ജാൽ എന്നന്നേക്കുമായി വധിക്കപ്പെടുകയും ചെയ്തു.


**ഈ വാദപ്രതിവാദത്തിന്റെ ഫലം**

ഈ വാദപ്രതിവാദത്തിന്റെ സന്തോഷകരമായ ഫലങ്ങൾ വാദപ്രതിവാദ നാളുകളിൽതന്നെ വെളിപ്പെടാൻ തുടങ്ങി. വാദപ്രതിവാദം നടക്കുന്ന നാളുകളിൽതന്നെ അമൃതസറിലെ വസ്ത്രനെയ്ത്തുകാരനും വസ്ത്രവ്യാപാരിയുമായ മിയാൻ നബിബഖ്ശും നമ്മുടെ ഉസ്താദ് കർമശാസ്ത്രത്തിന്റേയും ഹദീഥിന്റെയും വിദഗ്ദ്ധനും കർമാനുഷ്ഠാനിയായ പണ്ഡിതനുമായ ഹദ്റത്ത് ഖാളീ അമീർ ഹുസയ്നും(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയിൽ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നു. ഖാളി സാഹിബ് ആ നാളുകളിൽ അമൃതസറിലെ മദ്രസത്തുൽ ഇസ്‌ലാമിയ്യായിൽ അധ്യാപകനായിരുന്നു. അദ്ദേഹം അഹ്‌മദിയായതോടെ മൗലവിമാരുടെ വീടുകളിൽ ഒച്ചയും ബഹളവുമായി. (രിസാല നൂർ അഹ്‌മദ് പേജ് 30) ഇപ്രകാരംതന്നെ കപൂർതല റഈസായ കർണൽ അൽത്വാഫ് അലിഖാൻ സാഹിബും- അദ്ദേഹം ക്രിസ്തുമതം സ്വീകരിച്ചുകഴിഞ്ഞതാണ്, വാദപ്രതിവാദനേരത്ത് ക്രൈസ്തവ പക്ഷത്താണ് ഇരുന്നത്- ഇസ്‌ലാം സ്വീകരിച്ചു. (റിവ്യൂ ഓഫ് റിലീജ്യൻസ്, ഉർദു 1940 ജനുവരി)

അവരുടെ മതത്തെ ഖണ്ഡിച്ചും ഇസ്‌ലാമിനെ പിന്തുണച്ചും വാഗ്ദത്ത മസീഹ് രചിച്ച ഗ്രന്ഥങ്ങൾ എങ്ങനെയുള്ള ആയുധമാണെന്നാൽ അതിന്റെ വെട്ടുകൊണ്ട് കുരിശ് ഉടയുക എന്നത് ദൃഢഗാഢമായിരിക്കുന്ന കാര്യമാണ്. അതിനാൽ ഈ മഹത്തായ വാദപ്രതിവാദത്തിൽ പാതിരിമാർക്ക് പരാജയമുണ്ടായി. ഏതൊരു രീതിയിലാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസ്‌ലാം ജീവനുള്ള മതമാണെന്നും നബി(സ)തിരുമേനി ജീവനുള്ള നബിയാണെന്നും വിശുദ്ധഖുർആൻ ജീവൽഗ്രന്ഥമാണെന്നും സ്ഥാപിച്ചത്, അത് ക്രൈസ്തവ ലോകത്തെ ബാധിക്കാത്ത കാര്യമായിരുന്നില്ല. ഇംഗ്ലണ്ടിലെ നിരവധി മിഷണറി സൊസൈറ്റികൾ പഞ്ചാബിലും ഹിന്ദുസ്താനിലും പ്രവർത്തിക്കുന്നുണ്ടായിരുന്നു. അവരെയെല്ലാം ഈ വാദപ്രതിവാദം ഗുരുതരമായി ബാധിച്ചു. 1894-ൽ ലോകം മുഴുവനുമുള്ള പാതിരിമാരുടെ മഹത്തായ സമ്മേളനം ലണ്ടനിൽ സംഘടിപ്പിച്ചു. അതിലെ ഒരു സമ്മേളനത്തിൽ അധ്യക്ഷ സ്ഥാനം വഹിച്ച ലോർഡ് ബിഷപ്പ് ഓഫ് ഗ്ലോസ്റ്റർ റവറണ്ട് ചാൾസ് ജോൺ ഏലിക്കോട് പറഞ്ഞു:

'ഇസ്‌ലാമിൽ ഒരു പുതിയ ചലനത്തിന്റെ ലക്ഷണം വ്യക്തമാണ്. എന്നോടു അനുഭാവമുള്ള ആളുകൾ പറഞ്ഞു, ഹിന്ദുസ്താനിലെ ബ്രിട്ടീഷ് ഭരണത്തിൽ ഒരു പുതിയ രീതിയിലുള്ള ഇസ്‌ലാം നമ്മുടെ മുമ്പിൽ വന്നുകൊണ്ടിരിക്കുന്നു. ഈ ദ്വീപുകളിലും മറ്റു ചില സ്ഥലങ്ങളിലും അതിന്റെ ലക്ഷണങ്ങൾ കണ്ടുവരുന്നുണ്ട്. ഏതൊന്നിന്റെ അടിസ്ഥാനത്തിലാണോ മുഹമ്മദിന്റെ മതം നമ്മുടെ ദൃഷ്ടിയിൽ ശാപമായി നിശ്ചയിക്കപ്പെടുന്നത്, ഇക്കൂട്ടർ ആ നൂതന നടപടികളുടെ (ബിദ്അത്ത്) കഠിനവിരോധികളാണ്. ഈ പുതിയ ഇസ്‌ലാം കാരണത്താൽ മുഹമ്മദിന് വീണ്ടും ആദ്യമുണ്ടായിരുന്ന മഹത്ത്വം ലഭ്യമായിക്കൊണ്ടിരിക്കുന്നു. ഈ പുതിയ മാറ്റങ്ങൾ എളുപ്പത്തിൽ തിരിച്ചറിയാൻ സാധിക്കുന്നതാണ്. ഈ പുതിയ ഇസ്‌ലാം അതിന്റെ ഇനത്തിൽ പ്രതിരോധപരം മാത്രമല്ല, മറിച്ച് ആക്രമണപരമായ നിലയിലുള്ളതാണ്. ഖേദകരമെന്നു പറയട്ടെ നമ്മളിലുള്ള ചില ബുദ്ധികൾ അതിലേക്ക് ചാഞ്ഞുകൊണ്ടിരിക്കുന്നു.' (ദ ഓഫീഷ്യൽ റിപ്പോർട്ട് ഓഫ് ദ മിഷണറി കോൺഫ്രൻസ് ഓഫ് ദ ആംഗ്ലിക്കൻ കമ്മ്യൂണിയൻ 1894, പേജ് 64)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തിന് കേവലം നാലു വർഷമേ കഴിഞ്ഞുള്ളൂ, പാതിരിമാരുടെ മനസ്സുകളിൽ അവിടത്തെ ആദരയുക്തമായ ഭയം വീണു. ക്രൈസ്തവലോകത്തിന് ഇസ്‌ലാമിന്റെ വിജയത്തിന്റേയും ക്രൈസ്തവമതത്തിന്റെ അധഃപതനത്തിന്റേയും കാലം വന്നെത്തിയെന്ന് അനുഭവപ്പെട്ടു.



**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം ശത്രുക്കളുടെ നാശത്തിന്റെ വെളിച്ചത്തിൽ

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥമായ ഹഖീഖത്തുൽ വഹ്യിൽ നിന്നുള്ള (റൂഹാനീ ഖസാഇൻ വാല്യം 22) അദ്ദേഹത്തിന്റെ രണ്ട് എതിരാളികളുടെ ഗുണപാഠം നല്കുന്ന പര്യവസാനം സമർപിക്കുകയാണ്. ഈ രണ്ട് എതിരാളികളും അവിടത്തെ പ്രവചനമനുസരിച്ചാണ് നാശമടഞ്ഞത്. അവരുടെ നാശവും അവരുടെ ഗുണപാഠപരമായ പര്യവസാനവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള മഹത്തായ ഒരു തെളിവാണ്.

## തിളക്കമാർന്ന അടയാളം
## വ്യാജ മൂസയായിരുന്ന ലാഹോറിലെ ബാബു ഇലാഹി ബഖ്ശ് മരിച്ചു.

ലാഹോറിലെ അക്കൗണ്ടന്റായിരുന്ന മുൻശീ ഇലാഹി ബഖ്ശ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശിഷ്യരിൽപെട്ടയാളായിരുന്നു. ആത്മാർഥതയിലും കൂറിലും ഉയർന്നിരുന്നു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) 1889ൽ ബയ്അത്ത് മുഖേന ജമാഅത്തിന് അടിത്തറ പാകുകയും തന്റെ മുരീദന്മാരോടു ബയ്അത്തിൽ പ്രവേശിക്കാൻ പറയുകയും ചെയ്തപ്പോൾ ക്ഷണത്തിൽ ഇലാഹീ ബഖ്ശ് തെറ്റിപ്പോയി. ഖാദിയാനിൽ വന്ന് അയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അങ്ങേയറ്റം അപമര്യാദയോടുകൂടി തന്റെ സ്വപ്നങ്ങളും വെളിപാടുകളും കേൾപ്പിച്ചു. അയാൾ പറഞ്ഞു: 'ഞാനെന്തിനാണ് താങ്കൾക്ക് ബയ്അത്ത് ചെയ്യുന്നതെന്ന് താങ്കളോടു ചോദിക്കുന്നതായും താങ്കൾ എനിക്ക് ബയ്അത്ത് ചെയ്യണമെന്ന് ഞാൻ പറയുന്നതായും ഒരു സ്വപ്നം കണ്ടു.' സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ പഴയകാല സുഹൃത്തിനെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിന് തന്റെ മഹത്തായ ഗ്രന്ഥം ഉരൂറത്തുൽ ഇമാം എഴുതാൻ തുടങ്ങി. അതിൽ എല്ലാ വിധത്തിലും അദ്ദേഹത്തിന് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ചു. അദ്ദേഹം അതിൽ ബയ്അത്തിന്റേയും ഇൽഹാമിന്റെയും യാഥാർഥ്യത്തെക്കുറിച്ച് അമൂല്യവും ജ്ഞാനനിർഭരവുമായ ചർച്ച ചെയ്തു. ഈ ഗ്രന്ഥത്തിൽനിന്നുള്ള ചില നിർദേശങ്ങൾ സമർപിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇലാഹി ബഖ്ശിനോടു പറഞ്ഞു:

"എന്റെ പ്രിയരേ, നാം ദിവ്യജ്ഞാനത്തിലും സത്യതത്ത്വങ്ങളിലും ആത്മീയാനുഗ്രഹങ്ങളിലും വിശക്കുന്നവനും ദാഹിച്ചവനുമാകുന്നു. ഒരു സമുദ്രം മുക്കിക്കുടിച്ചാലും തൃപ്തിപ്പെടുകയില്ല. ആരെങ്കിലും നമ്മെ തന്റെ ദാസ്യത്തിലേക്ക് എടുത്തുകൊള്ളാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ബയ്അത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും അതിന്റെ യഥാർഥമായ തത്ത്വജ്ഞാനവും ഉൾക്കൊണ്ടുകൊണ്ട് നാമുമായി ഈ ക്രയവിക്രയം നടത്തുന്നത് വളരെ എളുപ്പമുള്ള കാര്യമാകുന്നു. അദ്ദേഹത്തിന്റെ പക്കൽ നമുക്ക് നല്കപ്പെട്ടിട്ടില്ലാത്ത സ്വർഗീയാനുഗ്രഹങ്ങളും സത്യതത്ത്വജ്ഞാനങ്ങളും ദിവ്യസമ്പത്തുകളും ഉണ്ടെങ്കിലും നമുക്ക് തുറന്നുതന്നിട്ടില്ലാത്ത ഖുർആനികജ്ഞാനനിധികൾ അദ്ദേഹത്തിന് തുറന്നുകിട്ടിട്ടുണ്ടെങ്കിലും 'ബിസ്മില്ലാഹ്' ആ വന്ദ്യാത്മാവ് നമ്മുടെ ദാസ്യത്തിന്റേയും അനുസരണത്തിന്റേയും കൈ സ്വീകരിച്ചുകൊള്ളട്ടെ. ആത്മീയജ്ഞാനങ്ങളും ഖുർആനിക രഹസ്യങ്ങളും സ്വർഗ്ഗീയാനുഗ്രഹങ്ങളും അദ്ദേഹം നമുക്ക് പകരം നല്കുകയും ചെയ്യട്ടെ. അധികമായി ക്ലേശങ്ങൾ ഏല്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ മുൽഹം (വെളിപാടുകാരൻ) ആയ സ്നേഹിതൻ ഏതെങ്കിലും ഒരു യോഗത്തിൽ 'സൂറ ഇഖ്ലാസിന്റെ തത്ത്വരഹസ്യങ്ങളും ദിവ്യജ്ഞാനങ്ങളും വിവരിക്കട്ടെ. അതിനേക്കാൾ ആയിരംമടങ്ങ് ശ്രേഷ്ഠമായ വ്യാഖ്യാനങ്ങൾ നല്കാൻ നമുക്ക് സാധിക്കാത്തപക്ഷം നാം അദ്ദേഹത്തിന് കീഴവണങ്ങിക്കൊള്ളാം." (ഉരൂരത്തുൽ ഇമാം, റൂഹാനീ ഖസാഇൻ, വാല്യം 13, പേജ് 498)

അവിടന്ന് പറയുന്നു: 'ഞാൻ ആണയിട്ടു പറയുന്നു, എപ്രകാരം നമ്മുടെ സുഹൃത്ത് പണ്ഡിതനായ മൗലവി അബ്ദുൽകരീം സാഹിബ് ഉപദേശപ്രസംഗവേളയിൽ വിശുദ്ധഖുർആന്റെ സത്യതത്ത്വങ്ങളും ദിവ്യജ്ഞാനങ്ങളും വിവരിച്ചുതരുന്നതിന്റെ ആയിരത്തിലൊരു അംശംപോലും എന്റെ ബഹുമാന്യ സുഹൃത്തിന്റെ മുഖത്തുനിന്ന് പുറത്തുവരുമെന്ന് എനിക്ക് വിശ്വാസമില്ല.' (Ibid പേജ് 298)

അവിടന്ന് പറഞ്ഞു: 'നമ്മുടെ ജമാഅത്തിൽ എന്റെ കൈയിൽ ബയ്അത്ത് ചെയ്തിട്ടുള്ള ദൈവദാസരിൽ ഉജ്ജ്വലപ്രഭാവനും മഹാപണ്ഡിതനുമായ ഒരു ധന്യാത്മാവ് ഉണ്ട്. അത് ഹക്കീം ഹാഫിള് ഹാജിയുൽ ഹറമയ്ൻ നൂറുദ്ദീൻ സാഹിബ് ആണ്. ലോകത്തെങ്ങുമുള്ള ഖുർആൻ തഫ്സീറുകൾ അദ്ദേഹം തന്റെ പക്കൽ സൂക്ഷിച്ചുപോരുന്നു. അദ്ദേഹത്തിന്റെ ഹൃദയം ആയിരക്കണക്കായ ഖുർആനിക ജ്ഞാനങ്ങളുടെ ഭണ്ഡാരമാകുന്നു. താങ്കൾക്ക് യഥാർഥത്തിൽ ബയ്അത്ത് വാങ്ങാനുള്ള ശ്രേഷ്ഠത നല്കപ്പെട്ടിട്ടുണ്ടെങ്കിൽ ഖുർആന്റെ ഒരു അധ്യായം സത്യതത്ത്വങ്ങളോടും ദിവ്യജ്ഞാനങ്ങളോടുംകൂടി അദ്ദേഹത്തിന് കേൾപ്പിച്ചുകൊടുക്കുക. ഇക്കൂട്ടർ എന്റെ കൈയിൽ ബയ്അത്ത് ചെയ്തിട്ടുള്ളതും മറ്റ് വെളിപാടുവാദികളെയെല്ലാം കൈയൊഴിച്ചതും ഭ്രാന്തായതുകൊണ്ടൊന്നുമല്ലല്ലോ!" (Ibid പേജ് 500)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'അദ്ദേഹം തന്റെ ഇൽഹാമിയായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുമുമ്പേ തന്റെ ഖുർആനികജ്ഞാനങ്ങളുടെ മാതൃക ആദ്യം മൗലവി സാഹിബിനൊന്നു കാണിച്ചുകൊടുക്കട്ടെ. ഈ അത്ഭുതകരമായ പ്രതിഭാസത്തിന്റെ പ്രകാശപ്പൊലിമ മുഖേന നൂറുദ്ദീനെപ്പോലുള്ള ഒരു ഖുർആൻ ഭക്തനിൽനിന്ന് ബയ്അത്ത് സ്വീകരിക്കട്ടെ. അപ്പോൾ ഞാനും എന്റെ ജമാഅത്തും താങ്കളിൽ ബലിയായിരിക്കും.' (Ibid പേജ് 501)

ഹദ്റത്ത് മസീഹ് മൗഊദ്(അ) "തിളക്കമാർന്ന അടയാളം, ബാബു ഇലാഹി ബഖ്ശ് അക്കൗണ്ടന്റ് പെൻഷണർ ലാഹോർ വ്യാജമൂസ മരണപ്പെട്ടു" എന്ന ശീർഷകത്തിൽ ജമാഅത്തിന് അയാളുടെ നാശത്തെക്കുറിച്ച് വിവരം നല്കിക്കൊണ്ടു പറഞ്ഞു: 'വായനക്കാരേ! നിങ്ങൾക്ക് അറിവുണ്ടായിരിക്കും. ലാഹോറിൽ അക്കൗണ്ടന്റായിരുന്ന ഇലാഹി ബഖ്ശ് എന്നു പേരുള്ള ഒരാൾ, ഞാൻ അല്ലാഹുവിൽനിന്ന് വഹ്യ് പ്രാപിച്ച് ഞാൻ മസീഹ് മൗഊദാണെന്ന കാര്യം വെളിപ്പെടുത്തിയ കാലത്ത് എന്നിൽനിന്ന് വേർപെട്ടുപോയി. അയാൾ താൻ മൂസായാണെന്ന് വാധിച്ചയാളാണ്. ഇതിന്റെ വിശദീകരണം ഇപ്രകാരമാണ്: 'ദീർഘകാലമായി ഇലാഹി ബഖ്ശ് എന്നോടൊപ്പം ശിഷ്യബന്ധം പുലർത്തിപോന്നിരുന്നു. തുടരത്തുടരെ ഖാദിയാനിൽ വരുമായിരുന്നു. എന്നെ അല്ലാഹുവിൽനിന്ന് വെളിപാടിറങ്ങുന്ന ആളാണെന്ന് മനസ്സിലാക്കുകയും സേവനം ചെയ്യുകയും ചെയ്തിരുന്നു. ചിലപ്പോൾ സുബ്ഹി നേരത്ത് നമസ്കാരത്തിനുശേഷം ഞാൻ അമൃതസർ എന്ന സ്ഥലത്ത് മുഖത്ത് പുതപ്പിട്ട് ഉറങ്ങാറുണ്ടായിരുന്നു. അപ്പോൾ ഒരാൾ വരികയും അയാൾ എന്റെ കാല് അമർത്തുകയും ചെയ്യുമായിരുന്നു. ഞാൻ പുതപ്പുമാറ്റി നോക്കിയപ്പോൾ അത് ഇലാഹി ബഖ്ശ് ആയിരുന്നു. ഇത് ഞാൻ എഴുതിയത് ആ പരിധിവരെ അദ്ദേഹത്തിന്റെ ആത്മാർഥത ഉയർന്നിരുന്നുവെന്ന് പറയാനാണ്. ഒരുതരത്തിലുള്ള സേവനവും ചെയ്യാൻ അദ്ദേഹത്തിന് മടിയില്ലായിരുന്നു. അത് കുറവായി കരുതിയിരുന്നുമില്ല. അങ്ങേയറ്റം വിനയത്തോടെ നിസാരമായ സേവകരെപോലെ തന്നെ കരുതിയിരുന്നു. സാമ്പത്തികസേവനത്തിലും കഴിയുന്നത്ര ചെയ്യാൻ മടിച്ചിരുന്നില്ല. അല്ലാഹു ഇച്ഛിക്കുന്നതുവരെ അദ്ദേഹം ഈ ആത്മാർഥപരമായ സേവനത്തിൽ നിലകൊണ്ടു. അദ്ദേഹം തന്റെ ആത്മാർഥതയിൽ ഒരുപാട് ഉയരുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. ഞാൻ ഏതെങ്കിലും പരിപാടിയിൽ പങ്കെടുക്കുന്നതിന് ലുധിയാനയിലോ അമ്പാലയിലോ മറ്റേതെങ്കിലും സ്ഥലത്തോ പോകുമ്പോൾ കഴിവും ഒഴിവുമുണ്ടെങ്കിൽ അവിടെ എത്തുമായിരുന്നു. മിക്ക നേരങ്ങളിലും ഇദ്ദേഹത്തിന്റെ സുഹൃത്ത് മുൻശീ അബ്ദുൽ ഹഖ് അക്കൗണ്ടന്റും അദ്ദേഹത്തിനൊപ്പം ഉണ്ടാകുമായിരുന്നു. കുറേ നാളുകൾക്കുശേഷം തനിക്കും ഇൽഹാം ഉണ്ടാകുന്നുണ്ടല്ലോ എന്ന വിചാരം അദ്ദേഹത്തിനുണ്ടായി. ഈയൊരു വിഷലിപ്തമായ വിത്തായിരുന്നു നിയതിനിയമം അദ്ദേഹത്തിൽ വിതച്ചത്. പിന്നീട് ഉള്ളിന്റെ ഉള്ളിൽ അദ്ദേഹത്തിന്റെ ആത്മാർത്ഥപരമായ അവസ്ഥയിൽ കുറച്ചുമാറ്റം ഉണ്ടായിക്കൊണ്ടിരുന്നു. തുടർന്ന് അല്ലാഹു എന്നോടു ജനങ്ങളിൽനിന്ന് ബയ്അത്ത് വാങ്ങുന്നതിന് നിയോഗിച്ചകാലത്ത്, ഏകദേശം നാല്പതോ കുറച്ചധികമോ ആളുകൾ ബയ്അത്തിൽ പ്രവേശിക്കുകയും പൊതുവായ നിലയിൽ അല്ലാഹുവിന്റെ കല്പനപ്രകാരം എല്ലാവരേയും കേൾപ്പിക്കുകയും ഞാനുമായി ശിഷ്യബന്ധം പുലർത്തുന്നവർ ബയ്അത്തിൽ പ്ര

വേശിക്കുകയും ചെയ്യുക എന്നു പറഞ്ഞപ്പോൾ, അക്കാര്യം കേട്ടുടനെ ഇലാഹി ബഖ്ശിന്റെ മനസ് വ്യതിചലിച്ചു. അദ്ദേഹം കുറച്ചുകാലത്തിനു ശേഷം തന്റെ ഇൽഹാം കേൾപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ അയാളുടെ സുഹൃത്തായ മുൻശീ അബ്ദുൽ ഹഖിനോടൊപ്പം ഖാദിയാനിൽ എന്റെയടുത്തുവന്നു. ഈ പ്രാവശ്യം അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ഇലാഹി ബഖ്ശ് അല്ല മറ്റാരോ ആണെന്ന് തോന്നുംവിധം കാഠിന്യം അയാളിൽ ഉണ്ടായിരുന്നു. അയാൾ അപമര്യാദയോടുകൂടി തന്റെ ഇൽഹാം കേൾപ്പിക്കാൻ തുടങ്ങി. അതൊരു ചെറിയ വെള്ളക്കടലാസിൽ എഴുതിയിരുന്നതാണ്; അത് പോക്കറ്റിലാണുണ്ടായിരുന്നത്. എല്ലാം പറഞ്ഞതിനുശേഷം അയാൾ കേൾപ്പിച്ചു: 'സ്വപ്നത്തിൽ താങ്കൾ എന്നോടു ബയ്അത്ത് ചെയ്യാൻ പറയുന്നതായും ഞാൻ മറുപടിയായി ചെയ്യുകയില്ലെന്ന് പറയുന്നതായും കണ്ടു. എന്നാൽ, താങ്കൾ എനിക്ക് ബയ്അത്ത് ചെയ്യുക എന്ന് ഞാൻ താങ്കളോടു പറഞ്ഞു.' ഈ സ്വപ്നം കാരണത്താൽ അയാളിൽ അഹങ്കാരവും ഹുങ്കും അടിമുടി നിറഞ്ഞു. താൻ പുണ്യവാളനാണെന്നും തനിക്ക് ബയ്അത്ത് ചെയ്യേണ്ട ആവശ്യമില്ലെന്നും അയാൾ മനസ്സിലാക്കി. എന്നല്ല ഞാൻ അയാൾക്കു ബയ്അത്ത് ചെയ്യണമത്രെ! എന്നാൽ, ഇത് ശയ്ത്വാന്റെ ദുർബോധനമായിരുന്നു. അത് അയാൾ മനസ്സിലാക്കപ്പെടാൻ നിമിത്തമായി. കാര്യമെന്താണെന്നാൽ, മനുഷ്യന്റെ മനസ്സിൽ അഹങ്കാരവും സത്യനിഷേധവും മറഞ്ഞിരിക്കുമ്പോൾ അതേ നിഷേധമാണ് മനസ്സിലെ തോന്നൽപോലെ സ്വപ്നത്തിൽ വരുന്നത്. അജ്ഞനായ മനുഷ്യൻ മനസ്സിലാക്കുന്നത് അത് അല്ലാഹുവിൽനിന്നുള്ളതാണെന്നാണ്. വാസ്തവത്തിൽ ആ നിഷേധം കേവലം തന്റെ മറഞ്ഞിരിക്കുന്ന ചിന്താഗതികളിൽനിന്നാണുണ്ടാകുന്നത്, അല്ലാഹുവുമായി അതിന് ഒരു ബന്ധവും ഉണ്ടായിരിക്കുകയില്ല. നൂറുകണക്കിന് അജ്ഞാനികൾ (ജാഹിൽ) ഈ മനസ്സിന്റെ തോന്നൽകൊണ്ട് നാശമടയുന്നു. അങ്ങനെ ഇലാഹി ബഖ്ശ് അങ്ങേയറ്റം ഊറ്റത്തോടും അപമര്യാദയോടുംകൂടി ആ സ്വപ്നം എന്നെ കേൾപ്പിച്ചു. അയാളുടെ അജ്ഞതയിൽ എനിക്ക് വളരെ വിഷമം തോന്നിയിരുന്നു. കാരണം അയാൾ കേൾപ്പിച്ചുകൊണ്ടിരുന്നതെല്ലാം മനസ്സിൽനിന്നുണ്ടായ തോന്നലുകളാണെന്ന് എനിക്കറിയാമായിരുന്നു. ഞാൻ അയാളുടെ മനസ്സിൽ അഹങ്കാരം കണ്ടു. ആത്മസ്തുതിയുടേയും അഹങ്കാരത്തിന്റേയും ലക്ഷണങ്ങൾ കണ്ടു. അയാളുടെ സംസാരങ്ങളിൽ ദ്വേഷം ഉണ്ടായിരുന്നു. അതുകൊണ്ട് അയാളോട് എന്തെങ്കിലും ഉപദേശം എന്ന നിലയിൽ പറയുന്നത് നിഷ്ഫലമാണെന്ന് മനസ്സിലാക്കി. ഭൂരിഭാഗമാളുകളും മയക്കത്തിന്റെ അവസ്ഥയിൽ അവരുടെ നാവിലൂടെ വരുന്ന എല്ലാ ഓരോ കാര്യത്തേയും അല്ലാഹുവിന്റെ വചനമാണെന്ന് കരുതുന്നത് അങ്ങേയറ്റം ഖേദകരമാണ്. ഈ നിലയിൽ **ലാ തഖ്ഫു മാ ലയ്സലക്ക ബിഹീ ഇൽമുൻ** എന്നതിന്റെ കീഴെ സ്വയം തങ്ങളെ പ്രവേശിപ്പിക്കുന്നു. എന്നാൽ, ഓർക്കേണ്ടതാണ്. ഏതെങ്കിലും വാക്യം നാവിലൂടെ പുറപ്പെടുകയും അത് അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതിനു വിരുദ്ധമാകാതിരിക്കുകയും ചെയ്താ ൽതന്നെ അല്ലാഹുവിന്റെ വചനമെന്ന് പറയാൻ പറ്റുകയില്ല. അല്ലാഹുവിന്റെ പ്രവൃത്തി അതിന് സാക്ഷിയാകാത്തിടത്തോളം. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ ശത്രുവായ ശപിക്കപ്പെട്ട ശയ്ത്വാൻ ഏതുപോലെ മറ്റു മാർഗത്തിലൂടെ മനുഷ്യനെ നശിപ്പിക്കാനാഗ്രഹിക്കുന്നുവോ അതുപോലെ ആ വഴിപിഴപ്പിക്കുന്നവന്റെ മറ്റൊരു മാർഗം തന്റെ വചനങ്ങൾ മനുഷ്യമനസ്സുകളിലിട്ട് അല്ലാഹുവിന്റെ വചനമാണെന്ന് വരുത്തിത്തീർക്കുകയുമാണ്. അവസാനം അത്തരം വ്യക്തി നാശമടയുന്നു.

അതിനാൽ ആരിലെങ്കിലും ഏതെങ്കിലും വചനമിറങ്ങിയാൽ മൂന്ന് അടയാളങ്ങൾ അതിലില്ലെങ്കിൽ അല്ലാഹുവിന്റെ വചനമാണെന്ന് അതിനെ പറയുന്നത് സ്വയം നാശത്തിൽ അകപ്പെടുത്തലാണ്.

ഒന്ന് ആ വചനം വിശുദ്ധഖുർആന് വിരുദ്ധവും എതിരും ആകാൻ പാടില്ല. എന്നാൽ, മൂന്നാമത്തെ ലക്ഷണമില്ലെങ്കിൽ കേവലം ഈ ലക്ഷണംകൊണ്ട് ഒന്നുംതന്നെ സ്ഥാപിതമാകുകയില്ല.

രണ്ട്: ആത്മാവിന്റെ പരിശുദ്ധി നല്ലവണ്ണം നടന്നുകഴിഞ്ഞിട്ടുള്ള വ്യക്തിയിലായിരിക്കണം ആ വചനം ഇറങ്ങേണ്ടത്. അയാൾ തികച്ചും ശരീരേച്ഛകളിൽനിന്ന് മാറി, അല്ലാഹുവിൽ പൂർണമായും ലയിച്ചുചേർന്നവരിൽപ്പെട്ടയാളായിരിക്കണം. അയാളുടെ ആത്മാവിന് ഒരു മരണമുണ്ടാകുകയും അതുമുഖേന അയാൾ അല്ലാഹുവിനോടു അടുക്കുകയും ശയ്ത്വാനിൽനിന്ന് അകന്നു കിടക്കുകയും വേണം. കാരണം ആരുടെ അടുത്താണോ ഉള്ളത് അയാളുടെ ശബ്ദമാണ് കേൾക്കുക. ശയ്ത്വാന്റെ അടുത്തുള്ളവർ ശയ്ത്വാന്റെ ശബ്ദമാണ് കേൾക്കുക. അല്ലാഹുവിന്റെ അടുത്തുള്ളവർ അല്ലാഹുവിന്റെ ശബ്ദം കേൾക്കുന്നു. മനുഷ്യാത്മാവിന്റെ ശുദ്ധീകരണത്തിനാണ് അങ്ങേയറ്റം ശ്രമിക്കേണ്ടത്. അവന്റെ എല്ലാ സുലൂക്കും(അല്ലാഹുവിലേക്കുള്ള പ്രയാണങ്ങളും) അവസാനിക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഇതൊരു മരണമാണ്; അത് ഉള്ളിലുള്ള എല്ലാ വൃത്തികേടുകളേയും കത്തിച്ചുചാമ്പലാക്കുന്നു. മനുഷ്യൻ തന്റെ സുലൂക് അവസാനിപ്പിച്ചുകഴിയുമ്പോൾ ദൈവികനിയന്ത്രണത്തിന്റെ ഊഴം വരുന്നു. അപ്പോൾ തരംതാണ ശാരീരികേച്ഛയിൽനിന്ന് മരണത്തിന്റെ സ്ഥാനംവരെ എത്തിക്കഴിഞ്ഞിട്ടുള്ള തന്റെ ഈ ദാസനെ അല്ലാഹു ദൈവജ്ഞാനത്തിന്റേയും സ്നേഹത്തിന്റേയും ജീവിതംകൊണ്ട് പുനരുജ്ജീവിപ്പിക്കുന്നു. തന്റെ അമാനുഷികമായ അടയാളങ്ങളാൽ ആത്മീയതയുടെ അത്ഭുതങ്ങൾ അവന് കാണിച്ചുകൊടുക്കുന്നു. വ്യക്തിഗതമായ സ്നേഹത്തിന്റെ പിന്നിന്റെ പിന്നിലുള്ള ആകർഷണം അവന്റെ മനസ്സിൽ നിറയ്ക്കുന്നു. അവനെ ലോകത്തിന് മനസ്സിലാക്കാൻസാധിക്കുകയില്ല. ആ അവസ്ഥയിലാണ് അവന് പുതിയ ജീവിതം കിട്ടിയെന്ന് പറയുന്നത്; അതുകഴിഞ്ഞാൽ മരണമില്ല.

അതിനാൽ ഈ പുതിയ ജീവിതം തികഞ്ഞ മഅ്രിഫത്തും(ഈശ്വരജ്ഞാനം) തികഞ്ഞ സ്നേഹവും കൊണ്ടാണ് ലഭിക്കുന്നത്. സമ്പൂർണമായ മഅ്രിഫത്ത് അല്ലാഹുവിന്റെ അമാനുഷികമായ അടയാളങ്ങളാലാണ് കരസ്ഥമാകുന്നത്. മനുഷ്യൻ ഈ പരിധിവരെ എത്തുമ്പോഴാണ് അവന് അല്ലാഹുവിന്റെ സത്യമായ ഭാഷണത്തിന്റേയും സംബോധനയുടേയും ഭാഗ്യം ലഭിക്കുന്നത്. എന്നാൽ, ഈ ലക്ഷണവും മൂന്നാമത്തെ നിലയിലെ ലക്ഷണം കൂടാതെ സംതൃപ്താർഹമാകുകയില്ല. കാരണം സമ്പൂർണമായ മനഃപരിശുദ്ധി ഒരു മറഞ്ഞ കാര്യമാണ്. അതുകൊണ്ട് വ്യർഥമായി സംസാരിക്കുന്ന ഓരോരുത്തരും അത്തരം വാദം പുറപ്പെടുവിക്കുന്നതാണ്.

സത്യസന്ധനായ വെളിപാടുകാരന്റെ (മുൽഹം) മൂന്നാമത്തെ ലക്ഷണം ഇതാണ്. ഏതൊരു വാക്യത്തെയാണോ അത് അല്ലാഹുവിൽനിന്നാണെന്ന് അയാൾ പറയുന്നത്, അതിനുമേൽ അല്ലാഹുവിന്റെ നിരന്തരമായ കർമങ്ങൾ സാക്ഷിയാകേണ്ടതുണ്ട്. അതായത് എത്രത്തോളം ലക്ഷണങ്ങൾ അതിനെ പിന്തുണച്ചുകൊണ്ട് വെളിപ്പെടണമെന്നാൽ, ശുദ്ധമായ ബുദ്ധി അക്കാര്യം നിരസിക്കപ്പെട്ടതായി മനസ്സിലാക്കണം; അതായത് ഇത്രമാത്രം അടയാളങ്ങളുണ്ടായിട്ടും അത് ദൈവവചനമല്ലെന്ന്! ഈ അടയാളം യഥാർഥത്തിൽ എല്ലാ അടയാളങ്ങളെക്കാളും ഉപരിയായിട്ടുള്ളതാണ്. കാരണം ആരുടെയെങ്കിലും നാവിലൂടെ വരുന്ന ഒരു വചനം അല്ലെങ്കിൽ ആരെങ്കിലും വാദത്തോടെ ഇൽഹാമെന്ന് പറഞ്ഞ് അവതരിപ്പിച്ച വചനം അത് അതിന്റെ അർഥത്തിന്റെ അടിസ്ഥാനത്തിൽ വിശുദ്ധഖുർആന്റെ വിവരണത്തിന് വിരുദ്ധമാകാതിരിക്കുക എന്നതും സംഭാവ്യമാണ്. മറിച്ച് അതിനനുസൃതമാകാം. എന്നാലും അത് ഏതെങ്കിലും കെട്ടിച്ചമയ്ക്കുന്നവന്റെ കെട്ടിച്ചമയ്ക്കലാകാം. എന്തുകൊണ്ടെന്നാൽ ബുദ്ധിമാനായ ഒരു മുസ്ലിം എന്നാൽ അയാൾ കെട്ടിയുണ്ടാക്കി പറയുന്നയാളാണ്, തീർച്ചയായും വിശുദ്ധഖുർആനെതിരിൽ ഒരു വചനവും ഇൽഹാം എന്ന നിലയിൽ അവതരിപ്പിക്കാതിരിക്കാൻ ശ്രമിക്കുന്നതാണ്. അങ്ങനെയായാൽ അയാൾ ആക്ഷേപത്തിന് കുറിമാനമായിത്തീരുമല്ലോ. അത് മനസ്സിലുണ്ടാകുന്ന തോന്നൽ പുറത്തുവന്നതാകാനും സാധ്യതയുണ്ട്. അതായത് മനസ്സിൽനിന്ന് ഒരു വചനം നാവിലൂടെ വരുന്നു. പകൽ പുസ്തകങ്ങൾ വായിക്കുന്ന ഭൂരിഭാഗം കുട്ടികളുടെ നാവിൽനിന്നും രാത്രിയിൽ അതേ വാക്യങ്ങൾ പുറത്തുവരുന്നതുപോലെ! ചുരുക്കത്തിൽ ഇൽഹാം എന്ന വാദത്തോടെ സമർപ്പിക്കപ്പെടുന്ന ഏതെങ്കിലും വചനം വിശുദ്ധഖുർആന് അനുസൃതമായി വരികയെന്നത് ദൈവവചനമാണെന്നതിന് ഖണ്ഡിതമായ തെളിവല്ല. ഒരു വചനം അതിന്റെ അർഥങ്ങളുടെ അടിസ്ഥാനത്തിൽ ദൈവവചനത്തിന് എതിരല്ലാതാകാനും പിന്നെ അത് ഏതെങ്കിലും കറ്റുകെട്ടുകാരന്റെ കറ്റുകെട്ടാകാനും സാധ്യതയില്ലേ? കാരണം ഒരു കറ്റുകെട്ടുകാരന് വളരെ സുഗമമായി ഈ കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നതാണ്; അതായത് വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ച് ഒരു വാക്യം അവതരിപ്പിക്കാൻ അവനു കഴിയും. അത് തന്നിൽ ഇറങ്ങിയ ദൈവവചനമാണെന്ന് പറയാനും സാധിക്കും. അത് ഒന്നുകിൽ ഉപബോധമനസ്സിൽനിന്ന് വന്ന വാക്യമായിരിക്കും. അല്ലെങ്കിൽ ശയ്ത്വാന്റെ വചനമായിരിക്കും.

ഇപ്രകാരംതന്നെയാണ് രണ്ടാമത്തെ നിബന്ധനയും. അതായത് താൻ ആത്മാവിനെ ശുദ്ധീകരിച്ചവനാണെന്നും ഇൽഹാം ലഭിക്കുന്നുവെന്നും പറയുന്നതും തൃപ്തികരമല്ല. പ്രത്യുത ഒരു മറഞ്ഞ കാര്യമാണത്. തങ്ങളുടെ ആത്മാവ് ശുദ്ധീകരിക്കപ്പെട്ടതാണെന്നും തങ്ങൾ അല്ലാഹുവിനോട് സ്നേഹം വച്ചുപുലർത്തുന്നവരാണെന്നും അശു

ദ്ധരായ ധാരാളമാളുകളുകൾക്കും വാദമുന്നയിക്കാൻ കഴിയും. ആരാണ് സത്യവാദിയെന്നും ആരാണ് അസത്യവാദിയെന്നും എഴുപ്പത്തിൽ വിധി പറയുക എന്ന കാര്യവും സുഗമമായതല്ല. ഇക്കാരണത്താലാണ് പല പുതിയ ആളുകളും, യഥാർഥത്തിൽ ആത്മാവിനെ ശുദ്ധീകരിച്ചിട്ടുള്ളവർക്കെതിരെ അപരാധം പറഞ്ഞു പരത്തിയിട്ടുള്ളത്; ഇക്കാലത്തെ പാതിരിമാർ നമ്മുടെ സയ്യിദ് വ മൗലാ നബി(സ)തിരുമേനിയുടെമേൽ അപരാധം പറഞ്ഞുപരത്തുന്നതുപോലെ! നഊദുബില്ലാഹ്. അവർ പറയുന്നു: അവിടന്ന് സ്ത്രീലംബടനായിരുന്നുവെന്ന്. അവരുടെ ആയിരക്കണക്കിന് പത്രമാസികകളിലും പത്രങ്ങളിലും ഗ്രന്ഥങ്ങളിലും ഇത്തരം അപരാധങ്ങൾ കാണാവുന്നതാണ്. ഇതുപോലെതന്നെയാണ് യഹൂദികളും. അവർ ഹദ്റത്ത് ഈസാ(അ)യുടെമേൽ പലതരത്തിലുള്ള അപരാധങ്ങളും ഉന്നയിക്കാറുണ്ട്. കുറച്ചുകാലം മുമ്പേ ഞാനൊരു യഹൂദിയുടെ ഗ്രന്ഥം കണ്ടു. അതിൽ ഈ അവിശുദ്ധമായ ആക്ഷേപം ഉണ്ടായിരുന്നുവെന്ന് മാത്രമല്ല നഊദുബില്ലാഹ് ഹദ്റത്ത് ഈസായുടെ ജനനം അവിശുദ്ധമായ നിലയിലായിരുന്നുവെന്നും പറഞ്ഞിരിക്കുന്നു. എന്നല്ല അവിടത്തെ പെരുമാറ്റത്തിൽപോലും വൃത്തികെട്ട ആക്ഷേപമാണ് ഉന്നയിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ സന്നിധിയിൽ വന്നിരുന്ന സ്ത്രീകളോടു വളരെ മോശമായ നിലയിൽ പെരുമാറിയത്രെ! വൃത്തികെട്ട സ്വഭാവക്കാരായ ശത്രുക്കൾ, ഇത്തരം പരിശുദ്ധവും ശുദ്ധഗതിക്കാരുമായ ആളുകളെ കാമവെറിയന്മാരെന്നും പറഞ്ഞിട്ടുണ്ട്. ഇതിൽനിന്ന് മനസ്സിലാക്കാം ആത്മശുദ്ധീകരണത്തിന്റെ സ്ഥാനം ശത്രുക്കളുടെമേൽ പ്രകടമാകുക എന്നത് എത്രമാത്രം ദുഷ്കരമാണെന്ന്. ആര്യസമാജക്കാർ അല്ലാഹുവിന്റെ എല്ലാ നബിമാരേയും ചതിയന്മാരും ഭോഗലോലുപരുമായാണ് മനസ്സിലാക്കിയിരുന്നത്; അവരുടെ കാലഘട്ടം വഞ്ചനയുടേയും ചതിയുടേയും കാലമായിരുന്നുവത്രെ!

പക്ഷേ, മൂന്നാമത്തെ ലക്ഷണം അതായത് ഇൽഹാമിനോടും വഹ്‌യോടുമൊപ്പം സാക്ഷ്യമായി അല്ലാഹുവിന്റെ ഒരു കർമവും ഉണ്ടാകും. ഇത് ആർക്കും പൊട്ടിച്ചെറിയാൻ പറ്റാത്ത സമ്പൂർണമായ ലക്ഷണമാണ്. ഈ ലക്ഷണം മുഖേനയാണ് അല്ലാഹുവിന്റെ സത്യവാനായ നബി കള്ളവാദികളുടെമേൽ വിജയം വരിച്ചുകൊണ്ടിരുന്നത്. കാരണം തന്നിൽ അല്ലാഹു വചനമിറക്കുന്നുവെന്ന് വാദിക്കുന്ന വ്യക്തിക്ക് അതിനെ സാക്ഷ്യപ്പെടുത്തുന്ന നൂറുക്കണക്കിന് അടയാളങ്ങൾ വെളിപ്പെടുകയും ആയിരക്കണക്കിന് തരത്തിലുള്ള സഹായങ്ങളും ദൈവികപിന്തുണയും ലഭിക്കുകയും ചെയ്യുന്നു. അയാളുടെ ശത്രുക്കളുടെമേൽ അല്ലാഹുവിന്റെ പരസ്യമായ ആക്രമണം ഉണ്ടാകുന്നു. പിന്നെ അയാൾ കള്ളനാണെന്ന് പറയാൻ ആർക്കാണ് അവകാശമുള്ളത്? എന്നാൽ, അഹോ കഷ്ടം. ലോകത്ത് ഈ നാശത്തിൽ അകപ്പെട്ടുപോകുന്ന ധാരാളം അത്തരക്കാരുണ്ട്. ഉപബോധമനസ്സിന്റെ എന്തെങ്കിലും തോന്നലോ ശയ്ത്വാന്റെ ദുർബോധനമോ അവർക്കുണ്ടായാൽ അതിനെ അല്ലാഹുവിന്റെ വചനമായി മനസ്സിലാക്കുന്നു. കർമപരമായ സാക്ഷ്യത്തെ വകവെക്കുന്നതേയില്ല.

അതേ. ആർക്കെങ്കിലും ഒന്നോ ഒറ്റയോ ആയ നിലയിൽ സത്യസ്വപ്നം ഉണ്ടാകുകയോ അല്ലെങ്കിൽ ഇൽഹാം ഉണ്ടാകുകയോ ഉണ്ടായാൽത്തന്നെ, അയാളെ ദൈവനിയോഗിതനെന്ന് പറയാൻ പറ്റുകയില്ല. ശരീരേച്ഛയുടെ അന്ധകാരങ്ങളിൽനിന്ന് പരിശുദ്ധനാണെന്നും പറയാൻ പറ്റില്ല. മറിച്ച്, ഇത്തരം സ്വപ്നങ്ങളിലും ഇൽഹാമുകളിലും ഏകദേശം എല്ലാവരും പങ്കാളികളാണ്. ഇത് ഒരു വസ്തുവുമല്ല. ഇടയ്ക്കിടെ സ്വപ്നത്തിന്റെ അല്ലെങ്കിൽ ഇൽഹാമിന്റെ ഈ ബീജം മനുഷ്യപ്രകൃതിയിൽ വെച്ചിട്ടുള്ളത്, ബുദ്ധിമാനായ മനുഷ്യൻ അല്ലാഹുവിന്റെ തിരഞ്ഞെടുക്കപ്പെട്ട ദൈവദൂതരുടെമേൽ തെറ്റായ ധാരണ വെച്ചുപുലർത്താതിരിക്കാനാണ്. വഹ്‌യുടേയും ഇൽഹാമിന്റേയും ബീജം എല്ലാ മനുഷ്യരുടേയും പ്രകൃതിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാനാണ്. പിന്നെ അതിന്റെ സമ്പൂർണമായ അഭിവൃദ്ധിയെ നിഷേധിക്കുക വിഡ്ഢിത്തമാണ്.

എന്നാൽ, അല്ലാഹുവിന്റെ പക്കൽ 'മുൽഹം' എന്നും 'മുകല്ലം' എന്നും പറയപ്പെടുന്നവരും ഭാഷണത്തിന്റെയും സംബോധനയുടേയും സൗഭാഗ്യം ലഭിച്ചിട്ടുള്ളവരും ദൈവത്തിലേക്ക് ക്ഷണിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെടുമ്പോൾ അവരെ സഹായിക്കാനും അല്ലാഹുവിന്റെ അടയാളം മഴപോലെ പെയ്യുന്നു. ലോകത്തിന് അതിനെ നേരിടാൻ കഴിയുകയില്ല. ദൈവത്തിന്റെ കർമം അതിന്റെ ആധിക്യത്തോടുകൂടി സാക്ഷ്യം വഹിക്കുന്നു. അദ്ദേഹം സമർപ്പിക്കുന്ന വചനം ദൈവവചനമാണ്. ഇൽഹാമുണ്ടാകുമെന്ന് വാദിക്കുന്നവൻ ഈ ലക്ഷണം മുന്നിൽവെക്കുകയാണെങ്കിൽ അവൻ ഈ ഫിത്നയിൽനിന്ന് രക്ഷപ്പെടുന്നതായിരിക്കും.

തന്നെ പിന്തുണച്ചുകൊണ്ട് അല്ലാഹുവിന്റെ അടയാളങ്ങൾ എത്രത്തോളം വെളിപ്പെടുന്നുവെന്നും എത്രത്തോളം അയാൾക്ക് സഹായമുണ്ടായെന്നും സാധാരണക്കാരെ അപേക്ഷിച്ച് അയാൾക്ക് എന്ത് വ്യത്യാസമാണ് പ്രദാനം ചെയ്യപ്പെട്ടതെന്നുമുള്ള കാര്യത്തിൽ ഇലാഹി ബഖ്ശ് കുറച്ചു ചിന്തിച്ചിരുന്നെങ്കിൽ അയാൾ നാശത്തിൽ അകപ്പെടുമായിരുന്നില്ല. ഇപ്പോൾ വളരെ വിഷമത്തോടെ പറയേണ്ടിവരുന്നു അയാൾ തന്റെ മരണത്തിനുശേഷം കളവിന്റേയും കറ്റുകെട്ടിന്റേയും കൂമ്പാരം തന്നെയാണ് വിട്ടുംവെച്ചുപോയത്. 'തന്റെ ജീവിതത്തിൽതന്നെ ഈ വ്യക്തി പ്ലേഗ് ബാധിച്ച് മരിക്കുമെന്നും അയാളുടെ എല്ലാ ജമാഅത്തും ചിന്നഭിന്നമായി പോകുമെന്നും' എന്നെ സംബന്ധിച്ച് അയാൾ ഇൽഹാം അതവരിപ്പിച്ചിരുന്നു. പക്ഷേ, അയാൾ സ്വയം പ്ലേഗ് ബാധിച്ച് മരിച്ചതാണ് നേരിൽ കണ്ടത്. എന്റെ നാശം കാണാത്തിടത്തോളം താൻ മരിക്കുകയില്ലെന്നായിരുന്നു അയാളുടെ വാദം. എന്നാൽ, അയാളുടെ വ്യാജമായ ഇൽഹാമിനുശേഷം പല ലക്ഷങ്ങൾവരെ എന്റെ അനുയായികൾ വർധിച്ചതായി അയാൾ സ്വന്തം കണ്ണുകൊണ്ട് കണ്ടു. അത്തരം ഇൽഹാം അയാൾ പ്രസിദ്ധീകരിക്കാൻ തുടങ്ങിയപ്പോൾ എന്റെ ജമാഅത്തിന്റെ അംഗസംഖ്യ നാല്പതിലധികമായിരുന്നില്ല. പി ന്നീട് നാലുലക്ഷംവരെ എത്തി. തന്റെ പരാജയം എല്ലാവിധത്തിലും കാണാതെ അയാൾ മരിച്ചില്ല; എന്റെ വിജയവും. എനിക്കെതിരെ എതിരാളികൾ കൊടുത്തിരുന്ന എല്ലാ ഓരോ കേസിലും തന്റെ വ്യാജമായ ഇൽഹാമുകൾ മുഖേന അയാൾ വിചാരിച്ചിരുന്നത് ഞാൻ ശിക്ഷിക്കപ്പെട്ട് വേദനാജനകമായ നരകത്തിൽ അകപ്പെടുമെന്നായിരുന്നു. അങ്ങനെതന്നെയാണ് അയാൾക്ക് ഇൽഹാം ഉണ്ടായിരുന്നതും. അവ അയാൾ തന്റെ സുഹൃത്തുക്കളിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ, അല്ലാഹു എല്ലാ ഓരോ കേസിലും ആദരവോടുകൂടി എന്നെ സ്വതന്ത്രനാക്കിക്കൊണ്ടിരുന്നു. അവസാനം കഠിനമായ പരാജയത്തോടെ അയാൾ മരിക്കുന്നു. അയാൾക്ക് പ്ലേഗ് ബാധിക്കുകയും മരണം മുന്നിൽ കാണുകയും ചെയ്തപ്പോൾ തനിക്കുണ്ടായ എല്ലാ ഇൽഹാമുകളും ശയ്ത്വാനിയായിരുന്നുവെന്ന് അയാൾ മനസ്സിലാക്കിയിട്ടുണ്ടാകും എന്നതിൽ സംശയമില്ല. താൻ തെറ്റിലായിരുന്നുവെന്ന് ആ നേരത്ത് അയാൾക്ക് ഓർമ വന്നിട്ടുണ്ടാകും. ഇത്രമാത്രം വഞ്ചിക്കപ്പെട്ടിട്ടും എനിക്ക് വരുമെന്ന് പറഞ്ഞ പ്ലേഗിൽ താൻതന്നെ അകപ്പെടുന്നത് കണ്ടിട്ടും എന്റെ വിജയങ്ങളെ തന്റെ അവസാനനിമിഷത്തിൽ ഭാവനയിൽ കൊണ്ടുവന്നും അയാൾ തന്റെ ആദ്യ അവസ്ഥയിൽതന്നെ നിലനിന്നുവെന്ന് കരുതുന്നത് ബുദ്ധിപരമാകുകയില്ല.

(തുടരും)


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad**

പേജ് 1 ൽ നിന്ന്

ഇസ്‌ലാമിന്റെ ശത്രുക്കളെ ഗാംഭീര്യത്തോടെ പ്രതിരോധിക്കുന്ന ഒരു ഫൈൽവാൻ ജന്മം കൊണ്ടിരിക്കുന്നതിൽ അവർ അല്ലാഹുവിന് നന്ദി പറഞ്ഞു. യാഥാർഥ്യമെന്താണെന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസ്‌ലാമിന്നെതിരിൽ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങളെ പ്രതിരോധിക്കുക മാത്രമല്ല ചെയ്തിരുന്നത്, പ്രത്യുത ഇസ്‌ലാം സത്യമാണെന്നതിനുള്ള ഖണ്ഡിതമായ തെളിവുകളെടുത്ത് ശത്രുക്കളുടെമേൽ എത്രമാത്രം ശക്തമായ ആക്രമണം നടത്തിയെന്നാൽ എതിരാളികൾ അബോധാവസ്ഥയിലായിപ്പോയി. വിദ്യാസമ്പന്നരായ മുസ്‌ലിം വീടുകളിൽ ബറാഹീനെ അഹ്മദിയ്യാ അത്യാവശ്യമാണെന്ന് കരുതാൻ തുടങ്ങി. ഉലമാ അതിന് ഗംഭീരിയമായ റിവ്യു എഴുതി.

അഹ്‌ലെ ഹദീഥ് കക്ഷിക്കാരുടെ പ്രസിദ്ധ നേതാവും പിൽക്കാലത്തെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ കുപ്രസിദ്ധ ശത്രുവായിരുന്ന മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവി എഴുതി:"കഴിഞ്ഞ 1400 വർഷത്തിന്നിടയിൽ ഇതിനു തുല്യമായ ഗ്രന്ഥം രചിക്കപ്പെട്ടിട്ടില്ല. ശക്തമായ നിലയിൽ അന്യമതക്കാരോടു പോരാട്ടം കാണപ്പെടുന്ന ഇങ്ങനെയൊരു ഗ്രന്ഥമുണ്ടെങ്കിൽ അത് നമുക്കൊന്നു കാണിച്ചു തരിക."

ലുധിയാനയിലെ സ്വൂഫീവര്യനായ അഹ്മദ് ജാൻസാഹിബും ശക്തമായ അവലോകനം നടത്തി. അദ്ദേഹം തന്റെ ഒരു കവിതയിലെഴുതി:

**ഹം മരീളോം കി ഹെ തും ഹീ പെ നള്ർ**
**തും മസീഹാ ബനോ ഖുദാ കേലിയേ**

ബറാഹീനെ അഹ്മദിയ്യായുടെ സവിശേഷതയ്ക്കും അതിന്റെ ശ്രേഷ്ഠതയ്ക്കും അതിനുള്ള മറുപടിക്കുംവേണ്ടി 10000 രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളിയെ സംബന്ധിച്ച ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുറച്ചു നിർദേശങ്ങൾ താഴെ കൊടുക്കുകയാണ്:

## 10000 രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളി:

"അല്ലാഹു ഈയുള്ളവനെ ഇക്കാലഘട്ടത്തിൽ സൃഷ്ടിക്കുകയും നൂറുക്കണക്കിന് ദിവ്യദൃഷ്ടാന്തവും അമാനുഷികതയും ഈശ്വരീയ ജ്ഞാനവും നല്കിക്കൊണ്ട് ശതക്കണക്കിന് ബുദ്ധിപരവും ഖണ്ഡിതവുമായ തെളിവുകൾ പ്രദാനം ചെയ്ത് തീരുമാനിച്ചിട്ടുള്ളത്, വിശുദ്ധ ഖുർആനിന്റെ യഥാർഥമായ അധ്യാപനങ്ങളെ എല്ലാ ജനതയിലും രാജ്യത്തും നടപ്പിൽ വരുത്തി ന്യായപൂർത്തി വരുത്തുക എന്നതാണ്. ഈ തീരുമാനം കാരണത്താൽ ഉദാരനായ ദൈവം ഈയുള്ളവന് അതിനുള്ള തൗഫീഖ് നല്കിയിരിക്കുന്നു. അതിനാൽ ഇത്മാമൻ ലിൽഹുജ്ജ 10000 രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം ഈ ഗ്രന്ഥത്തോടൊപ്പം ചേർത്തിരിക്കുന്നു. ശത്രുക്കളുടേയും എതിരാളികളുടേയും സാക്ഷ്യം കൊണ്ട് ദൈവികാടയാളം സമർപിക്കപ്പെട്ടിരിക്കുന്നു. അതിനെ എതിർക്കാനും നേരിടാനും എല്ലാ എതിരാളികളേയും സംബോധന ചെയ്തിരിക്കുകയാണ;ന്യായപൂർത്തീകരണത്തിന്റെ ഒരുപഴുതും ഒഴിഞ്ഞുപോകാതിരിക്കാൻ.' (ബറാഹീനെ അഹ്മദിയ്യാ, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 596, അടിക്കുറിപ്പ്)

## സത്യനിഷേധികളുടെ ജീവിതം ഈ ഗ്രന്ഥം കയ്പുള്ളതാക്കിത്തീർക്കുന്നു

ഈ ഗ്രന്ഥത്തിന്റെ സവിശേഷത എന്നു പറയുന്നത് ഇതിൽ ശത്രുക്കളുടെ അനുചിതമായ ഒഴികഴിവുകളെല്ലാം അകറ്റുന്നതിനും തന്റെ ന്യായ പൂർത്തീകരണം അവരിൽ പൂർത്തിയാക്കുന്നതിനും നല്ലവണ്ണം ഏർപാടു ചെയ്യപ്പെട്ടിരിക്കുന്നവെന്നതാണ്. അതായത് ഇതിനോടൊപ്പം സത്യനിഷേധികൾ ഒരു വിധ ഒഴികഴിവും തന്ത്രവും പറഞ്ഞ് പിന്മാറിപോകാതിരിക്കാൻ 10000 രൂപ ഇനാം പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ വിജ്ഞാപനം എത്രമാത്രം ഭാരമാണ് ഇട്ടിരിക്കുന്നതെന്നാൽ അതിൽനിന്ന് പിന്മാറുക എന്നത് ഖിയാമത്തുന്നാൾവരെ അവർക്ക് സാധ്യമല്ല. എന്നുമാത്രമല്ല ഇത് അവരുടെ നിഷേധാത്മകമായ ജീവിതത്തെ എത്രമാത്രം കയ്പുള്ളതാക്കിയെന്നാൽ അവരുടെ മനസ്സ് അത് അറിയുന്നുണ്ടാകും! ചുരുക്കത്തിൽ ഈ ഗ്രന്ഥം അങ്ങേയറ്റം ആവശ്യവും സത്യന്വേഷകർക്ക് അനുഗ്രഹവുമാണ്. ഇതുമുഖേന യഥാർഥ ഇസ്‌ലാമിന്റെ യാഥാർഥ്യം സൂര്യനുതുല്യം വ്യക്തമാകുകയും തിളക്കമാർന്നതാകുകയും ചെയ്തിരിക്കുന്നു. ആ പരിശുദ്ധ ഗ്രന്ഥത്തിന്റെ തേജോവിലാസവും ഗാംഭീര്യവും തുറക്കപ്പെട്ടിരിക്കുന്നു. അതിനോടൊപ്പം ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിന്റെ ആദരവും മഹത്ത്വവും ബന്ധിക്കപ്പെട്ടിരിക്കുന്നു.'(Ibid പേജ് 9)

## ഇസ്‌ലാമിന്റേയും ഇസ്‌ലാംമതസ്ഥാപകരുടേയും വിശുദ്ധഖുർആനിന്റേയും സത്യസാക്ഷ്യം വെളിപ്പെട്ടു.

ഈ ഗ്രന്ഥം രചിച്ചതിന്റെ ഉദ്ദേശ്യം... സത്യമതമായ ഇസ്‌ലാമിന്റെ സത്യസന്ധതയ്ക്കുള്ള തെളിവുകളും വിശുദ്ധഖുർആനിന്റെ യാഥാർഥ്യത്തിനുള്ള പ്രമാണങ്ങളും ഹദ്റത്ത് ഖാത്തമുൽ അമ്പിയാ(സ)ന്റെ പ്രവാചകത്വത്തിന്റെ സത്യത്തിന്റെ കാരണങ്ങളും എല്ലാവരിലും വ്യക്തമായി വെളിപ്പെടുത്തുക എന്നതായിരുന്നു. ഇപ്രകാരംതന്നെ ഈ കെട്ടുറപ്പുള്ള ദീനിനേയും പരിശുദ്ധ ഗ്രന്ഥത്തേയും വ്യതദാസനായ നബി(സ)തിരുമേനിയേയും നിഷേധിക്കുന്നവർക്ക്, തികവുറ്റതും ബുദ്ധിപരമായിട്ടുള്ളതുമായ മാർഗം മുഖേന ഭാവിയിൽ ഒരിക്കലും ഇസ്‌ലാമിന്നെതിരിൽ ശബ്ദമുയർത്താൻ പറ്റാത്തവിധം അവർക്ക് വായടപ്പൻ മറുപടി നല്കുകയുംവേണം എന്നതാകുന്നു. (Ibid പേജ് 23)

## നിരർഥമായ മതം അറുത്തിടപ്പെട്ടു; ഇനി ഒരിക്കലും ജീവിക്കുകയില്ല

'ശക്തമായ 300 തെളിവുകൾ ഉദ്ധരിച്ച് രചിക്കപ്പെട്ടിട്ടുള്ള ബറാഹീനെ അഹ്മദിയ്യ എന്ന ഗ്രന്ഥം എതിരാളികളുടെ എല്ലാ ഓരോ നിരർഥമായ വിശ്വാസാദർശങ്ങളേയും, അറുത്തിടപ്പെട്ടതുപോലെ ഒരിക്കലും ജിവിക്കാൻ പറ്റാത്തവിധം വേരോടെ പിഴുതെടുക്കപ്പെട്ടിരിക്കുകയാണ്.'(Ibid പേജ് 134)

## ഇതിനുള്ള മറുപടി ലോകാവസാനംവരെ നല്കാൻ സാധ്യമല്ല

'ഈ ഗ്രന്ഥം സത്യേന്വേഷകർക്ക് ഒരു ഒരു സുവാർത്തയും ഇസ്‌ലാമിനെ നിഷേധിക്കുന്നവർക്ക് ദൈവികമായ ഒരു ന്യായപൂർത്തീകരണവുമാണ്. ഇതിന്റെ മറുപടി ലോകാവസാനംവരെ അവർക്ക് നല്കാൻ സാധ്യമല്ല. ഇക്കാരണത്താലാണ് ഇതിനോടൊപ്പം 10000 രൂപയുടെ ഒരു സമ്മാനവിജ്ഞാപനവും ചേർക്കപ്പെട്ടിരിക്കുന്നത്; ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ നിഷേധിക്കുന്നവരുടേയും ശത്രുക്കളുടേയുംമേൽ ന്യായപൂർത്തീകരണം ഉണ്ടാകുന്നതിനും അവരുടെ നിരർഥ ചിന്താഗതികളുടേയും വ്യാജമായ വിശ്വാസങ്ങളുടുംമേൽ ഊറ്റവും അഹങ്കാരവും കൊള്ളാതിരിക്കുന്നതിനുംവേണ്ടി.' (Ibid പേജ് 83)

## ഈ ഗ്രന്ഥം ഇസ്‌ലാമിന് മഹത്തായ വിജയമാണ്

'ദീനിന്റെ അജ്ഞതകൊണ്ട് പരന്നിട്ടുള്ള കുഴപ്പങ്ങളുടെ പരിഷ്കരണ പ്രചാരണം ദീനിന്റെ അറിവുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. അതിനാൽ ഈ ഉദ്ദേശ്യം സമ്പൂർണമായും പൂർത്തീകരിക്കുന്നതിനുവേണ്ടി ഞാൻ 'ബറാഹീനെ അഹ്മദിയ്യ' എഴുതിയിരിക്കുന്നു. ഈ ഗ്രന്ഥത്തിൽ എത്രമാത്രം ശക്തിയോടെയാണ് ഇസ്‌ലാമിന്റെ സത്യത്തിനുള്ള തെളിവുകൾ കാണിക്കപ്പെട്ടിരിക്കുന്നതെന്നാൽ അതുമുഖേന എന്നെന്നേക്കുമായി വാദവിവാദത്തിന്റെ അന്ത്യം മഹത്തായ വിജയത്തോടുകൂടി നടക്കുന്നതായിരിക്കും.'(Ibid പേജ് 269)

## ഈ ഗ്രന്ഥത്തെ നേരിടുന്നതിന് പുറപ്പെടാൻ എല്ലാ ആളുകളോടും അഭ്യർഥിക്കുകയാണ്

'ഈ ഗ്രന്ഥത്തെ നേരിടുന്നതിന് പുറപ്പെട്ടുവരാൻ അല്പംപോലും അമാന്തിക്കരുതെന്ന് എല്ലാവരോടും അഭ്യർഥിക്കുകയാണ്. പ്ലാറ്റോ ആകുക, ബേക്കന്റെ അവതാര പ്രവാഹമായ അരിസ്റ്റോട്ടിലിന്റെ നിരീക്ഷണവും ചിന്തയും കൊണ്ടുവരിക. നിങ്ങളുടെ കൃത്രിമ ദൈവങ്ങളുടെമുമ്പിൽ സഹായത്തിന് കൈകൂപ്പുക എന്നിട്ട് നോക്കുക, നമ്മുടെ ദൈവമാണോ അതല്ല നിങ്ങളുടെ വ്യർഥമായ ദൈവങ്ങളാണോ വിജയിക്കുന്നതെന്ന്! ഇതിനു മറുപടി നല്കാത്തിടത്തോളം ചന്തകളിൽ അറിവില്ലാത്ത ആളുകളുടെ മുമ്പിൽ ഇസ്‌ലാമിനെ കളവാക്കുക എന്നത് അല്ലെങ്കിൽ ഹിന്ദുക്കളുടെ അമ്പലങ്ങളിൽ ഇരുന്ന് വേദം ഈശ്വരകൃതമാണെന്നും സത്യവിദ്യയാണെന്നും മറ്റെല്ലാ പ്രവാചകന്മാരും കറ്റുകെട്ടുകാരാണെന്ന് വിവരിക്കുന്നതും ലജ്ജയില്ലായ്മ എന്ന് മനസ്സിലാക്കുക.' (Ibid പേജ് 56)

## മഹത്തായ 'ബറാഹീനെ അഹ്മദിയ്യാ'യുടെ 6 മഹത്തായ നേട്ടങ്ങൾ

(1) മതപരമായ പ്രധാന സംഗതികൾ എഴുതിയിട്ടുള്ള ഈ ഗ്രന്ഥം, അപൂർണവിവരണമല്ല. മതജ്ഞാനങ്ങളുടെ തത്ത്വസംഹിതകളും ഉന്നതമായ എല്ലാ യാഥാർഥ്യങ്ങളും സകല സത്യസാക്ഷ്യങ്ങളും അടങ്ങിയതിന്റെ മൊത്തത്തിലുള്ള പേരാണ് ഇസ്‌ലാം. അതെല്ലാം ഇതിൽ എഴുതപ്പെടുകയും രേഖപ്പെടുകയും ചെയ്തിട്ടുണ്ട്.

(2) യഥാർഥ ഇസ്‌ലാമിന്റേയും അതിന്റെ തത്ത്വസംഹിതകളുടേയം 300 ഖണ്ഡിതവും പ്രബലവുമായ തെളിവുകളടങ്ങിയതാണ് ഈ ഗ്രന്ഥം. ഇതു വായിക്കുന്നതുകൊണ്ട് ഈ കെട്ടുറപ്പുള്ള ദീനിന്റെ സത്യസാക്ഷ്യം ഓരോ സത്യാന്വേഷിയിലും വെളിപ്പെടുന്നതായിരിക്കും.

(3) യഹൂദി, ക്രിസ്ത്യാനി, അഗ്നി ആരാധകൻ, ആര്യസമാജക്കാരൻ, ബ്രഹ്മസമാജക്കാരൻ, ബിംബാരാധകൻ, നിരീശ്വരവാദി, പ്രകൃതിവാദി, ഇബാഹത്തി(നിഷിദ്ധമായതിനെ അനുവദനീയമാണെന്ന് മനസ്സിലാക്കുന്നവൻ) നിർമതവാദി തുടങ്ങിയ എത്രയെത്രയാളുകൾ നമുക്കെതിരിൽ ശത്രുതവച്ചു പുലർത്തുന്നവരായിട്ടുണ്ടോ അവർക്കെല്ലാമുള്ള മറുപടി ഇതിലുണ്ട്.

(4) നാലാമത്തെ നേട്ടം എന്നു പറയുന്നത് ഇതിൽ ഇസ്‌ലാമിനെ താരതമ്യം ചെയ്ത് ഇസ്‌ലാമിന്റെ ശത്രുക്കളുടെ അടിസ്ഥാനപരമായതത്ത്വസംഹിതകളിലും തികഞ്ഞ ഗവേഷണത്തോടും സൂക്ഷനിരീക്ഷണത്തോടും

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

കൂടി ബുദ്ധിപരമായ നിലയിൽ ചർച്ചചെയ്യപ്പെട്ടിരിക്കുന്നു എന്നതാണ്.

(5) ഈ ഗ്രന്ഥംകൊണ്ടുള്ള അഞ്ചാമത്തെ നേട്ടം ഇതു വായിക്കുന്നതുകൊണ്ട് യാഥാർഥ്യങ്ങളും ദൈവജ്ഞാനങ്ങളും മനസ്സിലാകും എന്നതാണ്. ഈ പരിശുദ്ധ ഗ്രന്ഥത്തിന്റെ തത്ത്വജ്ഞാനവും ദൈവജ്ഞാനവും- അതിൽ നിന്നാണ് ഇസ്‌ലാമിന്റെ പ്രകാശം നിർഗളിക്കുന്നത്- എല്ലാവരിലും വെളിപ്പെടുന്നതായിരിക്കും.

(6) ആറാമത്തെ നേട്ടം എന്നു പറയുന്നത് ഈ ഗ്രന്ഥത്തിന്റെ ചർച്ചകളെ അങ്ങേയറ്റം മാധുര്യത്തോടും മനോഹരമായും തെളിവുകളുടെ സ്വാദോടെ എന്നാൽ, വളരെ എളുപ്പമായ നിലയിൽ തികഞ്ഞ സവിശേഷതയോടും ഉചിതമായും ആസ്വാദ്യകരമായും വിവരിക്കപ്പെട്ടിരിക്കുന്നുവെന്നതാണ്. ഇത് എങ്ങനെയുള്ള മാർഗമാണെന്നാൽ, അത് അറിവുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും ചിന്തകൾക്കും വീക്ഷണത്തിനും ശക്തി പകരുന്നതിനുള്ള ഒരു ഉന്നത മാർഗമായിരിക്കും.(Ibid പേജ് 129 - 131)

### ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹീ എന്ന പ്രവചനം 'ബറാഹീനെ അഹ്മദിയ്യാ'യിലൂടെ പുലർന്നു

ഉദാരവാനായ അല്ലാഹു പ്രത്യേകമായ കാരണഹേതുക്കൾകൊണ്ട് ഈയുള്ളവനെ പ്രത്യേകപ്പെടുത്തിയിരിക്കുന്നു. പ്രബോധന സേവനത്തിന്റെ പൂർത്തീകരണത്തിന് അങ്ങേയറ്റം നിർണയിക്കപ്പെട്ടതും സഹായകരവുമായ കാലത്താണ് ഈയുള്ളവനെ സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ട് അവൻ തന്റെ ശ്രേഷ്ഠതകളും കാരുണ്യവുംകൊണ്ട് *ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹീ* എന്ന് ലോകാരംഭമുതൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സുവിശേഷവും നല്കി. ഇപ്രകാരംതന്നെ *വല്ലാഹു മുത്തിമ്മു നൂരിഹീ* എന്നതിന്റെ സാക്ഷാത്കാരവും ഈയുള്ളവനാണ്. അല്ലാഹു ഈ തെളിവുകളേയും പ്രമാണങ്ങളേയും എതിരാളികൾക്കുവേണ്ടി ഈയുള്ളവൻ എഴുതിയിട്ടുള്ള എല്ലാ കാര്യങ്ങളേയും എതിരാളികൾവരെ എത്തിക്കുന്നതായിരിക്കും. അവരുടെ അശക്തിയും മറുപടി ഇല്ലായ്മയും പരാജയപ്പെടലും ലോകത്ത് വെളിപ്പെടുത്തി ഉപര്യുക്ത ആയത്തിന്റെ അർഥം പൂർത്തിയാക്കുന്നതായിരിക്കും. *ഫഅൽഹംദുലില്ലാഹി അലാ ദാലിക്* (Ibid പേജ് 597 അടിക്കുറിപ്പ്)

പ്രിയപ്പെട്ട വായനക്കാരേ!'ബറാഹീന അഹ്മദിയ്യാ' എന്ന ഗ്രന്ഥത്തിന് ഖിയാമത്തുന്നാൾവരെ മറുപടി എഴുതാൻ കഴിയുകയില്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ട് 140 വർഷം കഴിഞ്ഞിരിക്കുന്നു. ആരും അതിന് മറുപടി നല്കിയിട്ടില്ല. ഇനി ഖിയാമത്തുന്നാൾവരെ അതിനൊട്ട് ആർക്കും സാധിക്കുകയമില്ല.

**(മൻസ്വൂർ അഹ്മദ്, ഉർദു ബദ്ർ പത്രാധിപർ)**

---

പേജ് 7 ൽ നിന്ന് ⤵

പ്രതിനിധികൾ എഴുതുകയും കേൾപ്പിക്കുകയും പിന്നീട് അവർ സംഘാടകസമിതിക്ക് ഏല്പിക്കുകയും ചെയ്ത അതേ ഉപന്യാസങ്ങൾ. അതുപോലെതന്നെ തികച്ചും അതുപോലെതന്നെ പ്രസിദ്ധീകരിക്കപ്പെട്ടു. എന്നാൽ, എന്തു പറയാനാണ് മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിക്കും അയാളുടെ ബുദ്ധിക്കും വിവേകത്തിനും അദ്ദേഹം റിപ്പോർട്ട് പ്രസിദ്ധീകരിച്ചതോടെ മുറവിളികൂട്ടാൻ തുടങ്ങി; അദ്ദേഹത്തിന്റെ പേരിൽ പ്രസിദ്ധീകരിക്കപ്പെട്ട ഉപന്യാസം അദ്ദേഹത്തിന്റേതല്ലത്രെ!

മൗലവി സാഹിബിന്റെ ഉദ്ദേശ്യവും ലക്ഷ്യവും ഈ ആക്ഷേപത്തിൽനിന്ന് പ്രകടമാണ്; മത്സരത്തിലേറ്റ പരാജയം മറച്ചുവെക്കുക എന്നതായിരുന്നു. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ഈ പ്രവൃത്തി 'പാപം ചെയ്യാനുള്ള ഒഴികഴിവ് കൂടുതൽ നിന്ദ്യമായ പാപത്തിന്നിരയാക്കുന്നു' എന്ന ചൊല്ല് അന്വർഥമാക്കുന്നതായിരുന്നു. അത് സംഘാടകർക്ക് നല്ലവണ്ണം മനസ്സിലായി. അങ്ങനെ സംഘാടകർ മൗലവി സാഹിബിന്റെ ഈ മുറവിളിയേയും അപശ്രുതിയേയും ശ്രദ്ധാർഹമായി മനസ്സിലാക്കിയില്ല. ഇപ്രകാരം മൗലവി സാഹിബിന്റെ രഹസ്യം ഒളിച്ചുവെക്കുന്നതിനു പകരം കൂടുതൽ വെളിച്ചത്താകുകയാണ് ഉണ്ടായത്. അതുമുഖേന മൗലാനാ സാഹിബ് കത്തിക്കരിഞ്ഞ് ചാമ്പലായി. ഈ അഗാധമായ മുറിവുകൊണ്ട് അസ്വസ്ഥമായി. അതകറ്റാൻ അദ്ദേഹത്തിന് സാധ്യമായിരുന്നില്ല. കാരണം മാനുഷികമായ ഉപായങ്ങൾ അതിനെ നന്നാക്കിയെടുക്കാൻ അത് മനുഷ്യകരം കൊണ്ടായിരുന്നില്ല! യാഥാർഥ്യമിതായിരുന്നു, അദ്ദേഹത്തിന്റെ പരാതി ശരിയായിരുന്നെങ്കിൽ എന്തുകൊണ്ട് അദ്ദേഹം തന്റെ ശരിയായ ഉപന്യാസം പ്രസിദ്ധീകരിച്ച് സംഘാടകരുടെ ഈ വഞ്ചനയെ അലംനശ്റഹ് ആക്കി കാണിച്ചില്ല.

(20). സ്വാമി ശകുൻ ചന്ദർ സാഹിബ്, അദ്ദേഹം മുഖേനയാണല്ലോ അല്ലാഹു ഈ മഹത്തായ ദൃഷ്ടാന്തം, സത്യസാക്ഷ്യത്തിനുള്ള അടയാളത്തിന്റെ പ്രകടനത്തിനുള്ള സാഹചര്യമൊരുക്കിയത്, സമ്മേളനത്തിന്റെ എല്ലാ പരിപാടികൾക്കുമിടയിലും പിന്നീട് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതുവരെ കാണുകയും ആശ്ലേഷിക്കുകയും വരികയും പോകുകയും ചെയ്തുകൊണ്ടിരുന്നു. പിന്നെ അദ്ദേഹം എവിടെപോയെന്ന് അറിയില്ല. അതായത് ദൈവത്വത്തിന്റെ ശക്തമായ കൈ അദ്ദേഹത്തെ ഈ സേവനത്തിനായി ഖാദിയാനിൽ കൊണ്ടുവന്നതായിരുന്നു. പിന്നീട് ആദ്യത്തെപോലെ അദ്ദേഹം അപ്രത്യക്ഷനായി.

**നോട്ട്**: ഹദ്റത്ത് മുൻശി ജലാലുദ്ദീൻ സാഹിബ് ബിലാനവിയും ഹദ്റത്ത് മീർജി സിറാജുൽഹഖ് സാഹിബ് നുഅ്മാനിയും രിള്‌വാനുല്ലാഹി അലയ്ഹിം രണ്ടു മഹാത്മാക്കളുടെയും കൈകൊണ്ടെഴുതിയ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പകർത്തെഴുത്ത് കോപ്പി, ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി ഈ ജൽസയിൽ വായിച്ചുകേൾപ്പിച്ചത് ഇന്നും എന്റെ കൈയിൽ സുരക്ഷിതമാണ്. എന്നാൽ, ഈ പരിശുദ്ധവും വിലപിടിച്ചതുമായ അമാനത്തിന്റെ സൂക്ഷിപ്പിന്റെ കടമ നിറവേറ്റാൻ എനിക്ക് കെൽപില്ലാതായി. അതുകൊണ്ട് സാമൂഹികമായ അമാനത്താണെന്ന് മനസ്സിലാക്കി അത് സയ്യിദുനാ ഖമറുൽ അമ്പിയാ ഹദ്റത്ത് സാഹിബ് സാദ ആലിമഖാം മിർസാ ബശീർ അഹ്മദ് സാഹിബ് സല്ലമഹു റബ്ബഹുവിനെ ഏല്പിക്കുകയാണ്. അദ്ദേഹം അത്തരം ജോലികൾക്ക് അവകാശിയും അർഹനുമാണ്. സ്ഥാപിതമാകാൻ പോകുന്ന ദേശീയമ്യൂസിയത്തിൽവെച്ച് അത് വരുംതലമുറകളുടെ ദൈവവിശ്വാസത്തിന് ശക്തിയിലും ആധിക്യത്തിലും ഈശ്വരജ്ഞാനത്തിലും അഭിവൃദ്ധിക്കുള്ള മാർഗമായിത്തീരുന്നതിനുവേണ്ടി! ഫഖത്വ്

**അബ്ദുർറഹ്മാൻ ഖാദിയാനി.**

---

ബദർ വീക്കിലി ഖാദിയാൻ Weekly BADAR Qadian Malayalam
The Weekly BADR Qadian
(Malayalam)
https://www.akhbarbadrqadian.in/

പേജ് 2 ൽ നിന്ന് ⤵

ഹിബ്രുവിലും അത് 'നബി' എന്നാണ് ഉച്ചരിക്കപ്പെടുക. പ്രവചനവരം ദൈവത്തിൽനിന്ന് അനുഗ്രഹിച്ചരുളപ്പെട്ട ആളെന്ന അർഥത്തിൽ 'നബഅ' എന്ന ശബ്ദത്തിൽനിന്ന് നിഷ്പന്നമാണിത്. പുതിയൊരു നിയമം ആവാഹിക്കുകയോ കൊണ്ടുവരികയോ ചെയ്യുക എന്നത് പ്രവാചകത്വത്തിന്റെ സമാന ശബ്ദമല്ല. പരോക്ഷജ്ഞാന രഹസ്യങ്ങൾ ഒരാൾക്ക് വെളിപ്പെടുത്തപ്പെടുന്നതിന് കാരണമായിത്തീരുന്ന ദൈവികമായ വരദാനം മാത്രമാണ്. 150 ഓളം പ്രവചനങ്ങളുടെ വ്യക്തമായ പൂർത്തീകരണത്തിന് ഞാൻതന്നെ സാക്ഷ്യം വഹിച്ചിരിക്കെ ഒരു പ്രവാചകനെന്നോ ദൈവദൂതനെന്നോ എന്നെ വിളിക്കുന്നതിന് ഞാനെന്തിന് മടിക്കണം. ഈ നാമം ദൈവംതന്നെയാണ് എന്നിൽ അനുഗ്രഹിച്ചരുളിയത്. അത് തിരസ്കരിക്കാൻ ഞാനാര്? ദൈവത്തിനെതിരിൽ ഞാനാരെയെങ്കിലും എന്തിനു ഭയപ്പെടണം? എന്നെ എഴുന്നേല്പിച്ചവനാരോ തന്നെപറ്റി കളവുകൾ കറ്റുകെട്ടി പറയുന്നവന്റെമേൽ ഏതൊരുവൻ ശാപങ്ങൾ ചൊരിയുമോ അവനെ സാക്ഷിനിറുത്തിക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു, അവൻതന്നെയാണ് എന്നെ വാഗ്ദത്ത മസീഹായി നിയോഗിച്ചയച്ചിട്ടുള്ളത്. എനിക്കുണ്ടായ വ്യക്തമായ വെളിപാടുകളിൽ എനിക്കുള്ള ഈമാനിനെക്കാൾ ഉറപ്പിലും അജയ്യതയിലും തരിമ്പോളവും കുറഞ്ഞതല്ലതാനും. ദൈവം എന്നിൽ ഇറക്കുമാറായ വെളിപാടുകളുടെ സത്യാവസ്ഥ അവൻ കാണിച്ച തുടരെത്തുടരെയുള്ള ദൃഷ്ടാന്തങ്ങളിലൂടെ പ്രത്യക്ഷമായി കഴിഞ്ഞിട്ടുള്ളതുമത്രെ. എനിക്ക് ഇറങ്ങിക്കൊണ്ടിരിക്കുന്ന വിശുദ്ധങ്ങളായ വെളിപാടുകൾ മൂസാനബിയ്ക്കും ഈസാനബിയ്ക്കും നബി മുഹമ്മദ് മുസ്തഫാ(സ)തിരുമേനിക്കും തന്റെ വചനമിറക്കിയ അതേ അല്ലാഹുവിന്റെ വചനം തന്നെയാണെന്ന് വിശുദ്ധ കഅ്ബയിലെ പരിപവിത്രമായ തിരുസ്ഥാനങ്ങളിൽനിന്നുകൊണ്ട് അല്ലാഹുവിനെ ആണയിട്ട് പ്രഖ്യാപിക്കുവാൻ എനിക്ക് ഒരു വിരോധവുമില്ല. എന്റെ വാദങ്ങളുടെ സത്യത്തിന് ഭൂമി സാക്ഷ്യം വഹിച്ചിരിക്കുന്നു. ആകാശവും സാക്ഷ്യം വഹിച്ചിരിക്കുന്നു. ഞാൻ ഭൂമിയിൽ ദൈവത്തിന്റെ ഖലീഫ(പ്രതിനിധി)തന്നെയെന്ന് ഭൂമിയും ആകാശവും പ്രഖ്യാപിക്കുകയും പ്രഘോഷിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, പൂർവ കാലങ്ങളിലെ പ്രവചനങ്ങളിൽ പറയപ്പെട്ട പ്രകാരം ഞാൻ തള്ളപ്പെടേണ്ടതുണ്ടായിരുന്നു! അതുകൊണ്ട് ഹൃദയത്തിൽ മറയുള്ളവൻ എന്നെ കൈക്കൊള്ളുകയില്ല. എന്നാൽ, മുൻകാലങ്ങളിൽ തന്റെ ദൂതന്മാരെ എന്നും സഹായിച്ചിട്ടുള്ളതുപോലെ അവൻ എന്നേയും സഹായിക്കുകതന്നെ ചെയ്യുമെന്ന് എനിക്ക് ദൃഢബോധ്യം വന്നിട്ടുമുണ്ട്. എനിക്കെതിരിൽ നിൽക്കാൻ കഴിയുന്നവൻ ആരും തന്നെയില്ല. എന്തുകൊണ്ടെന്നാൽ അവർക്ക് ദൈവികമായ സഹായം ലഭിക്കുന്നതല്ല." *(ഏക് ഗലത്വീ കാ ഇസാല, റൂഹാനീ ഖസാഇൻ വാള്യം 18, പേജ് 208)*

---

AL ISLAM
Al Islam - Official website of Ahmadiyya Muslim Community